# കേരള മുദ്രപ്പത്രനിയമം -1959

www.eaadharam.in

# 1959 -ലെ കേരള മുദ്രപ്പത്ര നിയമം

*(1959 ലെ 17-ാം ആക്റ്റ്)*

(2019 ജൂലൈ 19-ാം തീയതി നിലവിലുള്ള പ്രകാരം)

**e-mail: eaadharam.in@gmail.com**

*ഇതിൽ പറയുന്ന വിവരങ്ങളുടെ ആധികാരികത ബന്ധപ്പെട്ട ഫിനാൻസ് ആക്റ്റ്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സംബന്ധിച്ച് ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളോ നാശനഷ്ടങ്ങളോ ഉണ്ടായാൽ അതിന് ഈ രേഖ തയ്യാറാക്കിയവർ ഉത്തരവാദികളാകുന്നതല്ല.*

# 1959-ലെ കേരള മുദ്രപ്പത്ര നിയമം

(1959 - ലെ 17-ാം ആക്ട്)

ഉള്ളടക്കം

**വകുപ്പുകൾ** **പേജ്**

## അദ്ധ്യായം 1

## പ്രാരംഭം

### (എ) കരണങ്ങൾ മുദ്രവിലയ്ക്കുൾപ്പെടുന്നതിനെപറ്റി


1.ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും ---------------------------------------------------------------------- 1

2.നിർവ്വചനങ്ങൾ ---------------------------------------------------------------------------------------------- 1


## അദ്ധ്യായം 2

## മുദ്രവിലകൾ

### (എ) കരണങ്ങൾ മുദ്രവിലയ്ക്കുൾപ്പെടുന്നതിനെപറ്റി


3.മുദ്രവില ചുമത്തത്തക്ക കരണങ്ങൾ ---------------------------------------------------------------------- 7

4. വിക്രയത്തിന്റെയോ, പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കാര്യത്തിലുള്ള ഒറ്റ ഇടപാടിൽ ഉപയോഗിക്കുന്ന വിവിധ കാരണങ്ങൾ.-------------------------------------------------- 7

5. വെവ്വേറെയുള്ള പല കാര്യങ്ങൾക്കു സംബന്ധിക്കുന്ന കരണങ്ങൾ ------------------------------ 8

6.പട്ടികയിലെ പലതരം വിവരണങ്ങളിലും ഉൾപ്പെടുന്ന കരണങ്ങൾ.------------------------------- 8

7.ചില കരണങ്ങളുടെ സംഗതിയിൽ കൂടുതൽ മുദ്രവില കൊടുക്കൽ. -------------------------------- 8

8.വായ്പകളിന്മേൽ നൽകപ്പെടുന്ന ബോണ്ടുകളോ മറ്റ് ഉറപ്പു പത്രങ്ങളോ. -------------------------- 9

9. മുദ്രവില കുറയ്ക്കാനോ, വിട്ടുകൊടുക്കാനോ, മൊത്തത്തുകയാക്കാനോ ഉള്ള അധികാരം. ------ 10


### (ബി) മുദ്രകളെയും അവ ഉപയോഗിക്കേണ്ടുന്ന സമ്പ്രദായത്തേയും പറ്റി


10. മുദ്രവില ഏങ്ങനെ അടയ്ക്കണമെന്ന്. ----------------------------------------------------------------- 10

10.എ. ഒരു സ്റ്റോക്ക് എക്സ്ചേഞ്ചിലേയോ കമ്മോഡിറ്റി എക്സ്ചേഞ്ചിലേയോ ഒരംഗത്താലോ

അതിന്റെ ഇടനിലക്കാരനാലോ ഉള്ള മുദ്രവില കുറയ്ക്കൽ ------------------------------------------ 11

10.ബി. കേന്ദ്ര റെക്കോർഡ് സൂക്ഷിപ്പ് ഏജൻസിയുടെ നിയമനം ------------------------------------ 11

11. ഒട്ടു മുദ്രകൾ ഉപയോഗിക്കൽ. ------------------------------------------------------------------------------ 11

12. ഒട്ടു മുദ്ര റദ്ദാക്കൽ ---------------------------------------------------------------------------------------- 12

12. എ. ഇ-മുദ്ര റദ്ദാക്കൽ ------------------------------------------------------------------------------------ 12

13. അടിച്ച മുദ്രയുള്ളതോ ഇ-മുദ്രയുള്ളതോ ആയ കരണങ്ങൾ എങ്ങനെ എഴുതണമെന്ന്----- 12

14. ഒരു മുദ്രസാധനത്തിന്മേൽ ഒരു കരണം മാത്രമേ എഴുതിക്കൂടുവെന്ന്. ---------------------------- 13

15. 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ വിപരീതമായി എഴുതുന്ന കരണം മുദ്ര പതിക്കാ
ത്തതായി കരുതപ്പെടുമെന്ന്. ------------------------------------------------------------------------ 13

16. മുദ്രവില കാണിക്കൽ. ---------------------------------------------------------------------------------- 13

## (സി) കരണങ്ങൾക്ക് മുദ്ര പതിക്കാനുള്ള സമയത്തെപ്പറ്റി

17. കേരള സംസ്ഥാനത്തുവച്ച് എഴുതികൊടുക്കുന്ന കരണണങ്ങൾ --------------------------------- 13

18. ഇന്ത്യയ്ക്കു പുറമേ വച്ച് എഴുതികൊടുക്കുന്ന കരണങ്ങൾ --------------------------------------------- 13

19. കേരള സംസ്ഥാനത്തു വർദ്ധിച്ച മുദ്രവില ചുമത്തുവാനിടയുള്ള ചില കരണങ്ങളിന്മേൽ മുദ്ര
വില കൊടുക്കൽ. ------------------------------------------------------------------------------------ 14

## (ഡി) മുദ്രസല നിശ്ചയിക്കുന്നതിനെപ്പറ്റി

20. വിദേശനാണ്യങ്ങളിൽ പറഞ്ഞിരിക്കുന്ന സംഖ്യ ഈ രാജ്യത്തിലെ നാണ്യത്തിലാക്കൽ. --- 14

21. സ്റ്റോക്കുപത്രങ്ങളും വിൽക്കാവുന്ന ഉറപ്പുപത്രങ്ങളും വിലമതിക്കേണ്ടത് എങ്ങനെയെന്ന്. --- 14

22. നാണയവിനിമയ നിരക്കോ ശരാശരി വിലയോ പറഞ്ഞിരിക്കുന്നതിന്റെ ഫലം. -------------` 14

23. പലിശവച്ചുള്ള കരണം. ------------------------------------------------------------------------------ 14

24. വിക്രയം ചെയ്യാവുന്ന ഉറപ്പുപത്രങ്ങളുടെ പണയങ്ങളെ സംബന്ധിച്ചുള്ള ചില കരണ

ങ്ങൾക്ക് ഉടമ്പടിയെ പോലെ മുദ്രവില ചുമത്തണമെന്ന്. ------------------------------------------ 14

25. ഒരു കടത്തെ പ്രതിഫലമാക്കിയോ മേലിൽ പണം അടയ്ക്കുന്നത് അനുസരിച്ചോ മറ്റോ ചെയ്യുന്ന കൈമാറ്റാധാരത്തിന് എങ്ങനെ മുദ്രവില ചുമത്തണമെന്ന്. -------------------------- 15

26. വർഷാശനത്തിന്റെയും മറ്റും കാര്യത്തിൽ സല നിശ്ചയിക്കൽ. ---------------------------------- 16

27. കാര്യസാധനത്തിന്റെ സല നിശ്ചയിക്കാൻ പാടില്ലാത്തപ്പോൾ മുദ്ര. --------------------------- 17

28. മുദ്രവിലയെ ബാധിക്കുന്ന സംഗതികൾ കരണത്തിൽ കാണിക്കണമെന്ന്. -------------------- 18

28(എ). ഭൂമിവിലയുടെ ന്യായവില നിജപ്പെടുത്തൽ. ---------------------------------------------------- 18

28(ബി).ഫ്ലാറ്റുകളുടെ/അപ്പാർട്ടുമെന്റുകളുടെ മൂല്യനിർണ്ണയം. ------------------------------------------ 20

28(സി).ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം. ---------- 20

29. ചില തീറാധാരങ്ങളുടെ കാര്യത്തിൽ മുദ്രവിലയെപ്പറ്റിയുള്ള നിർദ്ദേശം. ------------------------ 20

(ഇ) മുദ്രവില ആര് അടയ്ക്കണമെന്ന്

30. മുദ്രവില ആര് അടയ്ക്കണമെന്ന്. ---------------------------------------------------------------------- 22

30എ. മുദ്രവിലയിന്മേൽ സർച്ചാർജ്ജ് ഇല്ല. ------------------------------------------------------------ 23

## അദ്ധ്യായം 3

## മുദ്രകളുടെ കാര്യത്തിൽ തീർപ്പ്

31. ശരിയായ മുദ്രയെപ്പറ്റി തീർപ്പ്. ---------------------------------------------------------------------- 23

32. കളക്ടറുടെ സർട്ടിഫിക്കറ്റ് -------------------------------------------------------------------------------- 24

## അദ്ധ്യായം 4

## ശരിയായ മുദ്രപതിച്ചിട്ടില്ലാത്ത കരണങ്ങൾ

33. കരണങ്ങൾ പരിശോധിക്കലും ബന്തവസ്സിൽ വയ്ക്കലും. -------------------------------------------- 25

33 എ. ചില സംഗതികളിൽ കുറവായി നൽകിയ മുദ്ര ഈടാക്കൽ ---.- ----------------------------- 26

34. ശരിയായി മുദ്ര പതിച്ചിട്ടില്ലാത്ത കരണങ്ങൾ തെളിവിൽ സ്വീകരിച്ചുകൂടെന്നും മറ്റും. ---------- 27

35. കരണം സ്വീകരിക്കുന്നത് എപ്പോൾ ആക്ഷേപിക്കാൻ പാടില്ലെന്ന്. ----------------------------- 28

36. ശരികേടായി മുദ്ര പതിച്ച കരണങ്ങൾ സ്വീകരിക്കൽ. ---------------------------------------------- 28

37. ബന്തവസ്സിലാക്കിയ കരണങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന്. ----------------------- 28

38. 37-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അടച്ച പിഴ മടക്കിക്കൊടുക്കാൻ കളക്ടറുടെ അധികാരം. ---------------------------------------------------------------------------------------------- 28

39. ബന്തവസ്സിൽ വച്ച കരണങ്ങളിൽ മുദ്ര പതിക്കാൻ കളക്ടർക്കുള്ള അധികാരം. ---------------- 29

40. യാദൃശ്ചികമായി വേണ്ടപോലെ മുദ്ര പതിക്കാത്ത കരണങ്ങൾ. ---------------------------------- 30

41. 34, 39, 40 ഈ ഏതെങ്കിലും വകുപ്പ് പ്രകാരം മുദ്രവില അടച്ച കരണങ്ങളിന്മേൽ പുറത്തെഴുത്ത്. ---------------------------------------------------------------------------------------------- 30

42. മുദ്രപത്രനിയമത്തിന് എതിരായ കുറ്റത്തിന് പ്രോസിക്യൂഷൻ നടത്തൽ. ----------------------- 31

43. മുദ്രവിലയോ പിഴയോ അടയ്ക്കുന്നവർക്ക് ചില സംഗതികളിൽ അത് വസൂലാക്കാവുന്നതാണെന്ന്. ---------------------------------------------------------------------------------------------- 31

44. ചില സംഗതികളിൽ പിഴയോ കൂടുതലായി അടച്ച മുദ്രവിലയോ മടക്കി കൊടുക്കുന്നതിന് ഗവൺമെന്റിനോ മറ്റ് നിർദ്ദിഷ്ട അധികാര സ്ഥാനത്തിനോ ഉള്ള അധികാരം ------- 31

45. 37-ാം വകുപ്പ് പ്രകാരം അയച്ച കരണങ്ങൾ നഷ്ടപ്പെട്ടാലുള്ള നിരുത്തരവാദിത്വം. ----------- 32

45എ. ഭൂമിയുടെ ന്യായവില അനുസരിച്ചുള്ള മതിയായ തുകയ്ക്കുള്ള സ്റ്റാമ്പ് അല്ലാതിരിക്കുമ്പോൾ കരണം എങ്ങനെ കൈകാര്യം ചെയ്യണമെന്ന്. --------------------------------------- 32

45ബി. വിലകുറച്ച് കാണിക്കുന്ന കരണങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്. ------------ 33

45സി. സർക്കാർ ഭൂമി വിലക്കുവാങ്ങുന്നത്. -------------------------------------------------------------- 34

45.ഡി. തിരുത്തൽ ആധാരത്തിന് ചുമത്താവുന്ന മുദ്രവില. -------------------------------------------- 35

46. മുദ്രവിലകളും പിഴവുകളും വസൂലാക്കൽ. ------------------------------------------------------------- 33

## അദ്ധ്യായം 5

## ചില സംഗതികളിൽ മുദ്രസാധനങ്ങൾക്ക് വകവച്ചു കൊടുക്കൽ

47. കേടുവന്ന മുദ്ര സാധനങ്ങൾക്ക് വകവച്ചു കൊടുക്കൽ --------------------------------------------- 36

48. 47-ാം വകുപ്പ് പ്രകാരം നിവൃത്തിക്ക് അപേക്ഷിക്കേണ്ടതെപ്പോഴെന്ന്. -------------------------- 37

49. ഏകാംഗയോഗങ്ങൾക്ക് മേലിൽ ആവശ്യമില്ലാത്ത അച്ചടി ഫാറങ്ങളുടെ കാര്യ.
ത്തിൽ വകവച്ചു കൊടുക്കൽ. -------------------------------------------------------------------------- 38

50. തെറ്റായി ഉപയോഗിച്ച മുദ്ര സാധനങ്ങൾ വകവച്ചു കൊടുക്കൽ. -------------------------------- 38

51. കേടുവന്നതോ തെറ്റായി ഉപയോഗിച്ചതോ ആയ മുദ്രകൾക്ക് വകവച്ചുകൊടുക്ക
ന്നത് എങ്ങനെയെന്ന്. ---------------------------------------------------------------------------------- 38

52. ഉപയോഗിപ്പാൻ ആവശ്യമില്ലാത്ത മുദ്രകൾക്ക് വകവച്ച് കൊടുക്കൽ. -------------------------- 39

53. അണകളുടെ തരങ്ങളിലുള്ള മുദ്രകൾക്ക് വകവെച്ച് കൊടുക്കൽ. --------------------------------- 39

## അദ്ധ്യായം 6

## അഭിപ്രായം ചോദിക്കലും പുന:പരിശോധനയും

54. ഗവൺമെന്റിന്റേയോ അല്ലെങ്കിൽ ഗവൺമെന്റ് നിർണ്ണയിച്ച മറ്റു അധികൃത
സ്ഥാനത്തിന്റെയോ നിയന്ത്രണവും കാര്യത്തിന്റെ വിവരം അതിന് അയയ്ക്കലും. --------------- 39

55. ഗവൺമെന്റോ ഗവൺമെന്റ് നിർണ്ണയിച്ച മറ്റ് അധികൃത സ്ഥാനമോ കാര്യ
ത്തിന്റെ വിവരം . ------------------------------------------------------------------------------------------ 40

56. വിവരിക്കപ്പെട്ട കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാൻ ഹൈക്കോടതിക്കുള്ള
അധികാരം. ------------------------------------------------------------------------------------------------------ 40

57. വിവരിക്കപ്പെട്ട കാര്യം തീർപ്പാക്കുന്നതിനുള്ള നടപടി. ---------------------------------------------- 40

58. മറ്റുകോടതികൾ കാര്യത്തിന്റെ വിവരം ഹൈക്കോടതിക്ക് അയയ്ക്കൽ -------------------------- 41

59. മുദ്രകളുടെ പര്യാപ്തതയെക്കുറിച്ച് കോടതികളുടെ ചില തീർപ്പുകളുടെ പുനപ്പരിശോധന ------- 41

## അദ്ധ്യായം 7

## ക്രിമിനൽ കുറ്റങ്ങളും നടപടിക്രമവും

60. ശരിയായി മുദ്ര പതിക്കാതെ കരണം എഴുതിക്കൊടുക്കുന്നതിനും മറ്റുമുള്ള ശിക്ഷ --------------- 42

61. ഒട്ടിച്ചിട്ടുള്ള മുദ്ര റദ്ദാക്കാതിരുന്നാലുള്ള ശിക്ഷ ---------------------------------------------------- 43

62. 28-ാം വകുപ്പിലെ വ്യവസ്ഥകളനുസരിക്കാതിരുന്നാലുള്ള ശിക്ഷ. ---------------------------------- 43

63. സർക്കാരാദായം വഞ്ചിച്ചെടുക്കുന്നതിനുള്ള ഉപായങ്ങൾക്കായുള്ള ശിക്ഷ. --------------------- 43

64. മുദ്ര സാധനങ്ങളുടെ വിൽപ്പനയെ സംബന്ധിച്ച ചട്ടം ലംഘിക്കുന്നതിനും

അനധികൃതമായ വിൽപ്പനയ്ക്കും ഉള്ള ശിക്ഷ. --------------------------------------------------------- 43

65. ശിക്ഷാ നടപടികൾ ബോധിപ്പിക്കലും നടത്തലും. ------------------------------------------------------- 44

66. മജിസ്ട്രേട്ടുമാരുടെ അധികാരപരിധി. ---------------------------------------------------------------- 44

67. വിചാരണസ്ഥലം ------------------------------------------------------------------------------------ 44

## അദ്ധ്യായം 8

## പൂർത്തീകരണ വ്യവസ്ഥകൾ

68. പുസ്തകങ്ങളും മറ്റും പരിശോധനയ്ക്ക് വയ്ക്കേണ്ടതാണ്.---------------------------------------------- 44

69. ചട്ടങ്ങൽ ഉണ്ടാക്കുവാനുള്ള അധികാരം. --------------------------------------------------------------- 45

70. കോർട്ട്ഫീസിനെ സംബന്ധിച്ചിടത്തോളമുള്ള ഒഴിവ്. --------------------------------------------- 45

71. ചില മുദ്രകളെ സംബന്ധിച്ചിടത്തോളമുള്ള ഒഴിവ്. ------------------------------------------------ 45

72. 1899 – ലെ ഇൻഡ്യൻ മുദ്രപ്പത്ര ആക്റ്റ് സംബന്ധിപ്പിക്കൽ. --------------------------------------- 46

73. റദ്ദാക്കലും, ഒഴിവും. --------------------------------------------------------------------------------- 46

**കേരള മുദ്രപ്പത്ര പട്ടിക.**----------------------------------------------------------------------------- 47

# 1959-ലെ കേരള മുദ്രപ്പത്ര നിയമം[¥]

*(1959 ലെ 17-ാം ആക്ട്)*

കേരള സംസ്ഥാനത്ത് മുദ്രപ്പത്രങ്ങളെ സംബന്ധിക്കുന്ന നിയമം ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ഒരു ആക്ട്.
കേരള സംസ്ഥാനത്ത് മുദ്രപ്പത്രങ്ങളെ സംബന്ധിക്കുന്ന നിയമം ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് യുക്തമായിരിക്കയാൽ;
ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പത്താം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടായിരിക്കുന്നു:-

## അദ്ധ്യായം 1

### പ്രാരംഭം

**1.ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും .-** (1) ഈ ആക്റ്റിന് 1959-ലെ കേരള മുദ്രപ്പത്രനിയമം എന്നു പേരു പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഗസറ്റിൽ പരസ്യം മൂലം സർക്കാർ നിശ്ചയിക്കാവുന്ന തീയതിക്ക് ഇത് നടപ്പിൽ വരുന്നതാണ്.#

**2.നിർവ്വചനങ്ങൾ:** ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റ് വിധത്തിൽ ആവശ്യമില്ലാത്തപക്ഷം.

(എ) **"ബോണ്ട്(കടപ്പത്രം)"** എന്നതിൽ -

(i) നിർണ്ണയിക്കപ്പെട്ട ഒരു പ്രവർത്തി അതതു സംഗതിപോലെ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്താൽ ബാദ്ധ്യത ഒഴിഞ്ഞുപോകുമെന്നുള്ള നിശ്ചയത്തിൻമേൽ ഒരാൾ മറ്റൊരാൾക്ക് പണം കൊടുക്കാൻ തന്നെ നിബന്ധനാക്കുന്ന വല്ല കരണവും;

(ii) ഒരു സാക്ഷി ഓപ്പിട്ടിരിക്കുന്നതും വരുതിപ്പടിക്കോ കൊണ്ടു ചെല്ലുന്ന ആൾക്കോ പണം കൊടുത്തു കൂടാത്തതുമായി ഒരാൾ മറ്റൊരാൾക്ക് പണം കൊടുക്കാൻ തന്നെ നിബന്ധനാക്കുന്ന വല്ല കരണവും;

(iii)അങ്ങനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും, ഒരാൾ മറ്റൊരാൾക്ക് ധാന്യമാകട്ടെ മറ്റു കാർഷികവിളവാകട്ടെ കൊടുക്കാൻ തന്നെ നിബന്ധനാക്കുന്നതുമായ വല്ല കരണവും ഉൾപ്പെടുന്നതാകുന്നു,

---

[¥] ഈ ആക്ടിന്റെ ഇംഗ്ലീഷ് പതിപ്പ് 09.06.1956 തീയതിയിലെ 52-ാം നമ്പർ കേരള ഗസറ്റിലും മലയാളം പതിപ്പ് 24.11.1956 തീയതിയിലെ 46 നമ്പർ കേരള ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതും 28.05.1959 തീയതിയിൽ ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

#16.08.1960 തീയതിയിലെ 33-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച ജി.1-13823/59-1/ റവന്യൂ ഉത്തരവ് പ്രകാരം 01.09.1960 മുതൽ പ്രാബല്യത്തിൽ വന്നു.

**(ബി) (മുദ്രവില) ”ചുമത്തത്തക്ക ”**

എന്നതിന് ഈ ആക്ട് നടപ്പായി വന്നതിനു ശേഷം എഴുതികൊടുത്തതോ ആദ്യം എഴുതി കൊടുത്തതോ ആയ ഒരു കരണത്തെ സംബന്ധിച്ചിടത്തോളം ഈ ആക്ട് പ്രകാരം മുദ്രവില ചുമത്തത്തക്കത് എന്നും; മറ്റ് വല്ല കരണത്തേയും സംബന്ധിച്ചിടത്തോളം ആ കരണം ഒപ്പിട്ടു കൊടുത്തപ്പോഴോ, പല ആളുകൾ ആ കരണം പലപ്പോഴായി ഒപ്പിട്ടുകൊടുത്തിരുന്നാൽ ആദ്യം ഒപ്പിട്ടുകൊടുത്തപ്പോഴോ കേരള സംസ്ഥാനത്തെ പ്രദേശങ്ങളിൽ നടപ്പുള്ള നിയമപ്രകാരം ചുമത്തത്തക്കത് എന്നും അർത്ഥമാകുന്നു.

**(സി)"കളക്ടർ"** എന്നതിന് ഒരു ജില്ലയുടെ റവന്യൂ ഭരണത്തിന്റെ ചാർജ്ജ് വഹിക്കുന്ന പ്രധാന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും, ഈ ആവശ്യാർത്ഥം ഗസറ്റിൽ പരസ്യം മൂലം സർക്കാർ നിശ്ചയിക്കാവുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ അതിൽ ഉൾപ്പെടുന്നതുമാകുന്നു.

[1][(ഡി) **"തീറാധാരം"** എന്നതിൽ

(i) വിക്രയാതീറാധാരം;

(ii) രണ്ടോ അതിലധികമോ കമ്പനികളുടെ ഏകീകരണത്തിന്റെ കരണം, അത് ദേശീയ കമ്പനി നിയമ ട്രൈബ്യൂണലിന്റെ ഉത്തരവിന് അനുസരണമായിട്ട് ആയിരുന്നാലും അല്ലെങ്കിലും,

(iii) 1949 -ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ 44എ വകുപ്പിൻ കീഴിൽ ഉള്ള ഉത്തരവിന് അനുസരണമായിട്ടുള്ള ഏകീകരണ കരണം;

(iv) ഇളകാത്തതോ ഇളകുന്നതോ ആയ വസ്തുവോ ഏതെങ്കിലും വസ്തുവിൽ ഉള്ള അവകാശമോ ജീവിച്ചിരിപ്പുള്ള ആളുകൾ തമ്മിൽ കൈമാറ്റം ചെയ്യുന്നതും പട്ടികയിൽ മറ്റു വിധത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും ആയ മറ്റേതൊരു കരണവും.ഉൾപ്പെടുന്നതാണ്, ]

**(ഇ) "ശരിയായി മുദ്രപതിച്ച്"** എന്നതിന് ഒരു കരണത്തെ സംബന്ധിച്ചിടത്തോളം ആ കരണത്തിൻമേൽ ശരിയായ മുദ്രവിലയിൽ കുറയാതെ [2][ഒട്ടിച്ചതോ അടിച്ചതോ ആയ മുദ്രയോ അല്ലെങ്കിൽ ഇ-മുദ്രയോ ഉണ്ടെന്നും] ആ മുദ്ര കേരള സംസ്ഥാന പ്രദേശങ്ങളിൽ തൽക്കാലം നടപ്പുള്ള നിയമം അനുസരിച്ച് പതിച്ചതോ ഉപയോഗിച്ചതോ ആണെന്നും അർത്ഥമാകുന്നു;

[3][(ഇ എ) **"ഇ-മുദ്ര"** എന്നാൽ കേരള സർക്കാർ മുദ്രവില ചുമത്തിയതായി സൂചിപ്പിക്കുന്നതിന് ഒരു ഇലക്ട്രോണിക് സംവിധാനം വഴി രൂപപ്പെടുത്തിയിട്ടുള്ള അച്ചടി മുദ്ര എന്ന് അർത്ഥമാകുന്നു]

---

1. 2016 ലെ 18-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

2. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ, **"ഒട്ടിച്ചതോ അടിച്ചതോ ആയ മുദ്രയുണ്ടെന്നും "** എന്നീ വാക്കുകൾക്ക് പകരം ചേർത്തത്.

3. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

(എഫ്) "**എഴുതികൊടുത്തു**" (Executed) എന്നും **"എഴുതിക്കൊടുക്കുക "(Execution)** എന്നുമുള്ള പദങ്ങൾ കരണങ്ങളെ സംബന്ധിച്ച് പ്രയോഗിക്കുമ്പോൾ അവയ്ക്ക് **"ഒപ്പിട്ടുകൊടുത്തു"** എന്നും **"ഒപ്പിട്ടുകൊടുക്കുക"** എന്നും അർത്ഥമാകുന്നു.

[1][വിശദീകരണം: "ഒപ്പിട്ട " " ഒപ്പ് "എന്നീ പദങ്ങളിൽ 2000 – ലെ വിവരസാങ്കേതിക വിദ്യ ആക്റ്റിലെ (2000 – ലെ 21-–ാം കേന്ദ്ര ആക്റ്റ്) 11-–ാം വകുപ്പിൽ വിശേഷിപ്പിച്ച പ്രകാരമുള്ള ഇലക്ട്രോണിക് റെക്കോർഡും ഉൾപ്പെടുന്നതാണ്.]

[2][**(എഫ് എ)**] [3]**"ഭൂമിയുടെ ന്യായവില"** എന്നതിന് 28(എ) എന്ന വകുപ്പ് പ്രകാരം നിജപ്പെടുത്തിയ ന്യായവില എന്നർത്ഥമാകുന്നു.

[3][**(എഫ് ബി) "കുടുംബം"** എന്നാൽ പിതാവ് ,മാതാവ് ,പിതാവിന്റെയോ മാതാവിന്റെയോ പിതാവ്, പിതാവിന്റെയോ മാതാവിന്റെയോ മാതാവ്, ഭർത്താവ്, ഭാര്യ, മകൻ, ദത്തുമകൻ, മകൾ, ദത്തുമകൾ, ചെറുമക്കൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നർത്ഥമാകുന്നു.

**(എഫ് സി)** അപ്പാർട്ട്മെൻറ് എന്നോ മറ്റ് ഏതെങ്കിലും പേരിലോ വിളിക്കപ്പെട്ടാലും " **ഫ്ലാറ്റ്**" എന്നാൽ താമസത്തിനായോ ഓഫീസായോ ഏതെങ്കിലും പ്രൊഫഷൻ പ്രാക്ടീസ് ചെയ്യുന്നതിനായോ ഏതെങ്കിലും തൊഴിൽ, കച്ചവടം അല്ലെങ്കിൽ വ്യാപാരം അല്ലെങ്കിൽ കരണത്തിൽ വിവരിക്കാവുന്ന പ്രകാരമുള്ള മറ്റ് സ്വതന്ത്ര ഉപയോഗം എന്നിവയ്ക്ക് ഉപയോഗിക്കുന്നതിനായി ഒരു ബഹുനില കെട്ടിടത്തിൽ ഒന്നോ അതിലധികമോ നിലകളിലോ, അതിന്റെ ഏതെങ്കിലും ഭാഗത്തോ സ്ഥിതിചെയ്യുന്ന അടച്ചുപൂട്ടപ്പെട്ട സ്ഥലമോ, അതിന്റെ ഭാഗമോ ഉൾപ്പെടെ, സ്വതന്ത്രമായ ഉപയോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതും പൊതു തെരുവ്, റോഡ്, ഹൈവേ അല്ലെങ്കിൽ അപ്രകാരമുള്ള പൊതു തെരുവ്, റോഡ് അല്ലെങ്കിൽ ഹൈവേയിലേക്ക് നയിക്കുന്ന പൊതുപ്രദേശത്തേക്ക് നേരിട്ട് പ്രവേശന മാർഗ്ഗമുള്ളതും, ഭൂമി / പൊതുപ്രദേശങ്ങൾ / സൗകര്യങ്ങൾ എന്നിവയിലെ അവിഭക്ത അവകാശത്തോടുകൂടിയതുമായ ഏതെങ്കിലും വസ്തു അല്ലെങ്കിൽ അതിന്റെ ഭാഗം എന്നർത്ഥമാകുന്നതും അതിൽ, ഏതെങ്കിലും ഗ്യാരേജോ, അപ്രകാരമുള്ള ഫ്ലാറ്റിന്റെ ഉടമസ്ഥന്, ഏതെങ്കിലും വാഹനം പാർക്ക് ചെയ്യുന്നതിനായോ അല്ലെങ്കിൽ അപ്രകാരമുള്ള ഫ്ലാറ്റിൽ ജോലിക്കായി നിയോഗിച്ചിട്ടുള്ള ഏതെങ്കിലും സഹായിയുടെ താമസത്തിനായോ, ഉപയോഗിക്കുന്നതിനായി പ്രമോട്ടർ നൽകിയ മുറിയോ (അപ്രകാരമുള്ള ഫ്ലാറ്റ് സ്ഥിതിചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ സമീപത്തായാലും അല്ലെങ്കിലും) ഉൾപ്പെടുന്നതുമാകുന്നു.]

---

1. 2019 ലെ 5 –ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

2.1994 ലെ 19–ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1994 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

3.2018 ലെ 5–ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ (എഫ് എഫ്) എന്ന ഖണ്ഡത്തെ (എഫ് എ) എന്ന് പുനരക്കമിടുകയും (എഫ് ബി) (എഫ് സി) എന്നിവ കൂട്ടി ചേർക്കുകയും ചെയ്തു.

**(ജി) "ഗവൺമെന്റ് ഉറപ്പുപത്രം"** എന്നതിന് സർക്കാർ കടത്തെ സംബന്ധിച്ച 1944 ലെ ആക്റ്റിൽ (1944-ലെ 18-ാംസെൻട്രൽ ആക്റ്റ്) നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു ഗവൺമെന്റ് ഉറപ്പുപത്രം എന്നർത്ഥമാകുന്നു.

**(എച്ച്) "അച്ചടി മുദ്ര"** എന്നതിൽ ---

(i) മതിയായ ഉദ്യോഗസ്ഥൻ ഒട്ടിച്ചതും അച്ചടിച്ചതുമായ മുദ്രകളും,

(ii) മുദ്രപത്രത്തിൻമേൽ പൊന്തിച്ചടിച്ചതോ കൊത്തിയതോ ആയ മുദ്രകളും ഉൾപ്പെടുന്നതാകുന്നു.

**(ഐ) "ഇൻഡ്യ"** എന്നതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെയുള്ള ഇൻഡ്യ പ്രദേശം എന്നർത്ഥമാകുന്നു.

**(ജെ) "കരണം"** എന്നതിൽ വല്ല അവകാശമോ ബാദ്ധ്യതയോ ഉണ്ടാക്കുകയോ കൈമാറ്റം ചെയ്യുകയോ, ക്ലിപ്തപ്പെടുത്തുകയോ, വ്യാപിപ്പിക്കുകയോ അവസാനിപ്പിക്കുകയോ, രേഖപ്പെടുത്തുകയോ ചെയ്യുന്നതാകട്ടെ, ചെയ്യുന്നതായി ഉദ്ദേശിക്കുന്നതാകട്ടെ ആയ എല്ലാ ആധാരവും ഉൾപ്പെടുന്നതും എന്നാൽ മാറ്റപത്രമോ, പ്രൊമിസറി നോട്ടോ, ഏറ്റമതി ബില്ലോ, കടപ്പത്രമോ, ഇൻഷ്വറൻസ് പോളിസിയോ, ഓഹരികൈമാറ്റമോ, ഡിബഞ്ചറോ, പ്രോക്സി എന്ന മുക്ത്യാറോ, രസീതോ ഉൾപ്പെടാത്തതുമാകുന്നു.

[1]വിശദീകരണം: *"പ്രമാണം "എന്ന പദത്തിൽ 2000 - ലെ വിവരസാങ്കേതിക വിദ്യ ആക്ടിലെ (2000 - ലെ 21-ാം കേന്ദ്ര ആക്റ്റ്) 2 -ാം വകുപ്പ് (1)-ാം ഉപ വകുപ്പിലെ (റ്റി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതൊരു ഇലക്ട്രോണിക് റെക്കോർഡും ഉൾപ്പെടുന്നതാകുന്നു.*

**(കെ) "ഭാഗപത്രം"** എന്നതിന് വല്ല മുതലിന്റെയും കൂട്ടുടമസ്ഥന്മാർ ആ മുതൽ വെവ്വേറെ ഭാഗിക്കുകയോ ഭാഗിക്കുവാൻ സമ്മതിക്കുകയോ ചെയ്യുന്നതിനുള്ള വല്ല കരണവും എന്നർത്ഥമാകുന്നതും, അതിൽ വല്ല റവന്യൂ അധികാരസ്ഥനോ ഏതെങ്കിലും സിവിൽ കോടതിയോ ഭാഗം ചെയ്യാൻ വിധിക്കുന്ന അവസാനമായ ഒരു ഉത്തരവും, ഭാഗം ചെയ്യാൻ വിധിക്കുന്ന ഒരു മദ്ധ്യസ്ഥതീർപ്പും ഉൾപ്പെടുന്നതുമാകുന്നു;

---

1. 2019 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

**(എൽ) "പാട്ടച്ചാർത്ത്"** എന്നതിന് ഇളകാത്ത മുതലിന്റെ ഒരു പാട്ടച്ചാർത്ത് എന്നർത്ഥമാകുന്നു.

അതിൽ----

(i) മാരായപാട്ടവും,

(ii) കാണപാട്ടവും,

(iii) ഇളകാത്ത മുതൽ കൃഷി ചെയ്യാനോ, കൈവശം വെയ്ക്കാനോ, അതിനു പാട്ടം അടയ്ക്കാനോ കൊടുക്കാനോ ഏൽക്കുന്ന രേഖാമൂലമായ ഒരു ഉടമ്പടിയോ മറ്റു കരാറോ അതും, (എന്നാൽ അത് ഒരു എതിർപാട്ടച്ചാർത്തല്ലാതിരിക്കണം.)

(iv) അബ്കാരി കുത്തകക്കാരും, അവീൻ (Opium) കുത്തകക്കാരും എഴുതി ഒപ്പിട്ടുകൊടുക്കുന്ന ഉടമ്പടിയോ മറ്റു കരാറോ അതും,

(v) വല്ല വിധ ചുങ്കങ്ങളും കുത്തകയ്ക്ക് കൊടുക്കുന്നതായ വല്ല കരണവും,

(vi) പാട്ടച്ചാർത്തിനുള്ള ഒരു അപേക്ഷയിന്മേൽ, അപേക്ഷ സമ്മതിച്ചിരിക്കുന്നുവെന്ന് കാണിക്കുവാനുള്ള വിചാരത്തോടെ എഴുതുന്ന വല്ല എഴുത്തും,

(vii) ഒരു പട്ടയവും, ഉൾപ്പെടുന്നതുമാകുന്നു.

(viii) [1][എ.ടി.എം/സി.ഡി.എം എന്നിവയോ ഇവ രണ്ടുമോ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളും ഭൂമിയുടെ ഉടമസ്ഥനും തമ്മിലുള്ള ഒരു കരാറോ അപ്രകാരമുള്ള ഒരു കരാറിന്റെ പുതുക്കലോ;

(ix) മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കമ്പനിയും ഭൂമിയുടെ ഉടമസ്ഥനും തമ്മിലുള്ള കരാറോ അപ്രകാരമുള്ള ഒരു കരാറിന്റെ പുതുക്കലോ]

**(എം) "വിൽക്കാവുന്ന ഉറപ്പുപത്രം"** (Marketable Security) എന്നതിന് ഇൻഡ്യയിലെ ഏതെങ്കിലും സ്റ്റോക്ക് മാർക്കറ്റിൽ വിൽക്കാവുന്ന തരത്തിലുള്ള ഒരു ഉറപ്പുപത്രം എന്നർത്ഥമാകുന്നു.

[2][**(എം എം)** **** **** ***** ***** ***** ***** ]

**(എൻ) "പണയാധാരം"** എന്നതിൽ വായ്പയായി കൊടുത്തതോ, കൊടുക്കാൻ പോകുന്നതോ ആയ പണത്തിനോ, തൽക്കാലം ഉള്ളതോ, മേലാൽ ഉണ്ടാകുന്നതോ ആയ ഒരു കടത്തിനോ, ഒരു കരാർ പ്രകാരം നടക്കുന്നതിനോ ഉറപ്പായി ഒരാൾ മറ്റൊരാൾക്കോ അയാളുടെ പേർക്കോ വിവരിക്കപ്പെട്ട മുതലിന്മേലോ അതിന്റെ കാര്യത്തിലോ ഒരു അവകാശം കൈമാറ്റം ചെയ്തോ ഉണ്ടാക്കിയോ കൊടുക്കുന്നതായ യാതൊരു കരണവും ഉൾപ്പെടുന്നതാകുന്നു.

---

1. 2016 ലെ 18--ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

2. 1991 ലെ 16--ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 11.01.1991 മുതൽ പ്രാബല്യത്തോടെ ഒഴിവാക്കി. ഒഴിവാക്കുന്നതിന് മുൻമ്പ് ഇപ്രകാരമായിരുന്നു. "**ഭൂമിയുടെ മിനിമം വില എന്നാൽ 28 എ വകുപ്പിൻ കീഴിൽ, ഗസറ്റു വിജ്ഞാപനം മുഖേന, കളക്ടർ നിശ്ചയിച്ച ഭൂമിയുടെ മിനിമം വില അഥവാ അപ്രകാരമുള്ള ഭൂമിക്ക് ആധാരത്തിൽ പ്രതിഫലമായി കാണിച്ചിട്ടുള്ള തുക, ഇവയിൽ ഏതാണോ ഉയർന്നത്, അത് എന്നർത്ഥമാകുന്നു**".

**(ഒ) "കടലാസ്"** എന്നതിൽ ഒരു കരണം എഴുതാവുന്ന വെല്ലമും പാർച്ചുമെൻറും മറ്റു സാധനവും ഉൾപ്പെടുന്നതാകുന്നു.

**(പി) "മുക്ത്യാർ നാമപത്രം "**എന്നതിൽ (കോർട്ട് ഫീസിനെ സംബന്ധിച്ച് തൽക്കാലം നടപ്പുള്ള നിയമപ്രകാരം ഫീസ് ചുമത്തത്തക്ക ഒരു കരണമല്ലാതെ) ഒരാൾ തനിക്ക് വേണ്ടിയും തന്റെ പേരിലും പ്രവർത്തിക്കാൻ പ്രത്യേകിച്ച് മറ്റൊരാളെ അധികാരപ്പെടുത്തി എഴുതികൊടുക്കുന്ന വല്ല കരണവും ഉൾപ്പെടുന്നതാകുന്നു.

[1] [(പി എ) **"രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ"** എന്നാൽ 1908 ലെ രജിസ്ട്രേഷൻ ആക്ടിലെ (1908 ലെ XVI -ാം കേന്ദ്ര ആക്ട്), 6-ാംവകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു.]

**(ക്യൂ) "ധനനിശ്ചയാധാരം"** എന്നതിന് ഇളകുന്നതോ, ഇളകാത്തതോ ആയ മുതൽ ---

(i) വിവാഹത്തിനു പ്രതിഫലമായിട്ടോ,

(ii) നിശ്ചയം ചെയ്യുന്ന ആളുടെ മുതൽ തന്റെ കുടുംബക്കാരുടെയോ താൻ ആർക്കാർക്ക് കൊടുക്കാൻ ഇച്ഛിക്കുന്നുവോ അവരുടെയോ ഇടയിൽ വിഭജിച്ച് കൊടുക്കാനായിട്ടോ അല്ലെങ്കിൽ തന്നെ ആശ്രയിച്ചു നിൽക്കുന്ന വല്ല ആൾക്കും കൊടുക്കാനായിട്ടോ, അല്ലെങ്കിൽ,

(iii) മതസംബന്ധമായോ ധർമ്മാർത്ഥമായോ ഉള്ള വല്ല ആവശ്യത്തിലേക്കായിട്ടോ, മരണശാസനം മൂലമല്ലാതെ ചെയ്യുന്ന എഴുത്തുമൂലമായുള്ള വല്ല ഏർപ്പാടും എന്നർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഒരു ഏർപ്പാടു ചെയ്യാൻ രേഖാമൂലമുള്ള ഒരു ഉടമ്പടിയും (അങ്ങനെയുള്ള വല്ല ഏർപ്പാടും എഴുത്തുമൂലമായി ചെയ്തിട്ടില്ലാത്തപക്ഷം, ട്രസ്റ്റായിട്ടാകട്ടെ വേറെ പ്രകാരമായിട്ടാകട്ടെ ആ വക വല്ല ഏർപ്പാടിലേയും നിശ്ചയങ്ങളെ എഴുതി വയ്ക്കുന്ന വല്ല കരണവും) ഉൾപ്പെടുന്നതുമാകുന്നു.

[2][(ക്യൂ ക്യൂ) **"മുദ്ര"(Stamp)** എന്നാൽ സംസ്ഥാന സർക്കാരിനാൽ യഥാവിധി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളുകളുടെയോ ഏജൻസിയുടെയോ [3][അടയാളമോ മുദ്രയോ പ്രമാണീകരണമോ മുദ്രണമോ അല്ലെങ്കിൽ ഇ-മുദ്രയോ] എന്നർത്ഥമാകുന്നതും ഈ ആക്റ്റിൻ കീഴിൽ മുദ്രവില ചുമത്തേണ്ട ആവശ്യങ്ങൾക്കായുള്ള ഒരു [4][ഒട്ടു മുദ്രയോ അടിച്ച മുദ്രയോ, ഇ-മുദ്രയോ] ഉൾപ്പെടുന്നതുമാകുന്നു];

**(ആർ) "ഉരു"(Vessel)** എന്നതിന് മനുഷ്യരെയോ സാമാനങ്ങളെയോ വെള്ളം വഴി കൊണ്ടു പോകുന്നതിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതു സാധനവും എന്നർത്ഥമാകുന്നു.

---

1. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

2. 2007 ലെ 15-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

3. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം **"അടയാളമോ, മുദ്രയോ അല്ലെങ്കിൽ പ്രമാണീകരണമോ"** എന്നീ വാക്കുകൾക്ക് പകരം 01.04.2017 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

4. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം **"ഒട്ടുമുദ്രയോ, അടിച്ച മുദ്രയോ"** എന്നീ വാക്കുകൾക്ക് പകരം 01.04.2017 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

# അദ്ധ്യായം 2

## മുദ്രവിലകൾ

### (എ) കരണങ്ങൾ മുദ്രവിലയ്ക്കുൾപ്പെടുന്നതിനെപറ്റി

**3.മുദ്രവില ചുമത്തത്തക്ക കരണങ്ങൾ.-** ഈ ആക്ടിലെ വ്യവസ്ഥകൾക്കും; പട്ടികയിലടങ്ങിയ ഒഴിവുകൾക്കും വിധേയമായി താഴെ പറയുന്ന കരണങ്ങൾക്ക് ആ പട്ടികയിൽ അവയ്ക്ക് ശരിയായ മുദ്രവിലയായി കാണിച്ചിരിക്കുന്ന മുദ്രവില ചുമത്തത്തക്കതായിരിക്കും, അതായത് –

(എ) പട്ടികയിൽ പറഞ്ഞിരിക്കുന്നതും; മുമ്പ് ആരും എഴുതികൊടുക്കാതെ ഈ ആക്ട് നടപ്പിൽ വരുന്ന തീയതിക്കോ, അതിനു ശേഷമോ കേരള സംസ്ഥാന പ്രദേശങ്ങളിൽ വച്ച് എഴുതികൊടുക്കുന്നതുമായ ഏതൊരു കരണത്തിനും,

(ബി) ആ പട്ടികയിൽ പറഞ്ഞിരിക്കുന്നതും, മുമ്പ് ആരും എഴുതി കൊടുക്കാതെ ആ തീയതിക്കോ അതിനുശേഷമോ കേരള സംസ്ഥാനത്തിന് പുറത്തു വെച്ച് എഴുതി കൊടുത്തതും, കേരള സംസ്ഥാന പ്രദേശങ്ങളിൽ കിടക്കുന്ന വല്ല മുതലിനോ, കേരള സംസ്ഥാന പ്രദേശങ്ങളിൽ വച്ച് ചെയ്തതോ, ചെയ്യാനുളളതോ ആയ വല്ല കാര്യത്തിനോ സംഗതിക്കോ സംബന്ധിക്കുന്നതും, കേരള സംസ്ഥാന പ്രദേശങ്ങളിൽ കിട്ടിയിരിക്കുന്നതുമായ ഏതൊരു കരണത്തിനും,

(1) എന്നാൽ ഈ ഒഴിവ് ഇല്ലാതിരുന്നുവെങ്കിൽ വല്ല കരണത്തിന്റെയും കാര്യത്തിൽ ചുമത്തേണ്ട മുദ്രവില അടയ്ക്കാൻ കേന്ദ്ര ഗവൺമെന്റോ, സംസ്ഥാന ഗവൺമെന്റോ ബാദ്ധ്യസ്ഥരാകുമായിരുന്ന സംഗതികളിൽ കേന്ദ്ര ഗവൺമെന്റോ ഈ സംസ്ഥാന ഗവൺമെന്റോ; മറ്റേതെങ്കിലും സംസ്ഥാന ഗവൺമെന്റോ ആകട്ടേ, ഗവൺമെന്റിനു വേണ്ടിയാകട്ടെ, ഗവൺമെന്റിന്റെ പേർക്ക് ആകട്ടേ എഴുതികൊടുക്കുന്ന യാതൊരു കരണത്തിനും.

(2) എതെങ്കിലും കപ്പലോ, ഉരുവോ അഥവാ ഏതെങ്കിലും കപ്പലിന്റേയോ, ഉരുവിന്റേയോ വല്ല ഭാഗമോ, അതിലെ അവകാശമോ, ഓഹരിയോ, വസ്തുവോ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ അഥവ സമ്പൂർണ്ണമായോ, പണയമായോ മറ്റ വിധത്തിലോ മറ്റ പ്രകാരം വിനിമയം ചെയ്കയോ ചെയ്യുന്നതിനുളള ഏതെങ്കിലും കരണത്തിനും യാതൊരു മുദ്രവിലയും ചുമത്തുവാൻ പാടുളളതുമല്ല.

3. എ. [ ***** ****** ****** *****][1]

**4. വിക്രയത്തിന്റെയോ, പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കാര്യത്തിലുളള ഒറ്റ ഇടപാടിൽ ഉപയോഗിക്കുന്ന വിവിധ കാരണങ്ങൾ.** _ (1) വല്ല വിക്രയത്തിന്റേയോ, പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കാര്യത്തിൽ, ഇടപാട്ട പൂർത്തിയാക്കുവാൻ വിവിധ കരണങ്ങൾ ഉപയോഗിക്കുമ്പോൾ, ആ തീറാധാരത്തിനോ, പണയാധാരത്തിനോ, ധനനിശ്ചയാധാരത്തിനോ പട്ടികയിൽ നിശ്ചയിച്ചിരിക്കുന്ന മുദ്രവില മുഖ്യമായ കരണത്തിന്മേൽ മാത്രം ചുമത്തേണ്ടതും മറ്റ

1. *1973 ലെ 7-ാം നമ്പർ ആക്ട് പ്രകാരം 01.04.1973 മുതൽ പ്രാബല്യത്തിൽ ഒഴിവാക്കി*

കരണങ്ങൾക്ക് ആ പട്ടികയിൽ വല്ല മുദ്രവിലയും നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അതിനുപകരം അവയിൽ ഓരോന്നിനും [അഞ്ഞൂറ് രൂപ][1] മുദ്രവില ചുമത്തേണ്ടതുമാകുന്നു.

(2) അങ്ങനെ ഉപയോഗപ്പെടുത്തുന്ന കരണങ്ങളിൽ ഏതാകുന്നു (1) -ാം ഉപ വകുപ്പിന്റെ ആവശ്യത്തിനു മുഖ്യമായ കരണമായി കരുതേണ്ടത് എന്ന് കക്ഷികൾക്കുതന്നെ തീർച്ചപ്പെടുത്താവുന്നതാകുന്നു.

എന്നാൽ അങ്ങനെ തീർച്ചപ്പെടുത്തുന്ന കരണത്തിന്മേൽ ചുമത്തുന്ന മുദ്രവില അങ്ങനെ ഉപയോഗപ്പെടുത്തുന്ന മേൽപ്പറഞ്ഞ കരണങ്ങളിൽ വല്ലതിന്റെയും കാര്യത്തിൽ ചുമത്താവുന്ന എത്രയും കൂടുതലായ മുദ്രവിലയായിരിക്കണം.

**5. വെവ്വേറെയുള്ള പല കാര്യങ്ങൾക്കു സംബന്ധിക്കുന്ന കരണങ്ങൾ._**

വെവ്വേറെയുള്ള പല കാര്യങ്ങൾ ഉൾപ്പെടുന്നതോ, പല കാര്യങ്ങൾക്കു സംബന്ധിക്കുന്നതോ ആയ വല്ല കരണത്തിനും ആ കാര്യങ്ങളിൽ ഓരോന്ന് ഉൾപ്പെടുകയോ ഓരോന്നിനു സംബന്ധിക്കുകയോ ചെയ്യുന്ന വെവ്വേറെയുള്ള കരണങ്ങൾക്ക് ഈ ആക്റ്റ് പ്രകാരം ചുമത്താവുന്ന മുദ്രവിലകളുടെ ഒട്ടാകെയുള്ള സംഖ്യ ചുമത്തേണ്ടതാണ്.

**6.പട്ടികയിലെ പലതരം വിവരണങ്ങളിലും ഉൾപ്പെടുന്ന കരണങ്ങൾ._**

പട്ടികയിലെ രണ്ടോ അധികമോ തരം വിവരണങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം ഉണ്ടാക്കിയിരിക്കുന്ന ഒരു കരണത്തിന് ആ പട്ടികപ്രകാരം ചുമത്താവുന്ന മുദ്രവിലകൾ വെവ്വേറെയായിരിക്കുമ്പോൾ, ആ വിലകളിൽ എത്രയും കൂടുതലായ വില മാത്രം, ഇതിനു നേരെ മുമ്പിലത്തെ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ചുമത്തേണ്ടതാണ്.

എന്നാൽ ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും മുദ്രവില ചുമത്തത്തക്കതും ശരിയായ മുദ്രവില അടച്ചിരിക്കുന്നതും ആയ വല്ല കരണത്തിന്റെയും എതിർ കരണത്തെയോ ഡ്യൂപ്ലിക്കേറ്റിനെയോ [നൂറ് രൂപയിൽ][2] കവിയുന്നതായ മുദ്രവില ചുമത്തത്തക്കതാക്കുന്നതല്ല.

[3]*വിശദീകരണം . [ ***** ****** *****]*

**7.ചില കരണങ്ങളുടെ സംഗതിയിൽ കൂടുതൽ മുദ്രവില കൊടുക്കൽ.**

(1) നാലാം വകുപ്പിലോ ആറാം വകുപ്പിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും,

---

1.*2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ **"നൂറ് രൂപ"** എന്നത് **"അഞ്ഞൂറ് രൂപ"** എന്ന് ഭേദഗതി ചെയ്തു.*

2.*1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"പതിനഞ്ച് രൂപ"** എന്നത് **"നൂറ് രൂപ"** എന്ന് ഭേദഗതി ചെയ്തു.*

3.*1973 ലെ 7-ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.1973 മുതൽ പ്രാബല്യത്തോടെ ഒഴിവാക്കി.*

(എ) അതു സംഗതി പോലെ മുഖ്യമായ കരണത്തിന്മേലോ, അസ്സൽ കരണത്തിന്മേലോ , അല്ലെങ്കിൽ,

(ബി) ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചോ, ഈ ആക്റ്റ് പ്രകാരം ചുമത്തത്തക്കതായ മുദ്രവില അടച്ചുവെന്ന് തെളിയിക്കാത്ത പക്ഷം, മുഖ്യ കരണമല്ലാതെ വിൽപ്പനയുടെയോ പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കരണത്തിന്മേലോ, ഏതെങ്കിലും കരണത്തിന്റെ എതിർ കരണത്തിന്മേലോ, ഡ്യൂപ്ലിക്കേറ്റിന്മേലോ, പകർപ്പിന്മേലോ ചുമത്തേണ്ടതായ മുദ്രവില മുഖ്യകരണമോ, അസ്സൽ കരണമോ സംസ്ഥാനത്ത് കിട്ടിയപ്പോൾ അതിനു കൂടുതൽ നിരക്കിലുള്ള മുദ്രവില ഈ ആക്റ്റ് പ്രകാരം ചുമത്തേണ്ടതാതിരുന്നുവെങ്കിൽ 19-ാം വകുപ്പുപ്രകാരം ആ മുഖ്യകരണത്തിനോ അസ്സൽ കരണത്തിനോ ചുമത്തേണ്ടിയിരുന്ന മുദ്രവില ആയിരിക്കേണ്ടതാണ്.

(2) തൽക്കാലം നടപ്പിലുള്ള ഏതെങ്കിലും നിയമത്തിൽ ഏന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പുപ്രകാരം മുദ്രവില ചുമത്തത്തക്കതായ യാതോരു കരണമോ, എതിർ കരണമോ, ഡ്യൂപ്ലിക്കേറ്റോ, പകർപ്പോ, ഈ വകുപ്പ് പ്രകാരം ചുമത്തത്തക്കതായ മുദ്രവില അതിന്മേൽ അടച്ചിട്ടില്ലാത്തപക്ഷം തെളിവായി സ്വീകരിക്കാൻ പാടുള്ളതല്ല:

എന്നാൽ അങ്ങനെയുള്ള കരണമോ, ഡ്യൂപ്ലിക്കേറ്റോ, പകർപ്പോ ഏത് കോടതിയിൽ ഹാജരാക്കുന്നുവോ അങ്ങനെയുള്ള ഏതൊരു കോടതിയ്ക്കും ഈ വകുപ്പ് പ്രകാരം ചുമത്തത്തക്കതായ മുദ്രവില അതിന്മേൽ അടയ്ക്കുവാൻ അനുവദിക്കാവുന്നതും, അതിനുശേഷം അതു തെളിവായി സ്വീകരിക്കാവുന്നതുമാകുന്നു.

**8.വായ്പകളിന്മേൽ നൽകപ്പെടുന്ന ബോണ്ടുകളോ മറ്റ് ഉറപ്പു പത്രങ്ങളോ._**

(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, തൽക്കാലം നടപ്പിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബോണ്ടുകളോ, ഡിബഞ്ചറുകളല്ലാത്ത മറ്റ് ഉറപ്പ് പത്രങ്ങളോ, നൽകികൊണ്ട് കടമെടുക്കുന്ന ഏതൊരു തദ്ദേശാധികാരസ്ഥാനത്തിനും, അങ്ങനെയുള്ള വായ്പയുടെ സംഗതിയിൽ അതു നൽകുന്ന ബോണ്ടുകളുടെയോ മറ്റ് ഉറപ്പു പത്രങ്ങളുടെയോ ആകെ സംഖ്യയുടെ ഒരു ശതാമനം മുദ്രവില ചുമത്തേണ്ടതും, അങ്ങനെയുള്ള ബോണ്ടുകളിന്മേലോ മറ്റ് ഉറപ്പുപത്രങ്ങളിന്മേലോ മുദ്ര പതിക്കേണ്ടതില്ലാത്തതും, പുതുക്കുകയോ, ഏകീകരിക്കുകയോ, ഉപവിഭജനം ചെയ്കയോ മറ്റോ ചെയ്യുമ്പോൾ കൂടുതലായി യാതോരു മുദ്രവിലയും ചുമത്തുവാൻ പാടില്ലാത്തതും ആകുന്നു.

(2) ചില ബോണ്ടുകളെയോ മറ്റ് ഉറപ്പു പത്രങ്ങളെയോ മുദ്രപതിക്കുന്നതിൽ നിന്നും, കൂടുതലായി ചില മുദ്രവില ചുമത്തുന്നതിൽ നിന്നും ഒഴിവാക്കുന്ന (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, അതിൽ പ്രസ്താവിച്ച തരത്തിലുള്ളതു വീട്ടാതെ ബാക്കിയുള്ള എല്ലാ വായ്പ്പകളേയും സംബന്ധിച്ചുള്ള ബോണ്ടുകൾക്കോ ഡിബഞ്ചറുകൾകളല്ലാത്ത മറ്റു ഉറപ്പു പത്രങ്ങൾക്കോ, സംബന്ധിക്കുന്നതും, അങ്ങനെയുള്ള എല്ലാ ബോണ്ടുകളോ മറ്റു ഉറപ്പു പത്രങ്ങളോ, അവയ്ക്ക് മുദ്ര പതിച്ചിരുന്നാലും ഇല്ലെങ്കിലും വേണ്ടതില്ല സാധുവായിരിക്കുന്നതുമാണ്.

(3) ഈ വകുപ്പുമൂലം ആവശ്യപ്പെടുന്ന മുദ്രവില അടയ്ക്കുവാൻ മനപ്പൂർവ്വം വീഴ്ച ചെയ്യുന്ന സംഗതിയിൽ, തദ്ദേശാധികാരസ്ഥാനം, അടയ്ക്കേണ്ടതായ മുദ്രവില സംഖ്യയിന്മേൽ പത്ത് ശതമാനത്തിനു തുല്യമായ ഒരു സംഖ്യ ഗവൺമെന്റിലേക്ക് പിഴയായി അടയ്ക്കുന്നതിനും, വീഴ്ച തുടരുന്ന ആദ്യത്തെ മാസത്തിനു ശേഷം ഓരോ മാസത്തിലും അതു പോലെയുള്ള പിഴയ്ക്കും ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

**9. മുദ്രവില കുറയ്ക്കാനോ, വിട്ടുകൊടുക്കാനോ, മൊത്തത്തുകയാക്കാനോ ഉള്ള അധികാരം._**

(1) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവിനാൽ ഗവണമെന്റിന്, -

(എ) കരണങ്ങളുടെ വല്ല പ്രത്യേകം തരത്തിനോ ആ തരത്തിലുള്ള കരണങ്ങളിൽ വല്ലതിനുമോ, അല്ലെങ്കിൽ കരണങ്ങളിൽ വല്ലതും വല്ല പ്രത്യേക വർഗ്ഗക്കാരോ വർഗ്ഗക്കാർക്കോ ആകട്ടെ, ആ വർഗ്ഗത്തിലെ വല്ല ആളുകളോ, ആളുകൾക്കോ ആകട്ടെ ഏഴുതി കൊടുക്കുമ്പോൾ ആ കരണങ്ങൾക്കോ ചുമത്തേണ്ടുന്ന മുദ്രവില കേരള സംസ്ഥാനത്ത് ഒട്ടുക്കോ വല്ല ഭാഗത്തോ ഭാവികാലത്തേക്കോ, ഭൂതകാലത്തേക്കോ ആയാലും ശരി കുറയ്ക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നതു പൊതു താത്പ്പര്യാർത്ഥം ആവശ്യമാണെന്നു ഗവൺമെന്റിനു തോന്നുന്നതായാൽ അങ്ങനെ ചെയ്യാവുന്നതും;

(ബി) ഏകീകൃത സ്വരൂപമായ വല്ല കമ്പനിയോ മറ്റു ഏകാംഗയോഗമോ കടപത്രങ്ങളോ ഡിബഞ്ചറുകളല്ലാത്ത വിൽക്കത്തക്ക മറ്റു ഉറപ്പു പത്രങ്ങളോ നൽകുന്ന സംഗതിയിൽ മുദ്രവില മൊത്തത്തുകയാക്കാനോ ഏകീകരിക്കാനോ വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

[1][(സി) കളക്ടർക്ക് അയയ്ക്കുന്നതോ 45 എ, 45 ബി അല്ലെങ്കിൽ 45 സി വകുപ്പുകൾ പ്രകാരം അദ്ദേഹം വിളിച്ചുവരുത്തുന്നതോ ആയ കരണങ്ങളിന്മേൽ, സർക്കാർ വിനിർദ്ദേശിക്കാവുന്ന നിരക്കിലും, കാലയളവിലും നൽകേണ്ടതായ മുദ്രവില മൊത്തത്തുകയാക്കാൻ വ്യവസ്ഥ ചെയ്യാവുന്നതും.]

(2) (1)-ാം ഉപ വകുപ്പ് (എ) എന്ന ഖണ്ഡപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന ഓരോ ചട്ടവും അല്ലെങ്കിൽ കല്പനയും ആയതു പ്രസിദ്ധപ്പെടുത്തിയശേഷം കഴിയുന്നത്ര വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

## (ബി) മുദ്രകളെയും അവ ഉപയോഗിക്കേണ്ടുന്ന സമ്പ്രദായത്തേയും പറ്റി

**10. മുദ്രവില ഏങ്ങനെ അടയ്ക്കണമെന്ന്._** (1) ഈ ആക്ടിൽ സ്പഷ്ടമായി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമൊഴികെ വല്ല കരണങ്ങൾക്കും ചുമത്താവുന്ന എല്ലാമുദ്രവിലകളും മുദ്രകൾമൂലം അടയ്ക്കേണ്ടതും, അടച്ച വിവരം ആ കരണങ്ങളിന്മേൽ ---

(എ) ഇതിലടങ്ങിയ വ്യവസ്ഥകൾ അനുസരിച്ചോ, അല്ലെങ്കിൽ,

(ബി) അങ്ങനെയുള്ള യാതൊരു വ്യവസ്ഥയും അതിനു സംബന്ധിക്കത്തക്കതല്ലാത്തപ്പോൾ ഗവൺമെന്റ് ചട്ടങ്ങൾ മൂലം ആജ്ഞാപിക്കാവുന്ന പ്രകാരമോ, മുദ്രകൾ മൂലം കാണിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപ വകുപ്പു പ്രകാരമുണ്ടാക്കുന്ന ചട്ടങ്ങൾമൂലം മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, ---

(എ) ഓരോ തരം കരണത്തിന്റെയും കാര്യത്തിൽ ---- ഉപയോഗപ്പെടുത്താവുന്ന മുദ്രകളുടെ വിവരണവും.

---

1. *2009 ലെ 13-ാം നമ്പർ ആക്ട് പ്രകാരം 01.04.2009 മുതൽ പ്രാബല്യത്തിൽ കൂട്ടി ചേർക്കപ്പെട്ടു.*

(ബി) [1][ അടിച്ച മുദ്രയോ ഇ-മുദ്രയോ ഉള്ള ] കരണങ്ങളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്ന മുദ്രകളുടെ എണ്ണവും ക്രമപ്പെടുത്തി നിശ്ചയിക്കാവുന്നതാണ്.

[2][**10.എ. ഒരു സ്റ്റോക്ക് എക്സ്ചേഞ്ചിലേയോ കമ്മോഡിറ്റി എക്സ്ചേഞ്ചിലേയോ ഒരംഗത്താലോ അതിന്റെ ഇടനിലക്കാരനാലോ ഉള്ള മുദ്രവില കുറയ്ക്കൽ ._** (1) സംസ്ഥാനത്തിനുള്ളിൽ വച്ച് ആദ്യമായി നടത്തുന്ന ചരക്കുകളുടെയോ സ്റ്റോക്കിന്റെയോ സെക്യൂരിറ്റികളുടെയോ വാങ്ങലോ വിൽപ്പനയോ സംബന്ധിച്ച് കരാർ കുറിപ്പോ മൊമ്മോറാണ്ടമോ നൽകുന്ന സ്റ്റോക്ക് എക്സ്ചേഞ്ചിന്റെയോ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെയോ അംഗമോ അതിന്റെ ഇടനിലക്കാരനോ അത്തരത്തിലുള്ള ഏതെങ്കിലും ഇടപാട് സംസ്ഥാനത്തിനുള്ളിൽ വച്ച് പൂർത്തീരിക്കുമ്പോൾ അതിന്മേൽ നൽകേണ്ടതായ മുദ്രവിലയിൽ കുറവ് ചെയ്യേണ്ടതാണ്.

(2) 1-ാം ഉപ വകുപ്പിൻ കീഴിൽ ഏതെങ്കിലും കലണ്ടർ മാസത്തിലേക്ക് കുറയ്ക്കേണ്ടതായ മുദ്രവില തുടർന്ന് വരുന്ന മാസത്തിലെ 7ാമത്തെ ദിവസമോ അതിനു മുമ്പോ സർക്കാർ ട്രഷറിയിൽ അടയ്ക്കേണ്ടതും, അപ്രകാരം കുറവ് വരുത്തിയ മുദ്രവില സമയത്ത് അടയ്ക്കാതിരിക്കുന്ന പക്ഷം വീഴ്ച വരുത്തിയ തീയതി മുതൽ പ്രതി വർഷം 12 ശതമാനം പലിശ സഹിതം അടയ്ക്കേണ്ടതാണ്.

(3) 1-ാം ഉപ വകുപ്പ് പ്രകാരം മുദ്രവിലയിൽ കുറവ് വരുത്തുന്നതിൽ എന്തെങ്കിലും വീഴ്ചയോ അഥവ (2)-ാം ഉപ വകുപ്പ് പ്രകാരം മുദ്രവില അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.]

[3][**10.ബി. കേന്ദ്ര റെക്കോർഡ് സൂക്ഷിപ്പ് ഏജൻസിയുടെ നിയമനം ._**സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ട്രഷറി വകുപ്പിനെ കേന്ദ്ര റിക്കാർഡ് സൂക്ഷിപ്പ് ഏജൻസിയായി നിയമിക്കാവുന്നതും അതിന് ഇ-മുദ്ര വിതരണം ചെയ്യുന്നത് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതുമാണ്.]

**11. ഒട്ടു മുദ്രകൾ ഉപയോഗിക്കൽ._**താഴെപ്പറയുന്ന കരണങ്ങൾക്ക് ഒട്ടുമുദ്രകൾ പതിക്കാവുന്നതാകുന്നു, അതായത്---

(എ) [4] [ഇരുപത് പൈസയും] അതിൽ കുറവുമായ മുദ്രവില ചുമത്തത്തക്ക കരണങ്ങൾ;

[5][(ബി) സംസ്ഥന ബാർ കൗൺസിൽ വച്ചു പോരുന്ന, അഭിഭാഷകരുടെ പട്ടികയിലെ എൻറോൾമെന്റ് സർട്ടിഫിക്കറ്റ്]

---

1.*2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ **"അടിച്ച മുദ്രയുള്ള"** എന്നതിന് പകരം ചേർത്തു.*

2.*2007 ലെ 1-ാം-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

3.*2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

4.*1969 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ **"12 പൈസ"** എന്നത് **"20 പൈസ"** എന്ന് ഭേദഗതി ചെയ്തു.*

5.*1969 ലെ 29-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ **"(ബി) ഹൈക്കോടതിയുടെ റോളിൽ ഒരു അഡ്വക്കേറ്റായി പേര് രജിസ്റ്റർ ചെയ്യൽ "*** എന്നതിന് പകരം ചേർത്തത്.

(സി) നോട്ടറി സംബന്ധമായ കുറിപ്പെഴുത്തുകൾ;

(ഡി) ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് നിശ്ചയിക്കാവുന്ന കരണങ്ങൾ.

**12. ഒട്ടു മുദ്ര റദ്ദാക്കൽ._** (1) (എ) മുദ്രവില ചുമത്തത്തക്കതും, വല്ല ആളും എഴുതി ഒപ്പിട്ടുകൊടുക്കുന്നതുമായ വല്ലകരണത്തിലും വല്ല ഒട്ടുമുദ്രയും പതിയ്ക്കുന്ന ആൾ, ആയത് പിന്നെ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്ത പ്രകാരം അതു ഒട്ടിക്കുന്ന സമയത്തു തന്നെ റദ്ദാക്കണം.

(ബി) ഒട്ടിച്ച മുദ്രയുള്ള വല്ല കടലാസിലും ഒരു കരണം എഴുതി ഒപ്പിട്ടു കൊടുക്കുന്ന വല്ല ആളും മേൽപറഞ്ഞ പ്രകാരം ആയതു മുമ്പേ റദ്ദാക്കിയട്ടില്ലാത്ത പക്ഷം പിന്നെ ഉപയോഗിക്കാൻ പാടില്ലാത്ത വിധത്തിൽ, ഒപ്പിട്ടു കൊടുക്കുന്ന സമയം തന്നെ അതു റദ്ദാക്കേണ്ടതാകുന്നു.

(2) വീണ്ടും ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്ത പ്രകാരം റദ്ദാക്കിയിട്ടില്ലാത്ത ഒട്ടിച്ച മുദ്രയുള്ള വല്ല കരണവും ആ മുദ്രയെ സംബന്ധിച്ചിടത്തോളം മുദ്ര പതിക്കാത്ത കരണമായി കരുതേണ്ടതാകുന്നു.

(3) ഒട്ടിക്കുന്ന ഒരു മുദ്ര (1)-ാം ഉപവകുപ്പുപ്രകാരം റദ്ദാക്കേണ്ട ആൾക്ക് ആ മുദ്രയിന്മേലോ അതിനു വിലങ്ങനെയോ തന്റെ പേരോ, പേരിന്റെ ആദ്യാക്ഷരങ്ങളോ അല്ലെങ്കിൽ തന്റെ കമ്പനിയുടെ പേരോ പേരിന്റെ ആദ്യാക്ഷരങ്ങളോ എഴുതി താൻ അങ്ങനെ യഥാർത്ഥമായി എഴുതിയ തീയതി വെച്ചോ അല്ലെങ്കിൽ മറ്റു വല്ല ഫലവത്തായ വിധത്തിലോ റദ്ദാക്കാവുന്നതാണ്.

[1][**12. എ. ഇ-മുദ്ര റദ്ദാക്കൽ._** (1) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ, അത് വീണ്ടും ഉപയോഗിക്കാൻ സാധ്യമല്ലാത്തവിധം ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം വഴി ഒരു കരണത്തിലെ ഏതെങ്കിലും ഇ-മുദ്ര നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, റദ്ദാക്കേണ്ടതാണ്. ]

[2] [(2)****** ***** ****** ****** ****** ****** *****]

**13. [3][അടിച്ച മുദ്രയുള്ളതോ ഇ-മുദ്രയുള്ളതോ ആയ ] കരണങ്ങൾ എങ്ങനെ എഴുതണമെന്ന്._** [3][അടിച്ച മുദ്രയോ ഇ-മുദ്രയോ ഉള്ള ] കടലാസ്സിൽ എഴുതുന്ന എല്ലാ കരണവും കരണത്തിന്മേൽ നോക്കുമ്പോൾ മുദ്ര കാണത്തക്കവണ്ണവും മറ്റൊരു കരണത്തിന് അത് ഉപയോഗിക്കുകയോ, സംബന്ധിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്ത പ്രകാരവും എഴുതേണ്ടതാകുന്നു.

---

*1.2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

*2. 2019 ലെ 5 -ാം ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ **"റദ്ദാക്കപ്പെടാത്ത ഒരു ഇ-മുദ്ര പതിച്ച ഏതെങ്കിലും കരണം, അപ്രകാരമുള്ള മുദ്ര സംബന്ധിച്ചിടത്തോളം, മുദ്ര പതിച്ചിട്ടില്ലാത്തതായി കരുതപ്പെടുന്നതാണ്"**എന്നത് ഒഴിവാക്കി.*

*3.2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ **"അടിച്ച മുദ്രയുള്ള"** എന്നതിന് പകരം ചേർക്കപ്പെട്ടു.*

**14. ഒരു മുദ്രസാധനത്തിന്മേൽ ഒരു കരണം മാത്രമേ എഴുതിക്കൂടുവെന്ന്._** മുദ്രവില ചുമത്തത്തക്ക ഒരു കരണം മുമ്പുതന്നെ എഴുതിയിരിക്കുന്ന ഒരു മുദ്രക്കടലാസിൽ തന്നെ മുദ്രവില ചുമത്തത്തക്ക രണ്ടാമതു യാതൊരു കരണവും എഴുതുവാൻ പാടുള്ളതല്ല.

എന്നാൽ വല്ല കരണത്താലും സൃഷ്ടിച്ചതോ, ലക്ഷ്യപ്പെടുത്തിയതോ ആയ വല്ല അവകാശവും കൈമാറ്റം ചെയ്യാനാകട്ടെ, കൊടുത്തതായി അതിനാൽ ഉറപ്പിക്കപ്പെട്ട വല്ല പണമോ, ചരക്കോ കിട്ടിയ വിവരം സമ്മതിക്കാനായിട്ടാകട്ടെ, വല്ല കരണത്തിന്റെയും പുറത്തു ശരിയായി മുദ്ര പതിപ്പിച്ചതോ, മുദ്ര ചുമത്തത്തക്കതല്ലാത്തതായോ ആയ വല്ല പുറത്തെഴുത്തും എഴുതുന്നതിലേക്ക് ഈ വകുപ്പിലുള്ള യാതൊന്നും തടസ്സമാകുന്നതല്ല.

**15. 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ വിപരീതമായി എഴുതുന്ന കരണം മുദ്ര പതിക്കാത്തതായി കരുതപ്പെടുമെന്ന്._** 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ വിരുദ്ധമായി എഴുതുന്ന എല്ലാ കരണവും മുദ്രപതിക്കാത്തതായി കരുതപ്പെടുന്നതാണ്.

[1] [**16. മുദ്രവില കാണിക്കൽ._** ഒരു കരണത്തിന്മേൽ ചുമത്തേണ്ടുന്ന മുദ്രവിലയാകട്ടെ, അല്ലെങ്കിൽ അതിനു മുദ്രവിലയിൽ നിന്നുള്ള ഒഴിവാകട്ടെ മറ്റൊരു കരണത്തിന്റെ കാര്യത്തിൽ യഥാർത്ഥത്തിൽ അടയ്ക്കുന്ന മുദ്രവിലയെ ഏതെങ്കിലും വിധത്തിൽ ആശ്രയിച്ചിരിക്കുന്ന പക്ഷം, ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള മുദ്രവില അടച്ച വിവരം-----

(i) ആ ആവശ്യത്തിന് രേഖാമൂലമായ അപേക്ഷ ബോധിപ്പിക്കുകയും ആ രണ്ടു കരണങ്ങളും ഹാജരാക്കുകയും ചെയ്താൽ കളക്ടറോ, അഥവാ

(ii) ആ രണ്ടു കരണങ്ങളും ഹാജരാക്കിയാൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനോ, അതതു സംഗതി പോലെ കളക്ടറോ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനോ സ്വന്തം കൈപ്പടയിൽ ഇണ്ടാസ് ചെയ്തിട്ടോ അഥവാ, ഗവൺമെന്റ് ചട്ടങ്ങൾമൂലം നിർണ്ണയിക്കാവുന്ന മറ്റു വിധത്തിലോ, അങ്ങനെ ആദ്യം പറഞ്ഞ കരണത്തിന്മേൽ എഴുതി കാണിക്കേണ്ടതാണ്.]

## (സി) കരണങ്ങൾക്ക് മുദ്ര പതിക്കാനുള്ള സമയത്തെപ്പറ്റി

**17. കേരള സംസ്ഥാനത്തുവച്ച് എഴുതികൊടുക്കുന്ന കരണണങ്ങൾ._** മുദ്രവില ചുമത്തത്തക്കതും കേരള സംസ്ഥാനത്തുവെച്ച് ഏതെങ്കിലും ആൾ എഴുതി കൊടുക്കുന്നതുമായ എല്ലാ കരണങ്ങൾക്കും അവ എഴുതികൊടുക്കുന്നതിനു മുമ്പോ, എഴുതികൊടുക്കുന്ന സമയത്തോ മുദ്ര പതിക്കേണ്ടതാണ്.

**18. ഇന്ത്യയ്ക്കു പുറമേ വച്ച് എഴുതികൊടുക്കുന്ന കരണങ്ങൾ._**(1) മുദ്രവില ചുമത്തത്തക്കതും, ഇന്ത്യയ്ക്ക് പുറമേ വച്ചുമാത്രം എഴുതികൊടുക്കുന്നതുമായ എല്ലാ കരണങ്ങൾക്കും അവ കേരള സംസ്ഥാനത്ത് ആദ്യം കിട്ടിയതിനുശേഷം മൂന്ന് മാസങ്ങൾക്കുള്ളിൽ മുദ്ര പതക്കാവുന്നതാണ്.

(2) ആ വക കരണത്തിന് നിർണ്ണയിച്ച മുദ്രയുടെ വിവരണത്തെ സംബന്ധിച്ചിടത്തോളം അതിനു ഒരു സ്വകാര്യ വ്യക്തി മുദ്ര പതിച്ചാൽ ശരിപ്പെടാത്തതായിരിക്കുന്ന പക്ഷം, ആ മൂന്ന്

---

1. *1967 ലെ 17-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 15.09.1967.2017 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തു.*

മാസക്കാലത്തിനുള്ളിൽ അതിനെ കളക്ടറുടെ അടുക്കൽ കൊണ്ടുപോകാവുന്നതും; കളക്ടർ ആ കരണം ഹാജരാക്കുന്ന ആൾ ആവശ്യപ്പെടുന്നതും അടയ്ക്കുന്നതുമായ വിലയ്ക്കുള്ള ഒരു മുദ്രകൊണ്ട് ചട്ടങ്ങളാൽ ഗവൺമെന്റ് നിർണ്ണയിക്കാവുന്ന വിധത്തിൽ അതിന്മേൽ മുദ്ര പതിച്ചുകൊടുക്കേണ്ടതുമാകുന്നു.

**19. കേരള സംസ്ഥാനത്തു വർദ്ധിച്ച മുദ്രവില ചുമത്തുവാനിടയുള്ള ചില കരണങ്ങളിന്മേൽ മുദ്രവില കൊടുക്കൽ._** പട്ടികയിലെ ഏതെങ്കിലും ഖണ്ഡികയിൽ വിവരിച്ചതും കേരള സംസ്ഥാനത്തു സ്ഥിതിചെയ്യുന്ന ഏതെങ്കിലും വസ്തുവിനെയോ സംസ്ഥാനത്തുവെച്ചു ചെയ്തതോ, ചെയ്യാനുള്ളതോ ആയ വല്ല കാര്യത്തേയോ, സംഗതിയേയോ സംബന്ധിച്ചുള്ളതും ആയ ഏതെങ്കിലും കരണം മേൽപ്പറഞ്ഞ സംസ്ഥാനത്തിനു പുറത്തു വച്ച് എഴുതികൊടുക്കുകയും, അതിൽപ്പിന്നെ മേൽപറഞ്ഞ സസ്ഥാനത്ത് കിട്ടുകയും ചെയ്യുന്ന പക്ഷം ----

(എ) അങ്ങനെയുള്ള കരണത്തിന്മേൽ ചുമത്തത്തക്കതായ മുദ്രവില സംഖ്യ, കേരള സംസ്ഥാനത്തുവച്ച് എഴുതികൊടുക്കുന്ന അതേ വിവരണപ്രകാരമുള്ള ഒരു ആധാരത്തിന്മേൽ പട്ടിക പ്രകാരം ചുമത്തത്തക്കതായ മുദ്രവില സംഖ്യയിൽ നിന്ന്, ഇന്ത്യയിലെ മറ്റെതെങ്കിലും സംസ്ഥാനത്തുവെച്ച് അങ്ങനെയുള്ള കരണത്തിന്മേൽ മുമ്പുതന്നെ വല്ല മുദ്രവിലയും കൊടുത്തിട്ടുണ്ടെങ്കിൽ അതു കുറച്ചാലുള്ള സംഖ്യ ആയിരിക്കുന്നതാണ്.

(ബി) അതിനുമുമ്പുതന്നെ വല്ല മുദ്രകളും പതിച്ചിട്ടുണ്ടെങ്കിൽ ആ മുദ്രകൾക്കു പുറമെ, അങ്ങനെയുള്ള കരണത്തിന്, ഈ വകുപ്പിലെ (എ) എന്ന ഖണ്ഡപ്രകാരം അതിന്മേൽ ചുമത്തേണ്ടതായ മുദ്രവില കൊടുക്കുന്നതിന് ആവശ്യമായ മുദ്രകൾ, അങ്ങനെയുള്ള കരണത്തിന് കൂടുതൽ മുദ്രവില ചുമത്തേണ്ടതായി തീർന്ന സമയത്ത് ആ കരണം ആദ്യത്തെ തവണ കേരള സംസ്ഥാനത്ത് കിട്ടിയ കരണമായിരുന്നാലെന്ന പോലെ അതേ വിധത്തിലും അതേ സമയത്തും അതേ ആളുകളാലും പതിക്കേണ്ടതാകുന്നു.

(സി) 32-ാം വകുപ്പ് 3-ാം ഉപവകുപ്പോടു ചേർത്ത ക്ലിപ്ത നിബന്ധനയിലെ (ബി) എന്ന ഖണ്ഡത്തിലടങ്ങിയ വ്യവസ്ഥകൾ, അങ്ങനെയുള്ള കരണം മേൽപറഞ്ഞ കൂടുതലായ മുദ്രവില ചുമത്തത്തക്കതായിത്തീർന്നപ്പോൾ ഇന്ത്യയ്ക്ക് പുറമേവച്ച് എഴുതികൊടുത്തതോ ആദ്യം എഴുതികൊടുത്തതോ ആയതും കേരള സംസ്ഥാനത്ത് ആദ്യം കിട്ടിയതുമായ ഒരു കരണമായിരുന്നാലെന്നപോലെ അങ്ങനെയുള്ള കരണത്തിനെ സംബന്ധിക്കുന്നതും, എന്നാൽ മേൽപ്പറഞ്ഞ ക്ലിപ്ത നിബന്ധനയിലെ (എ) എന്ന ഖണ്ഡത്തിലടങ്ങിയ വ്യവസ്ഥ അതിനു സംബന്ധിക്കുന്നതല്ലാത്തതും ആകുന്നു.

## (ഡി) മുദ്രസല നിശ്ചയിക്കുന്നതിനെപ്പറ്റി

**20. വിദേശനാണ്യങ്ങളിൽ പറഞ്ഞിരിക്കുന്ന സംഖ്യ ഈ രാജ്യത്തിലെ നാണ്യത്തിലാക്കൽ._** (1) ഇന്ത്യയിലേതല്ലാത്ത വല്ല നാണ്യത്തിലും പറഞ്ഞിരിക്കുന്ന വല്ല പണത്തിന്റെയും കാര്യത്തിൽ ഒരു കരണത്തിന് സലയുടെ അവസ്ഥപോലെ മുദ്രവില ചുമത്തേണ്ടതായിരിക്കുമ്പോൾ ആ വില ആ കരണത്തിന്റെ തീയതിക്ക് നടപ്പുള്ള നാണയവിനിമയ നിരക്കു പ്രകാരം ഇൻഡ്യയിൽ നടപ്പുള്ള നാണ്യത്തിന്റെ വിലയിന്മേൽ കണക്കാക്കേണ്ടതാണ്.

(2) 1889 -ലെ ഇൻഡ്യൻ മുദ്രപത്ര ആക്റ്റ് (1889 ലെ 2-ാം സെൻട്രൽ ആക്റ്റ്) 20-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ച നാണയ വിനിമയ നിരക്ക്, (1)-ാം ഉപവകുപ്പ് പ്രകാരം മുദ്രവില കണക്കാക്കേണ്ട ആവശ്യങ്ങൾക്കായി ഏതെങ്കിലും വിദേശനാണ്യം മാറ്റുന്നതിനു നടപ്പിലുള്ള നാണയ വിനിമയ നിരക്കായി കരുതേണ്ടതാകുന്നു.

**21. സ്റ്റോക്കുപത്രങ്ങളും വിൽക്കാവുന്ന ഉറപ്പുപത്രങ്ങളും വിലമതിക്കേണ്ടത് എങ്ങനെയെന്ന്._** (1) വല്ല സ്റ്റോക്കുപത്രത്തിന്റെയോ വിൽക്കാവുന്നതോ മറ്റോ ആയ വല്ല ഉറപ്പുപത്രത്തിന്റെയോ കാര്യത്തിൽ ഒരു കരണത്തിന് സലയുടെ അവസ്ഥപോലെ മുദ്രവില ചുമത്തേണ്ടതായിരിക്കുമ്പോൾ, ആമുദ്രവില ആ കരണത്തിന്റെ തീയതിക്ക് ആ സ്റ്റോക്കിനോ ഉറപ്പു പത്രത്തിനോ ഉള്ള ശരാശരി വിലയോ സലയോ അനുസരിച്ച് അതിനുള്ള വിലയിന്മേൽ കണക്കാക്കേണ്ടതാകുന്നു.

**22. നാണയവിനിമയ നിരക്കോ ശരാശരി വിലയോ പറഞ്ഞിരിക്കുന്നതിന്റെ ഫലം._** ഒരു കരണത്തിൽ, കാര്യത്തിന്റെ ആവശ്യം പോലെ, നടപ്പിലുള്ള നാണ്യവിനിമയ നിരക്കോ, ശരാശരി വിലയോ ഇത്രയെന്നുള്ള ഒരു സ്റ്റേറ്റുമെന്റ് അടങ്ങിയിരിക്കുകയും, ആ സ്റ്റേറ്റുമെന്റ് അനുസരിച്ച് മുദ്ര പതിച്ചിരിക്കുകയും ചെയ്യുമ്പോൾ, വിപരീതമായി തെളിയിക്കുന്നതുവരെ ആ സ്റ്റേറ്റുമെന്റിലെ കാര്യസാധനത്തെ സംബന്ധിച്ചിടത്തോളം, ആ കരണം ശരിയായി മുദ്ര പതിക്കപ്പെട്ടതായി കരുതേണ്ടതാണ്.

**23. പലിശവച്ചുള്ള കരണം._** ഒരു കരണത്തിലെ നിശ്ചയങ്ങളാൽ പലിശ കൊടുക്കേണ്ടതായി വ്യക്തമായി പറഞ്ഞിരിക്കുമ്പോൾ അതിൽ പലിശയെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ ആ കരണത്തിന് എത്ര മുദ്രവില ചുമത്തേണ്ടതായിരിക്കുമായിരുന്നുവോ അതിൽ കൂടുതലായ ഒരു മുദ്രവില ആ കരണത്തിന് ചുമത്തേണ്ടതായിരിക്കുകയില്ല,

**24. വിക്രയം ചെയ്യാവുന്ന ഉറപ്പുപത്രങ്ങളുടെ പണയങ്ങളെ സംബന്ധിച്ചുള്ള ചില കരണങ്ങൾക്ക് ഉടമ്പടിയെ പോലെ മുദ്രവില ചുമത്തണമെന്ന് ._**

(1) ഒരു കരണം ------

(എ) വായ്പ്പയായി കൊടുത്തതോ, കൊടുക്കാൻ പോകുന്നതോ ആയ പണത്തിനോ തൽക്കാലം ഉള്ളതോ, മേലാൽ ഉണ്ടാകുന്നതോ ആയ ഒരു കടത്തിനോ ഉറപ്പിനായി വിക്രയം ചെയ്യാവുന്ന വല്ല ഉറപ്പുപത്രവും അനാമത്തുവയ്ക്കുമ്പോൾ കൊടുക്കുകയോ, അല്ലെങ്കിൽ -----

(ബി) ഉറപ്പിനായി, വിക്രയം ചെയ്യാവുന്ന വല്ല ഉറപ്പുപത്രത്തിന്റെയും ശരിയായി മുദ്ര പതിച്ചിട്ടുള്ള ഒരു കൈമാറ്റാധാരത്തെ വീണ്ടെടുക്കാവുന്നതാക്കുകയോ ക്ലിപ്തസഹിതമാക്കിത്തീർക്കുകയോ ചെയ്യുമ്പോൾ, അതിന് പട്ടികയിലെ 5-ാം വകുപ്പുപ്രകാരം അതു മുദ്രവില ചുമത്തത്തക്ക ഒരു ഉടമ്പടിയോ ഉടമ്പടിയുടെ ഒരു മെമ്മോറാണ്ടമോ ആയിരുന്നാലെന്നപോലെ മുദ്രവില ചുമത്തേണ്ടതാണ്.

(2) ആ വക വല്ല കരണത്തിന്റേയും ഒഴിമുറിക്കോ, വല്ല കരണപ്രകാരമുള്ള പണം കൊടുത്തു ആ കരണം ദുർബലപ്പെടുത്തുന്നതിനോ തൽസമാനമായ മുദ്രവില ചുമത്തണ്ടതാകുന്നു.

**25. ഒരു കടത്തെ പ്രതിഫലമാക്കിയോ മേലിൽ പണം അടയ്ക്കുന്നത് അനുസരിച്ചോ മറ്റോ ചെയ്യുന്ന കൈമാറ്റാധാരത്തിന് എങ്ങനെ മുദ്രവില ചുമത്തണമെന്ന്._** വല്ല മുതലും, വല്ല കടവും മുഴുവനുമോ ഏതാനുമോ പ്രതിഫലമാക്കീട്ടാകട്ടെ ആ മുതലിന്മേൽ ഒരു ബാദ്ധ്യതയോ കുടിക്കടമോ ആയിരിക്കുന്നതോ, ആയിത്തീരുന്നതോ അല്ലാത്തതോ ആയ വല്ല പണമടവിനോ സ്റ്റോക്കിന്റെ

കൈമാറ്റത്തിനോ നിശ്ചിതമായോ അനിശ്ചിതമായോ അനുസരിച്ചാകട്ടെ കൈമാറി വല്ല ആൾക്കും കൊടുക്കുമ്പോൾ ആ കടമോ പണമോ സ്റ്റോക്കോ (പലിശയുട്ടിട്ട ദ്രവ്യം) സലയുടെ അവസ്ഥപോലെ ആ കൈമാറ്റാധാരത്തിന് മുദ്രവില ചുമത്തേണ്ടത് ഏതു പ്രതിഫലത്തിനാണോ അതത് സംഗതിപോലെ ആ പ്രതിഫലം മുഴുവനുമോ ഏതാനുമോ ആണെന്ന് കരുതേണ്ടതാണ്.

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും പട്ടികയിലെ 16-ാം വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള യാതൊരു വിക്രയ സർട്ടിഫിക്കറ്റിനും സംബന്ധിക്കുന്നതല്ല.

*വിവരണം. ------ ഒരു പണയത്തിനോ മറ്റു കടിക്കടത്തിനോ ഉൾപ്പെട്ട മുതൽ വിക്രയം ചെയ്യുന്ന സംഗതിയിൽ കൊടുക്കാതെ ബാക്കി നിർത്തിയ വല്ല പണയ ദ്രവ്യമോ, പണമോ അതും അതിന്മേൽ ചെല്ലേണ്ടുന്ന പലിശ വല്ലതുമുണ്ടെങ്കിൽ അതും വിക്രയ പ്രതി ഫലത്തിന്റെ ഭാഗമായി കരുതേണ്ടതാണ്.*

എന്നാൽ ഒരു പണയത്തിന് ഉൾപ്പെട്ട മുതൽ പണയക്കാരന് കൈമാറ്റം ചെയ്യുമ്പോൾ, ആ പണയത്തിന്റെ കാര്യത്തിൽ മുമ്പുതന്നെ കൊടുത്ത വല്ല മുദ്രവില സംഖ്യയും [1][ **** ***** ****** **** ] ആ കൈമാറ്റത്തിന് കൊടുക്കേണ്ട മുദ്രവിലയിൽ നിന്ന് കിഴിച്ചു കിട്ടുന്നതിന് അയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

**ഉദാഹരണങ്ങൾ.-----**

(1)എ എന്നയാൾ ബി യ്ക്ക് 1000 രൂപ കൊടുക്കാനുണ്ട്. 500 രൂപ പ്രതിഫലമായും മുമ്പത്തെ 1000 രൂപ കടത്തിന്റെ ബാദ്ധ്യത തീർക്കാനും നിശ്ചയിച്ചു. എ, ബി യ്ക്ക് ഒരു മുതൽ വിക്രയം ചെയ്യുന്നു. 1500 രൂപയുടെ മുദ്രവില അടയ്ക്കണം.

(2) എ എന്ന ആൾ ബി യ്ക്ക് 500 രൂപയ്ക്ക് ഒരു മുതൽ വിക്രയം ചെയ്യുന്നു. ഈ മുതലിന്മേൽ സി യ്ക്ക് 1000 രൂപ പണയബാദ്ധ്യതയും 200 രൂപ പലിശ ബാക്കിയും ഉണ്ട് ഇതിൽ 1700 രൂപയുടെ മുദ്രവില അടയ്ക്കണം.

(3) എ എന്ന ആൾ ബി യ്ക്ക് 10000 രൂപ വിലയ്ക്കുള്ള ഒരു വീട് 5000 രൂപയ്ക്ക് പണയം വയ്ക്കുന്നു. ബി പിന്നെ എ യോട് ആ വീട് വാങ്ങുന്നു. പണയത്തിന് മുമ്പ് തന്നെ അടച്ച മുദ്രവില സംഖ്യ, 10000 രൂപയുടെ മുദ്രവിലയിൽ നിന്ന് കിഴിച്ച് ബാക്കി അടയ്ക്കണം.

**26. വർഷാശനത്തിന്റെയും മറ്റും കാര്യത്തിൽ സല നിശ്ചയിക്കൽ._** ഒരു വർഷാശനമാകട്ടെ, കാലന്തോറും അടയ്ക്കാനുള്ള മറ്റു സംഖ്യയാകട്ടെ അടയ്ക്കുന്നതിലേക്ക് ഉറപ്പിനായി ഒരു കരണം എഴുതികൊടുക്കുമ്പോഴോ അല്ലെങ്കിൽ തീറാധാരത്തിനുള്ള പ്രതിഫലം ഒരു വർഷാശനമോ, കാലന്തോറും അടയ്ക്കാനുള്ള മറ്റു സംഖ്യയോ ആയിരിക്കുമ്പോഴോ, അതതു സംഗതിപോലെ ആ കരണത്താൽ ഉറപ്പിക്കപ്പെട്ട തുകയോ ആ തീറാധാരത്തിനുള്ള പ്രതിഫലമോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കു താഴെ പറയുന്നതായി കരുതപ്പെടുന്നതാണ്.

(എ) അടയ്ക്കേണ്ടുന്ന ഒട്ടാകെയുള്ള സംഖ്യ ഇത്ര എന്നു മുൻകൂട്ടി അറിവാൻ പാടുള്ളതായിരിക്കത്തക്കവണ്ണം ആ തുക ഒരു ക്ലിപ്തകാലത്തേക്ക് അടയ്ക്കേണ്ടതായിരിക്കുമ്പോൾ ആ ഒട്ടാകെയുള്ള സംഖ്യ;

---

1. *1973 ലെ 7-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1973 മുതൽ പ്രാബല്യത്തോടെ " (3എ. എന്ന വകുപ്പ് (2) -ാം ഉപവകുപ്പനുസരിച്ച് നൽകിയ അധിക മുദ്രവില അല്ലാത്ത " എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.*

(ബി) ആ തുക ശാശ്വതമായിട്ടോ, ആ കരണത്തിന്റെയോ, തീറാധാരത്തിന്റെയോ, തീയതിക്കുള്ള വല്ല ആളുടെയും ജീവനോട്ടുകൂടി അവസാനിക്കാത്തതായ ഒരു അക്ലിപ്ത കാലത്തേക്കോ അടയ്ക്കേണ്ടതായിരിക്കുമ്പോൾ, ആ കരണത്തിലെയോ, തീറാധാരത്തിലെയോ നിശ്ചയങ്ങൾ അനുസരിച്ച് ആദ്യത്തെ സംഖ്യ അടയ്ക്കേണ്ടുന്ന തീയതി മുതൽക്ക് കണക്കാക്കുന്ന ഇരുപത് വർഷത്തേക്ക് അടയ്ക്കത്തക്കതായി വരുന്നതോ വരാവുന്നതോ ആയ ഒട്ടാകെയുള്ള സഖ്യ;

(സി) ആ തുക ആ കരണമോ, തീറാധാരമോ എഴുതി കൊടുക്കുന്ന തീയതിക്കുള്ള വല്ല ആളുടെയും ജീവനോട്ടുകൂടി അവസാനിക്കുന്ന ഒരു അക്ലിപ്ത കാലത്തേക്കു അടയ്ക്കത്തക്കതായിരിക്കുമ്പോൾ, ആദ്യത്തെ സംഖ്യ അടയ്ക്കേണ്ടുന്ന തീയതി മുതൽക്ക് കണക്കാക്കുന്ന പന്ത്രണ്ട് വർഷത്തേക്ക് മേൽപ്പറഞ്ഞപ്രകാരം അടയ്ക്കത്തക്കതായി വരുന്നതോ വരാവുന്നതോ ആയ പരമാവധി സംഖ്യ.

**27. കാര്യസാധനത്തിന്റെ സല നിശ്ചയിക്കാൻ പാടില്ലാത്തപ്പോൾ മുദ്ര._** സല അനുസരിച്ച് മുദ്രവില ചുമത്തത്തക്ക വല്ല കരണത്തിലെയും കാര്യ സാധനത്തിന്റെ തുകയോ വിലയോ ആയതു ഒപ്പിട്ടു കൊടുക്കുന്ന തീയതിക്കോ ആദ്യം ഒപ്പിട്ടു കൊടുക്കുന്ന തീയതിക്കോ, നിർണ്ണയിക്കുവാൻ കഴിയാതിരിക്കുകയോ കഴിയാതിരുന്നിരിക്കയോ ചെയ്യുമ്പോൾ അതേ വിധമായ ഒരു കരണത്തിൽ തുകയോ വിലയോ പറഞ്ഞിരിക്കുന്ന പക്ഷം യഥാർത്ഥമായി ഉപയോഗിച്ച മുദ്ര എത്ര വലിയ തുകയ്ക്കോ വിലയ്ക്കോ കരണം ഒപ്പിട്ട തീയതിക്കു മതിയായിരിക്കുമായിരുന്നുവോ ആ വലിയ തുകയിൽ കവിഞ്ഞ യാതൊന്നും ആ കരണപ്രകാരം വസൂലാക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഒരു ഖനി പാട്ടച്ചാർത്തിന് കൊടുത്തിരിക്കുകയും, രാജഭോഗമോ (Royalty), ഉൽപ്പന്നത്തിന്റെ ഒരു ഓഹരിയോ പാട്ടമായോ പാട്ടത്തിന്റെ അംശമായോ വസൂലാക്കുകയും ചെയ്യുന്ന സംഗതിയിൽ മുദ്രവിലയുടെ ആവശ്യത്തിലേക്ക് ആ വക രാജഭോഗമോ ആ വക ഓഹരിയുടെ വിലയോ----

(എ) ആ പാട്ടം ഗവൺമെന്റിൽ നിന്നോ ഗവൺമെന്റിനുവേണ്ടിയോ കൊടുത്തിരിക്കുമ്പോൾ, ആ കാര്യത്തിന്റെ എല്ലാ അവസ്ഥകളും ആലോചിച്ച് ഗവൺമെന്റിലേക്ക് പാട്ടച്ചാർത്ത് പ്രകാരം രാജഭോഗമായിട്ടോ, ഓഹരിയായിട്ടോ, കൊടുക്കുവാനിടയുള്ളതായി കളക്ടർ കണക്കാക്കിയിട്ടുള്ള സംഖ്യയായോ, വിലയായോ, അല്ലെങ്കിൽ,

(ബി) ആ പാട്ടച്ചാർത്ത് വേറെ വല്ല ആളും കൊടുത്തതായിരിക്കുമ്പോൾ കൊല്ലത്തിൽ ഇരുപതിനായിരം രൂപയായോ കണക്കാക്കിയാൽ മതിയായിരിക്കുകയും, ആ വക രാജഭോഗത്തിന്റെയോ ഓഹരിയുടെയോ സംഖ്യ എന്തു തന്നെ ആയാലും അതു മുഴുവനും ആ പാട്ടച്ചാർത്ത് പ്രകാരം തേർച്ച ചെയ്യാവുന്നതായിരിക്കയും ചെയ്യും,

എന്നു മാത്രമല്ല, ഏതെങ്കിലും കരണത്തിന്റെ കാര്യത്തിൽ 31-ാം വകുപ്പോ 39-ാം വകുപ്പോ പ്രകാരം നടപടികളെടുത്തിരിക്കുമ്പോൾ, കളക്ടർ സാക്ഷപ്പെടുത്തിയ സംഖ്യ, എഴുതികൊടുത്ത തീയതിക്ക് യഥാർത്ഥമായി ഉപയോഗിച്ച മുദ്രയായി കരുതപ്പെടുകയും വേണം.

**28. മുദ്രവിലയെ ബാധിക്കുന്ന സംഗതികൾ കരണത്തിൽ കാണിക്കണമെന്ന്._** [1][(1)] വല്ല കരണത്തിലും [2][വല്ല പ്രതിഫലവും ഉണ്ടെങ്കിൽ അതും ഭൂമിയുടെ ന്യായവിലയും] അതിന്റെ മുദ്രവില ചുമത്തത്തക്ക ബാദ്ധ്യതയേയോ അതിനു ചുമത്തേണ്ടുന്ന മുദ്രവിലയുടെ സംഖ്യയേയോ ബാധിക്കുന്ന മറ്റെല്ലാ സംഗതികളും അവസ്ഥകളും ആ കരണത്തിൽ പൂർണ്ണമായും നേരായും വിവരിക്കേണ്ടതാകുന്നു.

[3][(2) കരണത്തിൽ കാണിച്ചിട്ടുളള വിലയിന്മേലോ പ്രതിഫലത്തിന്മേലോ അല്ലാതെ ഭൂമിയുടേയും വസ്തുവിന്റെയും ന്യായവിലയിന്മേൽ ഒരു അഡ് വലോറം ഡ്യൂട്ടി ചുമത്തേണ്ട സ്ഥാവരവസ്തുവിനെ സംബന്ധിച്ച കരണങ്ങളുടെ സംഗതിയിൽ, അങ്ങനെയുള്ള കരണങ്ങളിൽ, അവയിലുൾപ്പെട്ട ഭൂമിയിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുവകകളുടെയും വില, പൂർണ്ണമായും ശരിയായും കാണിക്കേണ്ടതാണ്.]

[4][**28(എ). ഭൂമിവിലയുടെ ന്യായവില നിജപ്പെടുത്തൽ._** (1) ഭൂമിയെ സംബന്ധിച്ച കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ, തന്റെ അധികാര പരിധിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയ്ക്ക് സർക്കാർ ഇതു സംബന്ധിച്ചുണ്ടാക്കിയ ചട്ടങ്ങൾക്കു വിധേയമായി, ന്യായവില നിജപ്പെടുത്തേണ്ടതാണ്.

[5][(1എ) ഭൂമിയുടെ ന്യായവിലയിൽ എന്തെങ്കിലും ഗണ്യമായ വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുളള പക്ഷം റവന്യൂ ഡിവിഷണൽ ആഫീസർക്ക്, ഓരോ അഞ്ച് വർഷത്തിലും അല്ലെങ്കിൽ സർക്കാർ അപ്രകാരം നിർദ്ദേശിക്കുകയാണെങ്കിൽ, അതിന് മുമ്പായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കാവുന്നതാണ്.

(1ബി) ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, (1എ) ഉപ വകുപ്പ് പ്രകാരം ന്യായവില പുതുക്കുന്നതിന് മുമ്പ് സർക്കാരിന്, കാലാകലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം മുഖേന, (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഭൂമിയുടെ ന്യായവിലയിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്താവുന്നതും അപ്രകാരം വർദ്ധിപ്പിച്ച വില ഭൂമിയുടെ ന്യായവിലയായി കരുതപ്പെടേണ്ടതുമാണ്.]

---

1. *2013 ലെ 28 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ 28-ാം വകുപ്പിനെ അതിന്റെ (1) -ാം ഉപവകുപ്പായി പുനരക്കമിട്ടു.*

2. *2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ 1-ാം ഉപ വകുപ്പിൽ **"വല്ല പ്രതിഫലവും ഉണ്ടെങ്കിൽ, അതും"** എന്നതിനു പകരം ചേർത്തത്.*

3. *2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ 2-ാം ഉപ വകുപ്പ് കൂട്ടിച്ചേർത്തു.*

4. *1994 ലെ 19-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1994 മുതൽ പ്രാബല്യത്തോടെ ചേർക്കപ്പെട്ടത്.*

5. *2014 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ ഉപ വകുപ്പ് (1എ), (1ബി) എന്നിവ കൂട്ടിച്ചേർത്തു.*

(2) റവന്യൂ ഡിവിഷണൽ ഓഫീസർ (1)-ാം ഉപവകുപ്പ പ്രകാരം ഭൂമിയുടെ ന്യായവില നിജപ്പെടുത്തുമ്പോൾ മറ്റു വസ്തുതകൾക്കൊപ്പം താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

(എ) പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വികസനാവസ്ഥ, അതായത് വാണിജ്യപരമായ പ്രാമുഖ്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയുള്ള സൗകര്യം;

(ബി) കമ്പോളങ്ങൾ, ബസ് സ്റ്റേഷനുകൾ, റയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സാമിപ്യം;

(സി) ഭൂമിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ പ്രകൃതി, അതായത് വരണ്ടതോ, തരിശോ, ചതുപ്പോ, തോട്ടമോ, എന്നതും, ഫലഭൂയിഷ്ടത, വിളവുകളുടെ സ്വഭാവം, ഉൽപ്പാദനശേഷി, കൃഷിച്ചെലവ് എന്നിവ;

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള മറ്റു കാര്യങ്ങൾ.

(3) (1)-ാം ഉപവകുപ്പ പ്രകാരം നിജപ്പെടുത്തിയ [1][ഭൂമിയുടെ ന്യായവിലയും (1എ) ഉപവകുപ്പ് പ്രകാരം നിജപ്പെടുത്തിയ ഭൂമിയുടെ പുതുക്കിയ ന്യായവിലയും] ഈ ആക്ടിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ പ്രകാരം ന്യായവില നിജപ്പെടുത്തിയതിൽ [2][അല്ലെങ്കിൽ (1എ) ഉപവകുപ്പ് പ്രകാരം ന്യായവില പുതുക്കിയതിൽ] സങ്കടമനുഭവിക്കുന്ന ഏതൊരാളിനും (3)-ാം ഉപവകുപ്പിന്റെ കീഴിൽ അത് പ്രസിദ്ധീകരിച്ച് [3][ഒരു വർഷത്തിനകം] കളക്ടർക്ക് അപ്പീൽ കൊടുക്കാവുന്നതാണ്. ]

[4][(5)(1ബി) ഉപവകുപ്പ് പ്രകാരം ഭൂമിയുടെ വർദ്ധിപ്പിച്ച ന്യായവില പ്രസിദ്ധീകരിച്ചതിന് ശേഷം, (4)-ാം ഉപവകുപ്പിൻകീഴിലെ ഒരു അപ്പീലിന്മേൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൽ സങ്കടമുള്ള ഏതൊരാൾക്കും, (1ബി) ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷ കാലയളവിനുള്ളിൽ അപ്പീൽ പാസ്സാക്കിയ ഉത്തരവ് പുനപ്പരിശോധിക്കുന്നതിനായി കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിക്കാവുന്നതും, കളക്ടർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലയളവിനുള്ളിലും ആയത് തീർപ്പാക്കേണ്ടതുമാണ്:]

---

1.*2014 ലെ 29-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ **"ഭൂമിയുടെ ന്യായവില"** എന്നതിനു പകരം ചേർത്തത്.*

2.*2014 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ ചേർത്തത്.*

3.*2010 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ **"30 ദിവസത്തിനകം"** എന്നതിനു പകരം ചേർത്തത്.*

4.*2015 ലെ 1-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2014 മുതൽ പ്രാബല്യത്തോടെ ചേർത്തത്.*

[1][എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുവാൻ അപ്പീൽ വാദിക്ക് മതിയായ കാരണമുണ്ടായിരുന്നു എന്ന് കളക്ടർക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ പ്രസതുത ഒരു വർഷത്തെ കാലയളവിന് ശേഷം സമർപ്പിക്കുന്ന ഒരു അപ്പീൽ അദ്ദേഹത്തിന് സ്വീകരിക്കാവുന്നതാണ്]

[2][**28(ബി).ഫ്ലാറ്റുകളുടെ/അപ്പാർട്ടുമെന്റുകളുടെ മൂല്യനിർണ്ണയം._** ഈ ആക്ടിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ------

(i) ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള വസ്തു കൈമാറ്റം ചെയ്യുന്ന, മുദ്രവില ചുമത്താവുന്ന ഒരു കരണത്തിൽ അതിലെ ഫ്ലാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം പൂർണ്ണമായും ശരിയായും കാണിച്ചിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി, കരണം ഒപ്പിട്ട് പൂർത്തിയാക്കുന്ന കക്ഷി, ഫ്ലാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ഒരു ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ ഇതിലേക്കായി വ്യക്തമാക്കാവുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാർ അധികാരപ്പെടുത്തുന്ന ക്ഷമതയുള്ള ഒരു അധികാരസ്ഥാനം കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി നൽകിയ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്;

(ii) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ, (i)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു കരണം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി, അതിനോടൊപ്പം ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയിട്ടുള്ള മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കരണത്തിൽ കാണിച്ചിട്ടുള്ള, അപ്രകാരമുള്ള ഫ്ലാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം ക്ഷമതയുള്ള അധികാരസ്ഥാനം തിട്ടപ്പെടുത്തിയിട്ടുള്ള മൂല്യത്തേക്കാൾ കുറവായിട്ടുള്ളതല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.]

[3][**28(സി).ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം._** ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ എന്തു തന്നെ അടങ്ങിയിരുന്നാലും അഡ് വലോറം ഡ്യൂട്ടി ചുമത്താവുന്ന ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് ഒഴികെയുള്ള ഒരു കെട്ടിടം ഉൾപ്പെടെ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന ഒരു കരണത്തിൽ, അതിലെ കെട്ടിടത്തിന്റെ മൂല്യം പൂർണ്ണമായും ശരിയായും വിവരിച്ചിരിക്കേണ്ടതും ഈ ആവശ്യത്തിലേക്കായി കെട്ടിടത്തിന്റെ മൂല്യ നിർണ്ണയം, 1961 ലെ ആദായനികുതി ആക്ടിന്റെ (1961-ലെ 43-ാം കേന്ദ്ര ആക്ട്) 48-ാം കേന്ദ്ര വകുപ്പിന്റെ അടിസ്ഥാന ത്തിലുള്ള കോസ്റ്റ് ഇൻഫ്ളേഷൻ ഇൻഡെക്സിന്റെ അടിസ്ഥാനത്തിൽ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിശ്ചയിക്കേണ്ടതുമാണ്.]

**29. ചില തീറാധാരങ്ങളുടെ കാര്യത്തിൽ മുദ്രവിലയെപ്പറ്റിയുള്ള നിർദ്ദേശം._** (1) വല്ല മുതലും ഒട്ടാകെ ഒരു പ്രതിഫലത്തിനായി വിൽക്കാൻ കരാർ ചെയ്തിരിക്കയും അതു വെവ്വേറെ കരണങ്ങളാൽ ഏതാനും ഏതാനുമായി ക്രേതാവിനു തീറാധാരമായി കൊടുക്കുകയും ചെയ്യുമ്പോൾ , അതതു ഭാഗത്തിന് സംബന്ധിക്കുന്ന അതതു തീറാധാരത്തിൽ അതതു ഭാഗത്തിന് പ്രത്യേകം പ്രത്യേകം ഓരോ പ്രതിഫലം എഴുതിതിയിരിക്കുന്ന പക്ഷം കക്ഷികൾക്ക് തങ്ങൾക്ക് ശരിയായി തോന്നുന്നപോലെ പ്രതിഫലം ഭാഗിക്കേണ്ടതും അങ്ങനെയുള്ള തീറാധാരത്തിന്

*1.2013 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ ചേർത്തത്.*

*2.2016 ലെ 18-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ ചേർത്തത്.*

*3.2018 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ 28 സി ചേർത്തു.*

[1][അങ്ങനെയുള്ള പ്രത്യേകമായ പ്രതിഫലം സംബന്ധിച്ച് അല്ലെങ്കിൽ അങ്ങനെയുള്ള ഓരോ പ്രത്യേക ഭാഗത്തിന്റെയും ന്യായവിലയും അതിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെ അതിലുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയും, ഇവയിൽ ഏതാണോ കൂടുതൽ അതിന്മേൽ അഡ് വലോറം ഡ്യൂട്ടി] ചുമത്തേണ്ടതും ആകുന്നു.

(2) ഒട്ടാകെ ഒരു പ്രതിഫലത്തിനായി രണ്ടോ അതിലധികമോ ആളുകൾ കൂട്ടായിട്ടോ വല്ല ആളും തനിക്കും മറ്റു ചിലർക്കും ആയിട്ടോ, അല്ലെങ്കിൽ മുഴുവനും മറ്റു ചിലർക്കായിട്ടോ വാങ്ങുവാൻ കരാർ ചെയ്തിരിക്കുന്ന മുതലിനെ ആ മുതൽ വാങ്ങിയ ആളുകൾക്കാകട്ടെ അത് ആർക്കായി വാങ്ങിയോ അവർക്കാകട്ടെ ഏതാനും ഏതാനുമായി വെവ്വേറെ കരണങ്ങളാൽ പ്രതിഫലത്തിന്റെ വെവ്വേറെ ഭാഗങ്ങൾക്കായി തീറു കൊടുക്കുമ്പോൾ ആ ഓരോ ഭാഗത്തിനുള്ള തീറാധാരത്തിനു [2][അതിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രതിഫലത്തിന്റെ പ്രത്യേക ഭാഗം സംബന്ധിച്ച് അല്ലെങ്കിൽ അങ്ങനെയുള്ള പ്രത്യേക ഭാഗത്തിന്റെ ന്യായവിലയും അതിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെ അതിലുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയും, ഇവയിൽ ഏതാണോ കൂടുതൽ അതിന്മേൽ അഡ് വലോറം ഡ്യൂട്ടി ] ചുമത്തേണ്ടതാണ്.

(3) വല്ല മുതലും വിലയ്ക്ക് വാങ്ങുവാൻ കരാർ ചെയ്തിരിക്കുകയും എന്നാൽ അതിന് ഒരു തീറാധാരം കിട്ടീട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ ആയതു മറ്റു വല്ല ആൾക്കും വിൽക്കാൻ കരാർ ചെയ്കയും അതു നിമിത്തം മുതൽ ഉടനെ ആ രണ്ടാം ക്രേതാവിനു തീറായികൊടുക്കുകയും ചെയ്യുമ്പോൾ ആദ്യത്തെ ക്രേതാവ് രണ്ടാമത്തെ ക്രേതാവിനു ചെയ്യുന്ന വിക്രയത്തിനുള്ള [3][പ്രതിഫലം സംബന്ധിച്ച് അല്ലെങ്കിൽ വസ്തുവിന്റെ ന്യായവിലയും അതിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെ അതിലുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയും ഇവയിൽ ഏതാണോ കൂടുതൽ അതിന്മേൽ തീറാധാരത്തിന് അഡ് വലോറം ഡ്യൂട്ടി] ചുമത്തേണ്ടതാണ്.

(4) വല്ല മുതലും വിലയ്ക്ക് വാങ്ങുവാൻ കരാർ ചെയ്തിരിക്കുകയും എന്നാൽ തീറാധാരം കിട്ടീട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ അതു മുഴുവനുമോ അതിൽ വല്ല ഭാഗമോ മറ്റുവല്ല ആൾക്കോ ആളുകൾക്കോ വിൽക്കാൻ കരാർ ചെയ്യുകയും അതു നിമിത്തം ആദ്യ വിക്രയ മുതൽ ഏതാനും ഏതാനുമായി വെവ്വേറെ ആളുകൾക്ക് തീറായി കൊടുക്കുകയും ചെയ്യുമ്പോൾ, ഒരു രണ്ടാം ക്രേതാവിനു വിൽക്കുന്ന ഓരോ ഭാഗത്തിന്റെ തീറാധാരത്തിനും ആ രണ്ടാം ക്രേതാവ് അടയ്ക്കുന്ന പ്രതിഫലത്തിന്റെ കാര്യത്തിൽ മാത്രം, ആദ്യത്തെ അസ്സൽ പ്രതിഫലത്തുകയോ വിലയോ നോക്കാതെ സലയുടെ അവസ്ഥപോലെ മുദ്രവില ചുമത്തേണ്ടതാകുന്നു: ആ മുതലിൽ വല്ലതും ശേഷിപ്പുണ്ടെങ്കിൽ ആ ശേഷിപ്പ് ആദ്യ ക്രേതാവിനു കൈമാറ്റം ചെയ്യുന്ന ആധാരത്തിന്, ആദ്യത്തെ പ്രതിഫലം രണ്ടാമത്തെ ക്രേതാക്കൾ അടച്ച പ്രതിഫലങ്ങളുടെ ഒട്ടാകെയുള്ള സംഖ്യയെക്കാൾ എത്ര അധികമുണ്ടോ അതിന്റെ കാര്യത്തിൽ മാത്രം സലയുടെ അവസ്ഥപോലെ ചുമത്തേണ്ടതാകുന്നു:

എന്നാൽ, ഈ ഒടുവിൽ പറഞ്ഞ തീറാധാരത്തിന്റെ മുദ്രവില യാതൊരു സംഗതിയിലും രണ്ട് രൂപയിൽ കുറയാൻപാടില്ല സലയുടെ അവസ്ഥപോലെ മുദ്രവില ചുമത്തേണ്ടതാകുന്നു:

---

1. *2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ* ***"പ്രത്യേകമായുള്ള പ്രതിഫലത്തിന്റെ കാര്യത്തിൽ സലയുടെ അവസ്ഥപോലെയുള്ള മുദ്രവില"*** *എന്നതിനു പകരം ചേർത്തത്.*

2. *2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ* ***"അതിൽ വിവരിച്ചിരിക്കുന്ന പ്രത്യേക പ്രതിഫലാംശത്തിന്റെ കാര്യത്തിൽ സലയുടെ അവസ്ഥപോലെയുള്ള മുദ്രവില"*** *എന്നതിനു പകരം ചേർത്തത്.*

3. *2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ* ***"പ്രതിഫലത്തിന്റെ കാര്യത്തിൽ തീറാധാരത്തിന് സലയുടെ അവസ്ഥപോലെയുള്ള മുദ്രവില"*** *എന്നതിനു പകരം ചേർത്തത്.*

(5) രണ്ടാമത്തെ ക്രേതാവ് തനിക്ക് നേരിട്ട് വിൽക്കുന്ന ആളുടെ അവകാശത്തിന്റെ യഥാർത്ഥമായ ഒരു തീറാധാരം വാങ്ങുകയും ആയതു അയാൾ അടയ്ക്കുന്ന പ്രതിഫലത്തിന്റെ കാര്യത്തിൽ വിലയുടെ അവസ്ഥപോലെ മുദ്രവില ചുമത്തത്തക്കതായിരിക്കുകയും അതനുസരിച്ച് ക്രമപ്രകാരം മുദ്ര പതിച്ചിരിക്കുകയും ചെയ്യുമ്പോൾ, ആദ്യ വിക്രയി, അതേ മുതലിനു പിന്നെ അയാൾക്ക് എഴുതികൊടുക്കുന്ന ഏതൊരു തീറാധാരത്തിനും അങ്ങനെയുള്ള ആദ്യ വിക്രയിക്ക് സിദ്ധിച്ച പ്രതിഫലത്തിനുള്ള ഒരു തീറാധാരത്തിന്മേൽ ചുമത്തേണ്ടതിനു തുല്യമായ ഒരു മുദ്രവിലയോ അല്ലെങ്കിൽ ആ മുദ്രവില പത്ത് രൂപയിൽ കവിയുമ്പോൾ പത്തു രൂപ മുദ്രവിലയോ ചുമത്തേണ്ടതാകുന്നു.

## (ഇ) മുദ്രവില ആര് അടയ്ക്കണമെന്ന്

**30. മുദ്രവില ആര് അടയ്ക്കണമെന്ന്._** വിപരീതമായി ഒരു ഉടമ്പടി ഇല്ലാത്തപക്ഷം, ശരിയായ മുദ്ര നൽകാനുള്ള ചെലവ് താഴെ പറയുന്ന അതാതാളുകൾ ചെയ്യണം.

**(എ) പട്ടികയിൽ:------**

നമ്പർ 2 (വസ്തുക്കൾ വക കാര്യം നടത്തുവാനുള്ള പത്രം)

നമ്പർ 6 (ആധാരങ്ങൾ അനാമത്തു വയ്ക്കുന്നതിനെയോ, ഈടുവയ്ക്കുന്നതിനെയോ, പണയം വയ്ക്കുന്നതിനെയോ സംബന്ധിക്കുന്ന കരാർ)

നമ്പർ 13 (ബോണ്ട് എന്ന കടപ്പത്രം)

നമ്പർ 14 (കപ്പൽ പണയാധാരം)

നമ്പർ 25 [1][(ചുങ്കച്ചീട്ടോ, കേന്ദ്ര എക്സൈസ് കച്ചീട്ടോ)]

നമ്പർ 30 (വീണ്ടും കടം ചുമത്തുന്ന കരണം)

നമ്പർ 32 (ഇൻഡമ്നിറ്റി ബോണ്ട് എന്ന നഷ്ടം തീർക്കാനുള്ള കച്ചീട്ട്)

നമ്പർ 37 (പണയാധാരം)

നമ്പർ 48 (ഒഴിമുറി)

നമ്പർ 49 ( റെസ്പോണ്ടൻഷ്യാ ബോണ്ട് എന്ന കപ്പൽ ചരക്ക് പണയാധാരം)

നമ്പർ 50 (ജാമ്യക്കച്ചീട്ടോ പണയാധാരമോ)

നമ്പർ 51 (ധനനിശ്ചയാധാരം)

നമ്പർ 55 (സി) ( ഒരു ബോണ്ടിനാലോ പണയാധാരത്തിനാലോ ഉറപ്പിക്കപ്പെട്ട ഏതെങ്കിലും അവകാശത്തിന്റെ കൈമാറ്റം)

---

1. *1967 ലെ 17-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 15.09.1967 മുതൽ പ്രാബല്യത്തോടെ **"ചുങ്കച്ചീട്ട്"** എന്നതിനു പകരം **"ചുങ്കച്ചീട്ടോ, കേന്ദ്ര എക്സൈസ് കച്ചീട്ടോ"** എന്ന് ചേർത്തു..*

എന്നീ വകുപ്പുകളിൽ വിവരിച്ച ഏതെങ്കിലും കരണത്തിന്റെ സംഗതിയിൽ ആ കരണം എഴുതി ഉണ്ടാക്കുകയോ, നിർമ്മിക്കുകയോ, ഒപ്പിട്ടുകൊടുക്കുകയോ ചെയ്യുന്ന ആളും;

(ബി) (പണയപ്പെടുത്തപ്പെട്ട മുതൽ വീണ്ടും കൈമാറ്റം ചെയ്യുന്ന ഒരു ആധാരം ഉൾപ്പെടെ) ഒരു തീറാധാരത്തിന്റെ സംഗതിയിൽ മുതൽ കിട്ടുന്ന ആളും; ഒരു പാട്ടച്ചാർത്തിന്റെയോ, പാട്ടത്തിനുകൊടുക്കുന്നതിനുള്ള കരാറിന്റെയോ സംഗതിയിൽ പാട്ടച്ചാർത്തുകാരനും, അല്ലെങ്കിൽ പാട്ടത്തിനു വാങ്ങാൻ ഉദ്ദേശിക്കുന്ന ആളും;

(സി) എതിർ പാട്ടച്ചാർത്തിന്റെ സംഗതിയിൽ --- പാട്ടത്തിന് കൊടുക്കുന്ന ആളും;

[1] [(സി.സി) സംസ്ഥാന ബാർ കൗൺസിൽ വച്ചുപോരുന്ന അഭിഭാഷകരുടെ പട്ടികയിലെ എൻറോൾമെൻറ് സർട്ടിഫിക്കറ്റിന്റെ സംഗതിയിൽ ----- എൻറോൾ ചെയ്ത അഭിഭാഷകൻ; ]

(ഡി) ഒരു പരസ്പര മാറ്റാധാരത്തിന്റെ സംഗതിയിൽ ---- തുല്യ ഓഹരികളായി അതിലെ കക്ഷികളും ;

(ഇ) ഒരു വിക്രയ സർട്ടിഫിക്കറ്റിന്റെ സംഗതിയിൽ ----- ആ സർട്ടിഫിക്കറ്റ് സംബന്ധിക്കുന്ന മുതൽ വിലക്കു വാങ്ങുന്ന ആളും;

(എഫ്) ഒരു ഭാഗപത്രത്തിന്റെ സംഗതിയിൽ ---- ഭാഗിക്കപ്പെട്ട മുഴുവൻ മുതലിൽ അതാതു കക്ഷികൾക്കുള്ള ഓഹരികളുടെ അനുപാതത്തിലും, അല്ലെങ്കിൽ ഒരു റവന്യൂ അധികാരസ്ഥാനമോ, സിവിൽ കോടതിയോ മദ്ധ്യസ്ഥനോ പാസ്സാക്കിയ ഉത്തരവ് നടത്തുന്നതിൽ ഭാഗം ചെയ്യുമ്പോൾ അത്തരത്തിലുള്ള അധികാരസ്ഥാനമോ, കോടതിയോ, മദ്ധ്യസ്ഥനോ നിർദ്ദേശിക്കുന്ന വീതപ്രകാരവും അതിലെ കക്ഷികളും.

[2][**30എ. മുദ്രവിലയിന്മേൽ സർച്ചാർജ്ജ് ഇല്ല**._ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ, (1994-ലെ 13) 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ (1994 -ലെ 20) എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു കരണത്തിന്മേൽ ഒരു ഗ്രാമ പഞ്ചായത്തോ മുനിസിപാലിറ്റിയോ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനോ മുദ്രവിലയിന്മേൽ സർച്ചാർജ്ജ് ചുമത്തുവാനോ സമാഹരിക്കുവാനോ പാടുള്ളതല്ല.]

## അദ്ധ്യായം 3

## മുദ്രകളുടെ കാര്യത്തിൽ തീർപ്പ്

**31. ശരിയായ മുദ്രയെപ്പറ്റി തീർപ്പ്.**- (1) കൈയ്യൊപ്പിട്ടുകൊടുത്തതാകട്ടെ, അല്ലാത്തതാകട്ടെ, മുമ്പേ തന്നെ മുദ്ര പതിച്ചിട്ടുള്ളതാകട്ടേ അല്ലാത്തതാകട്ടെ, ആയ വല്ല കരണവും കളക്ടറുടെ അടുക്കൽ കൊണ്ടുവരികയും ആയതു കൊണ്ടുവരുന്ന ആൾ, അതിന്മേൽ മുദ്രവില ചുമത്തേണ്ടതാണെങ്കിൽ ആ മുദ്രവില എത്രയെന്ന് ആ ഉദ്യോഗസ്ഥന്റെ അഭിപ്രായം കിട്ടുവാൻ അപേക്ഷിക്കുകയും,

1. *1969 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം കൂട്ടി ചേർത്തു.*

2. *2010 ലെ 10 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തു.*

[1][അമ്പത് രൂപ ഫീസായി അടയ്ക്കുകയും] ചെയ്താൽ, കളക്ടർ, ആ കരണത്തിന് മുദ്രവില ചുമത്തേണ്ടതാണെങ്കിൽ, തന്റെ അഭിപ്രായത്തിൽ അതിന് ഇത്ര മുദ്രവില വേണമെന്ന് നിർണ്ണയിക്കേണ്ടതാണ്.

(2) ആ ആവശ്യത്തിലേക്കായി കളക്ടർ ആ കരണത്തിന്റെ ഒരു സംക്ഷേപവും കരണം മുദ്രവിലയ്ക്കുൾപ്പെടുന്നതിനെയോ അതിന്മേൽ ചുമത്തേണ്ടുന്ന മുദ്രവില സംഖ്യയേയോ ബാധിക്കുന്ന സകല സംഗതികളും അവസ്ഥകളും അതിൽ പൂർണ്ണമായും നേരായും കാണിച്ചിട്ടുണ്ടെന്ന് തെളിയിക്കാൻ തനിക്ക് ആവശ്യമായി തോന്നുന്ന സത്യവാങ്മൂലമോ മറ്റു തെളിവോ കൊടുക്കാൻ ആവശ്യപ്പെടുകയും ആ സംക്ഷേപവും തെളിവും അങ്ങനെ കൊടുക്കുന്നവരേയ്ക്കും ആ വക വല്ല അപേക്ഷയിന്മേലും നടപടിയെടുക്കാൻ വിസമ്മതിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ----

(എ) ഈ വകുപ്പു പ്രകാരം കൊടുക്കുന്ന യാതൊരു തെളിവും, ഏതൊരു കരണത്തെ സംബന്ധിക്കുന്നതാണോ അത് ആ കരണത്തിന് ചുമത്തേണ്ടുന്ന മുദ്രവില എന്താണെന്നതിനെപ്പറ്റിയുള്ള ഏതെങ്കിലും വിസ്താരത്തിൽ അല്ലാതെ, യാതൊരു സിവിൽ നടപടിയിലും യാതൊരാൾക്കും എതിരായി ഉപയോഗപ്പെടുത്താൻ പാടുള്ളതല്ല.

(ബി) ആ വക വല്ല തെളിവും കൊടുക്കുന്ന ഏതൊരാളും ആയത്, ഏത് കരണത്തിനു സംബന്ധിക്കുന്നവോ ആ കരണത്തിന് ചുമത്തേണ്ടുന്ന മുദ്രവില തികച്ചും അടച്ചാൽ മേൽപ്പറഞ്ഞ സംഗതികളോ അവസ്ഥകളോ വല്ലതും ആ കരണത്തിന്മേൽ നേരായി പ്രസ്താവിക്കാൻ വിട്ടുപോയത് ഹേതുവായി അയാൾ ഈ ആക്റ്റ് പ്രകാരം ബാദ്ധ്യതപ്പെട്ടിരിക്കുന്ന ഏതൊരു ശിക്ഷയിൽ നിന്നും മോചിപ്പിക്കപ്പെടുന്നതാണ്.

**32. കളക്ടറുടെ സർട്ടിഫിക്കറ്റ്.**- (1) 31-ാം ഉപവകുപ്പ് പ്രകാരം കളക്ടറുടെ അടുക്കൽ കൊണ്ടുവരുന്ന ഒരു കരണം കളക്ടറുടെ അഭിപ്രായത്തിൽ മുദ്രവില ചുമത്തത്തക്ക തരത്തിലുള്ളതായിരിക്കയും.

(എ) അതിനു മുമ്പേ തന്നെ തികച്ചും മുദ്രപതിച്ചിരിക്കുന്നുവെന്ന് കളക്ടർ നിശ്ചയിക്കുകയും, അല്ലെങ്കിൽ

(ബി) കളക്ടർ 31-ാം വകുപ്പ് പ്രകാരം നിശ്ചയിക്കുന്ന മുദ്രവിലയോ അല്ലെങ്കിൽ ആ കരണത്തിന്റെ കാര്യത്തിൽ മുമ്പേ അടച്ച മുദ്രവിലയോടു കൂടി അങ്ങനെ നിശ്ചയിച്ച മുദ്ര വിലയ്ക്ക് തുല്യമാവാൻ വേണ്ടുന്ന സംഖ്യയോ അടയ്ക്കുകയും ചെയ്താൽ, ആ കരണത്തിന്മേൽ ചുമത്തേണ്ടുന്ന മുദ്രവില (ഇത്ര എന്നു കാണിച്ച്) തികച്ചും അടച്ചിരിക്കുന്നുവെന്ന് കളക്ടർ ആ കരണത്തിന്മേൽ പുറത്തെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(2) ആ വക കരണം കളക്ടറുടെ അഭിപ്രായത്തിൽ മുദ്രവില ചുമത്തത്തക്കതല്ലെങ്കിൽ അത് മുദ്രവില ചുമത്തത്തക്കതല്ലെന്ന് കളക്ടർ മേൽപറഞ്ഞ പ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

---

1.*2013 ലെ 29 -ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ* ***"കളക്ടർ ഓരോ സംഗതിയിലും, നിർദ്ദേശിക്കുന്ന ഒരു തുക ഫീസായി അടയ്ക്കുകയും (ഈ തുക പത്തു രൂപയിൽ കവിയാനും ഒരു രൂപയിൽ കുറയാനും പാടില്ല"*** *എന്നതിനു പകരം ചേർത്തു.*

(3) ഈ വകുപ്പ പ്രകാരം ഒരു പുറത്തെഴുത്ത് എഴുതിയിട്ടുള്ള ഏതൊരു കരണവും, അതതു സംഗതിപോലെ, ക്രമപ്രകാരം മുദ്ര പതിച്ചതായോ അല്ലെങ്കിൽ മുദ്രവില ചുമത്തത്തക്കതല്ലാത്തതായോ കരുതേണ്ടതാണ്. മുദ്രവില ചുമത്തത്തക്കതാണെങ്കിൽ തെളിവിലോ മറ്റോ സ്വീകരിക്കത്തക്കതായിരിക്കുന്നതും അത് ആദ്യമേ ശരിയായി മുദ്ര പതിച്ചതായിരുന്നാൽ എപ്രകാരമോ അപ്രകാരം അതിന്റെ കാര്യത്തിൽ നടപടി എടുക്കുകയും അത് രജിസ്റ്ററാക്കുകയും ചെയ്യാവുന്നതുമാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും താഴെ പറയുന്ന കരണങ്ങളിൽ ഒന്നിന്മേലും അങ്ങനെ പുറത്തെഴുതുവാൻ കളക്ടറെ അധികാരപ്പെടുത്തുന്നതല്ല: ----

(എ) ഇൻഡ്യയിൽ വച്ച് എഴുതി ഒപ്പിട്ടു കൊടുത്തതോ അല്ലെങ്കിൽ ആദ്യം ഒപ്പിട്ടു കൊടുത്തതോ ആയതും അതതു സംഗതിപോലെ അത് എഴുതി ഒപ്പിട്ടു കൊടുത്ത തീയതിക്കോ ആദ്യം ഒപ്പിട്ടു കൊടുത്ത തീയതിക്കോ ശേഷം, ഒരു മാസം കഴിഞ്ഞ് അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവരുന്നതോ ആയതും ആയ ഏതെങ്കിലും കരണം, അല്ലെങ്കിൽ,

(ബി) ഇൻഡ്യയ്ക്ക് വെളിയിൽ വച്ച് ഒപ്പിട്ട് കൊടുക്കുകയോ ആദ്യം ഒപ്പിട്ടു കൊടുക്കുകയോ ചെയ്തതും സംസ്ഥാനത്ത് ആദ്യം കിട്ടിയതിന് ശേഷം മൂന്ന് മാസം കഴിഞ്ഞിട്ട് അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവരുന്നതും ആയ ഏതെങ്കിലും കരണം, അല്ലെങ്കിൽ,

(സി) [1][ഇരുപതു പൈസയോ] അതിൽ കുറവോ മുദ്രവില ചുമത്തത്തക്ക ഏതെങ്കിലും കരണം ശരിയായി മുദ്രപതിച്ചിട്ടില്ലാത്ത കടലാസ്സിൽ എഴുതി ഒപ്പിട്ടു കൊടുത്തതിന്റെ ശേഷം അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവരുമ്പോൾ ആ കരണം.

## അദ്ധ്യായം 4

## ശരിയായ മുദ്രപതിച്ചിട്ടില്ലാത്ത കരണങ്ങൾ

**33. കരണങ്ങൾ പരിശോധിക്കലും ബന്തവസ്സിൽ വയ്ക്കലും.-** (1) നിയമപ്രകാരമോ കക്ഷികളുടെ സമ്മതപ്രകാരമോ തെളിവെടുക്കാൻ അധികാരമുള്ള ഏതൊരാളും, ഒരു പോലീസ് ഉദ്യോഗസ്ഥനൊഴികെ ഒരു ഗവൺമെന്റാഫീസിന്റെ ചുമതല വഹിക്കുന്ന ഏതൊരാളും മുദ്രവില ചുമത്തത്തക്കതാണെന്നു തന്റെ അഭിപ്രായത്തിൽ തോന്നുന്ന വല്ല കരണവും തന്റെ പ്രവൃത്തികൾ നടത്തുമ്പോൾ തന്റെ മുമ്പാകെ ഹാജരാക്കുകയോ വരികയോ ചെയ്യുമ്പോൾ, ആ കരണം ശരിയായി മുദ്രപതിച്ചിട്ടുള്ളതല്ലെന്ന് തനിയ്ക്ക് തോന്നുന്നതാകയാൽ അത് ബന്തവസ്സിൽ വയ്ക്കേണ്ടതാണ്.

(2) ആ ആവശ്യത്തിനായി ആ വക ഏതൊരാളും, അങ്ങനെ മുദ്രവില ചുമത്തത്തക്കതും അങ്ങനെ തന്റെ മുമ്പിൽ ഹാജരാക്കുകയോ വരികയോ ചെയ്യുന്നതുമായ ഏതൊരു കരണവും ആയത് ഒപ്പിട്ടു കൊടുത്തപ്പോഴോ ആദ്യം ഒപ്പിട്ടുകൊടുത്തപ്പോഴോ സംസ്ഥാനത്തിൽ നടപ്പുള്ള നിയമത്താൽ ആവശ്യപ്പെട്ട വിലയ്ക്കും മാതിരിക്കും ഉള്ള ഒരു മുദ്ര അതിന്മേൽ പതിച്ചിട്ടുണ്ടോ എന്ന് നിർണ്ണയിക്കാനായി പരിശോധിക്കേണ്ടതാണ്, എന്നാൽ ----

---

*1. 1969ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ "**12 പൈസ**" എന്നത് "**20 പൈസ**" എന്നു ഭേദഗതി ചെയ്തു.*

(എ) ഇതിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും മജിസ്ട്രേട്ടോ. ഒരു ക്രിമിനൽ കോടതിയിലെ ജഡ്ജിയോ, അങ്ങനെ ചെയ്യുന്നത് യുക്തമാണെന്ന് വിചാരിക്കാത്ത പക്ഷം, 1898 ലെ ക്രിമിനൽ നടപടി നിയമം 12-ാം അദ്ധ്യായപ്രകാരമോ 36-ാം അദ്ധ്യായപ്രകാരമോ ഉള്ള നടപടിയല്ലാത്ത ഏതെങ്കിലും നടപടി നടക്കുമ്പോൾ തന്റെ മുമ്പിൽ വരുന്ന വല്ല കരണവും താൻ പരിശോധിക്കുകയോ ബന്തവസ്സിൽ വയ്ക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെടുന്നതായി കരുതാൻ പാടില്ല.

(ബി) ഒരു ഹൈക്കോടതി ജഡ്ജിയുടെ സംഗതിയിൽ ഈ വകുപ്പുപ്രകാരം വല്ല കരണവും പരിശോധിക്കുകയും ബന്തവസ്സിൽ വയ്ക്കുകയും ചെയ്യുന്ന പ്രവൃത്തി ആ കോടതി അതിലേക്ക് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനെ ഏൽപ്പിക്കാവുന്നതാണ്.

(3) സംശയമുള്ള സംഗതികളിൽ ഈ വകുപ്പിലെ ആവശ്യങ്ങൾക്ക് ----

(എ) ഏതെല്ലാം ആഫീസുകൾ ഗവൺമെന്റാഫീസുകളായി വിചാരിക്കണമെന്നും;

(ബി) ആരെയെല്ലാം ഗവൺമെന്റാഫീസുകളുടെ ചുമതല വഹിക്കുന്നവരായി വിചാരിക്കണമെന്നും; ഗവൺമെന്റിനു നിശ്ചയിക്കാവുന്നതാകുന്നു.

[1][**33 എ. ചില സംഗതികളിൽ കുറവായി നൽകിയ മുദ്ര ഈടാക്കൽ ---.-**

(1) മതിയായ മുദ്ര പതിപ്പിക്കാത്ത ഏതെങ്കിലും കരണം, 1908 ലെ രജിസ്ട്രേഷൻ ആക്റ്റ് (1908 ലെ 16-ാം കേന്ദ്ര ആക്റ്റ്) പ്രകാരം തെറ്റായോ അല്ലെങ്കിൽ മറ്റുവിധത്തിലോ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, ഏതെങ്കിലും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്, കക്ഷിയിൽ നിന്നും കരണത്തിന്റെ അസ്സൽ ആവശ്യപ്പെടാവുന്നതും, പ്രസ്തുത കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷവും, കാരണങ്ങൾ എഴുതി രേഖപ്പെടുത്തിയതിനു ശേഷവും, അതിന്റെ ഒരു പകർപ്പ് കക്ഷിയ്ക്ക് നൽകിക്കൊണ്ടും, അത് ബന്തവസ്സിൽ വെയ്ക്കാവുന്നതാണ്. കക്ഷി അപ്രകാരമുള്ള കരണത്തിന്റെ അസ്സൽ ഹാജരാക്കാൻ വീഴ്ച വരുത്തുന്ന പക്ഷം, രജിസ്ട്രേഷൻ രേഖകളിൽ നിന്നും എടുത്ത അപ്രകാരമുള്ള കരണത്തിന്റെ ശരിപ്പകർപ്പ് ഈ വകുപ്പിന്റെ എല്ലാ അവശ്യങ്ങൾക്കായും, അപ്രകാരമുള്ള കരണത്തിന്റെ അസ്സൽ ആയി കരുതപ്പെടുന്നതാണ്.

(2) അപ്രകാരം ഒരു കരണം ബന്തവസ്സിൽ വയ്ക്കുമ്പോൾ, രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ, അതതു സംഗതിപോലെ, കരണത്തിന്റെ അസ്സലോ അല്ലെങ്കിൽ അതിന്റെ ശരിപ്പകർപ്പോ, റിക്കാർഡുകളും രേഖാമൂലമുള്ള കാരണങ്ങളും അതിന്മേൽ നൽകേണ്ടതായ കുറവായ മുദ്രവിലയുടെ തുകയും സഹിതം, കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.]

---

1. 2019 ലെ 5-ാം നമ്പർ *ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

**34. ശരിയായി മുദ്ര പതിച്ചിട്ടില്ലാത്ത കരണങ്ങൾ തെളിവിൽ സ്വീകരിച്ചുകൂടെന്നും മറ്റും.-** നിയമത്താലോ കക്ഷികളുടെ അനുമതിയാലോ തെളുവെടുക്കാൻ അധികാരമുള്ള യാതൊരാളും മുദ്രവില ചുമത്തത്തക്കതായ യാതൊരു കരണവും; ശരിയായി മുദ്ര പതിച്ചിട്ടില്ലാത്ത പക്ഷം, യാതൊരു ആവശ്യത്തിനും തെളിവിൽ സ്വീകരിക്കുകയാകട്ടെ, അത്തരത്തിലുള്ള ഏതെങ്കിലും ആളോ ഏതെങ്കിലും ഗവൺമെന്റുദ്യോഗസ്ഥനോ അതിന്റെ കാര്യത്തിൽ നടപടി എടുക്കുകയോ അത് രജിസ്റ്ററാക്കുകയോ കൈയ്യോപ്പിട്ടു സാക്ഷ്യപ്പെടുത്തുകയോ ചെയ്യുകയാകട്ടെ ചെയ്യാൻ പാടില്ല:

എന്നാൽ -----

(എ) [1][ഇരുപതു പൈസയോ] അതിൽ കുറഞ്ഞോ മുദ്രവില ചുമത്തത്തക്ക കരണമല്ലാത്ത അത്തരം ഏതൊരു കരണവും, അതിന് ചുമത്തേണ്ട മുദ്രവിലയും, അല്ലെങ്കിൽ മതിയായത്ര മുദ്ര പതിച്ചിട്ടില്ലാത്ത ഒരു കരണത്തിന്റെ കാര്യത്തിൽ, ആ ശരിയായ മുദ്രവില തികയ്ക്കാൻ വേണ്ടുന്ന സംഖ്യയും, അതോടൊന്നിച്ച് [2][പത്ത് രൂപ] യോ ശരിയായ മുദ്രവിലയുടെയോ പോരാത്ത മുദ്ര വിലയുടെയോ പത്തിരട്ടി [2][പത്ത് രൂപ]യിൽ കവിയുമ്പോൾ അത്തരം മുദ്രവിലയുടേയോ ഭാഗത്തിന്റെയോ [3][ഇരുപതിരട്ടിക്ക് തുല്യമായ] ഒരു സംഖ്യയോ, പിഴയായും അടച്ചാൽ, ന്യായമായ എല്ലാ ഒഴിവുകൾക്കും വിധേയമായി, തെളിവിൽ സ്വീകരിക്കേണ്ടതാണ്;

(ബി) അങ്ങനെയുള്ള ഏതെങ്കിലും കരണം ഒരു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാക്കിയിരിക്കുമ്പോൾ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തീർച്ചപ്പെടുത്തുന്ന മുദ്രവിലയും അതിൻമേലുള്ള പിഴയും കൊടുക്കാമെന്നു കക്ഷി സമ്മതിക്കുകയും അങ്ങനെ തീർച്ച ചെയ്ത തീയതി മുതൽക്ക് ഏഴ് ദിവസങ്ങൾക്കകം അത് അടയ്ക്കുകയും ചെയ്താൽ അത് രജിസ്റ്റർ ചെയ്ത് കൊടുക്കേണ്ടതാണ്.

(സി) വല്ല തരത്തിലുംപെട്ട ഒരു കരാറോ ഉടമ്പടിയോ രണ്ടോ അതിലധികമോ കത്തുകളടങ്ങുന്ന കത്തിടപാടുമൂലം ചെയ്തിരിക്കുകയും കത്തുകളിൽ ഏതെങ്കിലും ഒന്നിൽ ശരിയായ മുദ്ര ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ആ കരാറിലോ ഉടമ്പടിയിലോ ശരിയായി മുദ്ര പതിച്ചതായി വിചാരിക്കേണ്ടതാണ്.

(ഡി) 1898 ലെ ക്രിമിനൽ നടപടി നിയമം 12-ാം അദ്ധ്യയപ്രകാരമോ 36-ാം അദ്ധ്യയപ്രകാരമോ ഉള്ള നടപടിയല്ലാതെ ഒരു ക്രിമിനൽ കോടതിയിൽ നടക്കുന്ന ഏത് നടപടിയിലും ഏത് കരണവും തെളിവിൽ സ്വീകരിക്കുന്നതിനെ ഇതിൽ അടങ്ങിയ യാതൊന്നും തടുക്കുന്നതല്ല.

---

*1. 1969 ലെ 29 -ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ "**12 പൈസ**" എന്നത് "**20 പൈസ**" എന്ന് ഭേദഗതി ചെയ്തു.*

*2. 2013 ലെ 29-ാംനമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ "**അഞ്ച് രൂപ**" എന്നതിനു പകരം ചേർത്തത്.*

*3. 2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ "**പത്തിരട്ടിക്ക് തുല്യമായ**" എന്നതിനു പകരം ചേർത്തത്*

(ഇ) ഏതെങ്കിലും കരണം ഗവൺമെന്റിനാലാകട്ടെ ഗവൺമെന്റിനുവേണ്ടീട്ടാകട്ടെ എഴുതി ഒപ്പിട്ടു കൊടുക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അതിൽ ഈ ആക്റ്റിലെ 32-ാം വകുപ്പോ മറ്റു വല്ല വ്യവസ്ഥയോ മൂലം വ്യവസ്ഥ ചെയ്ത പ്രകാരം കളക്ടറുടെ സർട്ടിഫിക്കറ്റ് അടങ്ങിയിരിക്കുകയോ ചെയ്യുമ്പോൾ ആ കരണത്തെ ഏതെങ്കിലും കോടതിയിൽ സ്വീകരിക്കുന്നതിനെ ഇതിൽ അടങ്ങിയ യാതൊന്നും തടുക്കുന്നതല്ല.

**35. കരണം സ്വീകരിക്കുന്നത് എപ്പോൾ ആക്ഷേപിക്കാൻ പാടില്ലെന്ന്.-** ഒരു കരണം തെളിവിൽ സ്വീകരിച്ചിരിക്കുമ്പോൾ 59-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമല്ലാതെ, അങ്ങനെ സ്വീകരിച്ചതിനെപ്പറ്റി ആ കരണത്തിനു ശരിയായി മുദ്രപതിപ്പിച്ചിട്ടില്ലെന്ന കാരണത്തിന്മേൽ അതേ വ്യവഹാരത്തിന്റെയോ നടപടിയുടെയോ യാതൊരു ഘട്ടത്തിലും ആക്ഷേപിക്കാൻ പാടില്ല.

**36. ശരികേടായി മുദ്ര പതിച്ച കരണങ്ങൾ സ്വീകരിക്കൽ.-** ഒരു കരണത്തിന് മതിയായ സംഖ്യയ്ക്കും എന്നാൽ ശരിയല്ലാത്ത തരത്തിലും ഉള്ള ഒരു മുദ്ര ഉണ്ടായിരുന്നാൽ അത്, അതിനു ചുമത്തത്തക്ക മുദ്രവില അടച്ചാൽ ശരിയായി മുദ്ര പതിച്ചതായി സാക്ഷ്യപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഗവൺമെന്റ് ഉണ്ടാക്കാവുന്നതും അങ്ങനെ സാക്ഷ്യപ്പെടുത്തിയ ഏതെങ്കിലും കരണം അത് എഴുതി ഒപ്പിട്ട തീയതി മുതൽക്ക് ശരിയായി മുദ്ര പതിച്ചതായി പിന്നെ വിചാരിക്കേണ്ടതും ആകുന്നു.

**37. ബന്തവസ്സിലാക്കിയ കരണങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന്.-** (1) 33-ാം വകുപ്പ് പ്രകാരം ഒരു കരണം ബന്തവസ്സിൽ വയ്ക്കുന്ന ആൾക്കു നിയമത്താലോ കക്ഷികളുടെ സമ്മതത്താലോ തെളിവെടുക്കാൻ അധികാരമുണ്ടായിരിക്കുകയും അത്തരം കരണം തെളിവിൽ സ്വീകരിക്കുകയും ചെയ്യുമ്പോഴോ, അല്ലെങ്കിൽ അദ്ദേഹം ആ കരണം രജിസ്റ്റർ ചെയ്യുതിനുള്ള രജിസ്റ്ററിംഗ് ആഫീസർ ആയിരിക്കുന്ന പക്ഷം 34-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഒരു പിഴയോ, 36-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം മുദ്ര വിലയോ, അടയ്ക്കപ്പെടുമ്പോഴോ അദ്ദേഹം ആ കരണത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും ആ കരണം വകയായി പതിച്ച മുദ്രവിലയും പിഴയും ഇത്ര എന്ന് എഴുതിയ ഒരു സർട്ടിഫിക്കറ്റും കളക്ടർക്ക് അയയ്ക്കുകയും ആ തുക കളക്ടർക്കോ അദ്ദേഹം ഇതിലേക്കായി നിയമിക്കുന്ന ആൾക്കോ അയയ്ക്കുകയും ചെയ്യേണ്ടതാണ്.

(2) മറ്റെല്ലാ സംഗതിയിലും ഒരു കരണം ബന്തവസ്സിൽ വയ്ക്കുന്ന ആൾ ആ അസ്സൽ കരണം തന്നെ കളക്ടർക്ക് അയയ്ക്കേണ്ടതാണ്.

**38. 37-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അടച്ച പിഴ മടക്കിക്കൊടുക്കാൻ കളക്ടറുടെ അധികാരം.--** (1) 37-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഒരു കരണത്തിന്റെ പകർപ്പ് കളക്ടർക്ക് അയച്ചിരിക്കുമ്പോൾ അദ്ദേഹം തനിക്ക് യുക്തമെന്ന് തോന്നിയാൽ ആ കരണം സംബന്ധിച്ച് കൊടുത്തിട്ടുള്ള പത്ത് രൂപയിൽ കവിഞ്ഞ പിഴ മുഴുവനായോ അതിന്റെ ഏതെങ്കിലും ഭാഗമോ മടക്കി കൊടുക്കാവുന്നതാണ്.

(2) ആ കരണം 13-ാം വകുപ്പിനോ 14-ാം വകുപ്പിനോ വിരുദ്ധമായി എഴുതിയിട്ടുള്ളതു കൊണ്ടു മാത്രം ബന്തവസ്സിൽ വച്ചിരുന്നാൽ, അപ്രകാരം കൊടുത്തിട്ടുള്ള പിഴ മുഴുവനും കളക്ടർ മടക്കി കൊടുക്കാവുന്നതാണ്.

**39. ബന്തവസ്സിൽ വച്ച കരണങ്ങളിൽ മുദ്ര പതിക്കാൻ കളക്ടർക്കുള്ള അധികാരം.**-- (1) [1][ഇരുപതു പൈസയോ] അതിൽകുറഞ്ഞോ മുദ്രവില ചുമത്തത്തക്ക ഒരു കരണമല്ലാതെ കളക്ടർ 33-ാം വകുപ്പ പ്രകാരം ഏതെങ്കിലും കരണം ബന്തവസ്സിൽ വച്ചിരിക്കുമ്പോഴോ [2][33 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അല്ലെങ്കിൽ] 37-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും കരണം അദ്ദേഹത്തിന് അയച്ചുകിട്ടുമ്പോഴോ അദ്ദേഹം താഴെ കാണുന്ന നടപടി സ്വീകരിക്കേണ്ടതാണ്-----

(എ) ആ കരണം ശരിയായി മുദ്രപതിച്ചതാണെന്നോ, മുദ്രവില ചുമത്തത്തക്കതല്ലെന്നോ അദ്ദേഹത്തിനഭിപ്രായമുണ്ടെങ്കിൽ, അതതു സംഗതിപോലെ, അതിൽ ശരിയായി മുദ്ര പതിച്ചിരിക്കുന്നുവെന്നോ അതിന് അങ്ങനെ മുദ്രവില ചുമത്തേണ്ടതല്ലെന്നോ അദ്ദേഹം പുറത്തെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ബി) ആ കരണം മുദ്രവില ചുമത്തത്തക്കതാണെന്നും ശരിയായി മുദ്ര പതിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ ശരിയായ മുദ്രവില തികയ്ക്കാൻ വേണ്ടുന്ന സംഖ്യയോ, [3][പത്തുരൂപ] പിഴയോടുകൂടിയോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നിയാൽ, ശരിയായ മുദ്രവിലയുടെയോ, പോരാത്ത മുദ്രവിലയുടെയോ സംഖ്യയുടെ പത്തിരട്ടിയിൽ കവിയാത്ത ഒരു സംഖ്യയോ (ആ സംഖ്യ [4][പത്തുരൂപ] യിൽ കൂടുകയോ കുറയുകയോ ചെയ്താലും വിരോധമില്ല) അടയ്ക്കാൻ അദ്ദേഹം ആവശ്യപ്പെടേണ്ടതാണ്:

എന്നാൽ ആ കരണം 13-ാം വകുപ്പിനോ 14-ാം വകുപ്പിനോ വിരുദ്ധമായി എഴുതിയതുകൊണ്ട് മാത്രമാണ് ബന്തവസ്സിലാക്കിയിരിക്കുന്നതെങ്കിൽ, കളക്ടർക്ക് യുക്തമെന്ന് തോന്നിയാൽ ഈ വകുപ്പിനാൽ നിർണ്ണയിച്ചിരിക്കുന്ന പിഴ മുഴുവനും വിട്ടുകൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡപ്രകാരമുള്ള ഏതൊരു സർട്ടിഫിക്കറ്റും ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക് അതിൽ പറഞ്ഞ കാര്യങ്ങളുടെ നിർണ്ണായകമായ തെളിവായിരിക്കുന്നതാണ്.

(3) [37][5]-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കളക്ടർക്ക് ഒരു കരണം അയച്ചിരുന്നാൽ, കളക്ടർ, ഈ വകുപ്പിൽ നിർണ്ണയിച്ചിരിക്കുന്ന പ്രകാരം അതിന്റെ കാര്യത്തിൽ വേണ്ടത് ചെയ്ത് കഴിഞ്ഞാൽ ബന്തവസ്സ് ചെയ്യുന്ന ഉദ്യോഗസ്ഥന് അത് തിരിച്ചയക്കേണ്ടതാണ്.

---

*1. 1969 ലെ 29-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ "**12 പൈസ**" എന്നത് "**20 പൈസ**" എന്ന് ഭേദഗതി ചെയ്തു.*

*2. 2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.*

*3. 2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ "**അഞ്ച് രൂപ**" എന്നതിനു പകരം ചേർത്തത്.*

*4. 2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ "**അഞ്ച് രൂപ**" എന്നതിനു പകരം ചേർത്തത്.*

*5. 2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ "**38**" എന്നതിനു പകരം "**37**" എന്ന് ചേർത്തു.*

**40. യാദൃശ്ചികമായി വേണ്ടപോലെ മുദ്ര പതിക്കാത്ത കരണങ്ങൾ.—** [1] [ഇരുപതുപൈസയോ] അതിൽകുറവായോ മാത്രം മുദ്രവില ചുമത്തത്തക്ക ഒരു കരണമല്ലാതെ മുദ്രവില ചുമത്തത്തക്കതും ക്രമപ്രകാരം മുദ്രപതിക്കാത്തതുമായ ഏതെങ്കിലും കരണം അത് എഴുതികൊടുത്ത തീയതിക്ക് ശേഷമോ ആദ്യം ഏഴുതി കൊടുത്ത തീയതിക്ക് ശേഷമോ ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലും ആൾ സ്വമനസ്സാലെ കളക്ടറുടെ മുമ്പാകെ ഹാജരാക്കുകയും ആ കരണത്തിന് ശരിയായി മുദ്ര പതിച്ചിട്ടില്ലെന്ന സംഗതി അയാൾ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ശരിയായ മുദ്രവിലയോ, ശരിയായ മുദ്രവില തികയ്ക്കാൻ വേണ്ടുന്ന സംഖ്യയോ കളക്ടറുടെ അടുക്കൽ അടയ്ക്കാമെന്ന് പറയുകയും ശരിയായി മുദ്ര പതിക്കാൻ വിട്ടുപോയത് യാദൃശ്ചികമായോ തെറ്റിദ്ധരിച്ചോ, അടിയന്തിരമായ ആവശ്യത്താലോ ആണെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെടുകയും ചെയ്താൽ, കളക്ടർ 33-മത്തെയും 39 മത്തെയും വകുപ്പുകൾ പ്രകാരം പ്രവർത്തിക്കുന്നതിനു പകരം ആ സംഖ്യ വാങ്ങി ഇതിനു ശേഷം തൊട്ടു താഴെ നിർണ്ണയിച്ചിരിക്കുന്ന പ്രകാരം പ്രവർത്തിക്കാവുന്നതാണ്.

**41.** 34, 39, 40 **ഈ ഏതെങ്കിലും വകുപ്പു പ്രകാരം മുദ്രവില അടച്ച കരണങ്ങളിന്മേൽ പുറത്തെഴുത്ത്.—** (1) ഏതെങ്കിലും കരണത്തിന്റെ കാര്യത്തിൽ വസൂലാക്കാവുന്ന മുദ്രവിലയും പിഴയുണ്ടെങ്കിൽ അതും 34-ാം വകുപ്പോ, 39-ാം വകുപ്പോ, 40-ാം വകുപ്പോ പ്രകാരം അടച്ചിരിക്കുമ്പോൾ അതതു സംഗതിപോലെ ആ കരണം തെളിവിൽ സ്വീകരിക്കുന്ന ആളോ കളക്ടറോ ആ കരണത്തിന് അതതു സംഗതിപോലെ ശരിയായ മുദ്രവിലയോ ശരിയായ മുദ്രവിലയും പിഴയുമോ (ഓരോന്നിന്റെയും സംഖ്യ കാണിച്ച്) വസൂലാക്കിയിരിക്കുന്നുവെന്നും അവ അടച്ച ആളുടെ പേരും പാർപ്പിടവും ഇന്നതെന്നും ആ കരണത്തിന്റെ പുറത്തെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(2) അങ്ങനെ പുറത്തെഴുതിയ ഏതൊരു കരണവും അതിനുശേഷം തെളിവിൽ സ്വീകരിക്കത്തക്കതായിരിക്കുന്നതും അത് ശരിയായി മുദ്ര പതിച്ചിരുന്നാലെന്നപോലെ രജിസ്റ്ററാക്കുകയും നടത്തിക്കുകയും ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യാവുന്നതും ആരുടെ പക്കൽ നിന്നാണോ അത് ബന്തവസ്സിൽ സൂക്ഷിക്കുന്ന ഉദ്യോഗസ്ഥന്റെ കൈയിലെത്തിയത് അയാൾക്കോ ആ ആൾ നിർദ്ദേശിക്കുന്ന ആൾക്കോ, അയാളുടെ ഇതിലേക്ക് വേണ്ടിയുള്ള അപേക്ഷയിന്മേൽ മടക്കിക്കൊടുക്കേണ്ടതാണ്:

എന്നാൽ -----

(എ) 34-ാം വകുപ്പ് പ്രകാരം മുദ്രവിലയും പിഴയും അടച്ചതിന്മേൽ തെളിവിൽ സ്വീകരിച്ചിരിക്കുന്ന യാതൊരു കരണവും അങ്ങനെ ബന്തവസ്സിൽ വച്ച തീയതിക്ക് ശേഷം ഒരുമാസം കഴിയുന്നതിനു മുമ്പോ അല്ലെങ്കിൽ അത് പിന്നെയും വച്ചുകൊണ്ടിരിക്കുന്നത് ആവശ്യമാണെന്ന് കളക്ടർ സാക്ഷ്യപ്പെടുത്തുകയും ആ സർട്ടിഫിക്കറ്റ് റദ്ദാക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ അപ്രകാരം മടക്കി കൊടുക്കുവാൻ പാടില്ല.

(ബി) ഈ വകുപ്പിലുള്ള യാതൊന്നും 1908 -ലെ സിവിൽ നടപടി നിയമം ഒന്നാം പട്ടികയിലെ 9-ാം ചട്ടം പതിമൂന്നാം ഉത്തരവിനെ ബാധിക്കുന്നതല്ല.

---

1. *1969 ലെ 29 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ **"12 പൈസ"** എന്നത് **"20 പൈസ"** എന്ന് ഭേദഗതി ചെയ്തു.*

**42. മുദ്രപത്രനിയമത്തിന് എതിരായ കുറ്റത്തിന് പ്രോസിക്യൂഷൻ നടത്തൽ.—** ഏതെങ്കിലും കരണത്തിന്റെ കാര്യത്തിൽ ഈ അദ്ധ്യായപ്രകാരം നടപടി നടത്തുന്നതോ പിഴ അടയ്ക്കുന്നതോ ആ കരണത്തെ സംബന്ധിച്ചിടത്തോളം മുദ്രപത്രനിയമത്തിന് എതിരായ കുറ്റം ചെയ്തിരിക്കുന്നതായി കാണപ്പെടുന്ന ഏതെങ്കിലും ആളുടെ മേൽ പ്രൊസ്ക്യൂഷൻ നടത്തുന്നതിന് തടസ്സമാകയില്ല:

എന്നാൽ ശരിയായ മുദ്രവില അടയ്ക്കാതെ കഴിക്കാനുള്ള വിചാരത്തോടുകൂടിയാണ് കുറ്റം ചെയ്തതെന്ന് കളക്ടർക്ക് തോന്നിയാൽ അല്ലാതെ അത്തരം പിഴ അടച്ചിരിക്കുന്ന ഏതെങ്കിലും കരണത്തിന്റെ കാര്യത്തിൽ അത്തരം പ്രോസിക്യൂഷൻ നടത്താൻ പാടില്ല.

**43. മുദ്രവിലയോ പിഴയോ അടയ്ക്കുന്നവർക്ക് ചില സംഗതികളിൽ അത് വസൂലാക്കാവുന്നതാണെന്ന്.—** (1) ഏതെങ്കിലും ആൾ ഒരു കരണത്തിന്റെ കാര്യത്തിൽ 34-ാം വകുപ്പ് പ്രകാരമോ, 36-ാം വകുപ്പ് പ്രകാരമോ, 39-ാം വകുപ്പ് പ്രകാരമോ, 40-ാം വകുപ്പ് പ്രകാരമോ ഏതെങ്കിലും മുദ്രവിലയോ പിഴയോ അടച്ചിരിക്കുകയും, ഉടമ്പടിയാലോ, 30-ാം വകുപ്പിലെയോ ആ കരണം എഴുതി ഒപ്പിട്ടു കൊടുത്ത സമയം നടപ്പുള്ള മറ്റു വല്ല നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരമോ മറ്റേതെങ്കിലും ആൾ ആ കരണത്തിന് ശരിയായ മുദ്ര നൽകുന്നതിനുള്ള ചെലവ് വഹിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുമ്പോൾ ആദ്യം പറഞ്ഞ ആൾക്ക് അയാൾ അങ്ങനെ അടച്ച മുദ്രവിലയോ, പിഴയോ മറ്റേ ആളിൽ നിന്ന് വസൂലാക്കാൻ അവകാശമുണ്ടായിരിക്കും.

(2) അങ്ങനെ വസൂലാക്കുന്നതിലേക്ക് ഈ ആക്ട് പ്രകാരം ആ കരണത്തിന്റെ കാര്യത്തിൽ കൊടുത്ത ഏതെങ്കിലും സർട്ടിഫിക്കറ്റ് അതിൽ സാക്ഷ്യപ്പെടുത്തിയ കാര്യങ്ങളുടെ നിർണ്ണായകമായ തെളിവായിരിക്കും.

(3) ആ സംഖ്യ കോർട്ടിനു യുക്തമെന്ന് തോന്നുന്നപക്ഷം ആ ആളുകൾ കക്ഷികളായിട്ടുള്ളതും ആ കരണം തെളിവിൽ ഹാജരാക്കിയതും ആയ വല്ല വ്യവഹാരത്തിലെയോ നടപടിയിലെയോ ചെലവുകളെപ്പറ്റിയുള്ള ഏതെങ്കിലും ഉത്തരവിൽ ചേർക്കാവുന്നതാണ്. കോടതി അത്തരം ഉത്തരവിൽ ആ സംഖ്യ ചേർക്കാത്തപക്ഷം, ആ സംഖ്യ വസൂലാക്കാനായി പിന്നെ യാതൊരു നടപടിയും നടത്താവുന്നതല്ല.

**44. ചില സംഗതികളിൽ പിഴയോ കൂടുതലായി അടച്ച മുദ്രവിലയോ മടക്കി കൊടുക്കുന്നതിന് ഗവൺമെന്റിനോ മറ്റ് നിർദ്ദിഷ്ട അധികാര സ്ഥാനത്തിനോ ഉള്ള അധികാരം.—** (1) 34-ാം വകുപ്പ് പ്രകാരമോ, 39-ാം വകുപ്പ് പ്രകാരമോ വല്ല പിഴയോ അടച്ചിരിക്കുമ്പോൾ, അടച്ച തീയതി മുതൽ ഒരു കൊല്ലത്തിനുള്ളിൽ രേഖാമൂലം അപേക്ഷിച്ചാൽ ഗവൺമെന്റോ, ഇതിലേക്കുവേണ്ടി ഗവൺമെന്റ് നിർദ്ദേശിക്കാവുന്ന മറ്റധികാരസ്ഥാപനമോ, ആ പിഴ പൂർണ്ണമായോ ഭാഗികമായോ മടക്കികൊടുക്കാവുന്നതാണ്.

(2) നിയമപരമായി ചുമത്താവുന്നതിൽ കൂടുതൽ മുദ്രവില 34-ാം വകുപ്പ് പ്രകാരമോ, 39-ാം വകുപ്പ് പ്രകാരമോ, ചുമത്തുകയും വസൂലാക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഗവൺമെന്റിനോ, (1)-ാം ഉപവകുപ്പിൽ നിർണ്ണയിച്ച അധികാരസ്ഥാനത്തിനോ അഭിപ്രായമുണ്ടെങ്കിൽ ആയത് ചുമത്തിയ ഉത്തരവു മുതൽക്ക് മൂന്ന് മാസത്തിനുള്ളിൽ രേഖാമൂലം അപേക്ഷിച്ചാൽ ഗവൺമെന്റോ, ആ അധികാരസ്ഥാനമോ ആ കൂടുതൽ സംഖ്യ മടക്കി കൊടുക്കാവുന്നതാണ്.

**45. 37-ാം വകുപ്പ് പ്രകാരം അയച്ച കരണങ്ങൾ നഷ്ടപ്പെട്ടാലുള്ള നിരുത്തരവാദിത്വം.—** (1) 37-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കളക്ടർക്ക് അയയ്ക്കുന്ന ഏതെങ്കിലും കരണം വഴിയിൽ നഷ്ടപ്പെടുകയോ, നശിക്കുകയോ, കേടുവരികയോ ചെയ്താൽ ആയത് അയയ്ക്കുന്ന ആൾ ആ നഷ്ടത്തിനോ, നാശത്തിനോ കേടിനോ ഉത്തരവാദിയാകുന്നതല്ല.

(2) ഏതെങ്കിലും കരണം അയയ്ക്കാൻ തുടങ്ങുമ്പോൾ അത് ഏതാളുടെ പക്കൽ നിന്നും ബന്തവസ്സിൽ വയ്ക്കുന്ന ആളുടെ കൈവശം വന്നുവോ അയാൾ അതിന്റെ ഒരു പകർപ്പ് തന്റെ ചെലവിൽ എടുത്ത് ആ കരണം ബന്തവസ്സിൽ വയ്ക്കുന്ന ആളെകൊണ്ട് സാക്ഷ്യപ്പെടുത്തിവയ്ക്കാൻ ആവശ്യപ്പെടാവുന്നതാണ്.

[1][**45എ. ഭൂമിയുടെ ന്യായവില അനുസരിച്ചുള്ള മതിയായ തുകയ്ക്കുള്ള സ്റ്റാമ്പ് അല്ലാതിരിക്കുമ്പോൾ കരണം എങ്ങനെ കൈകാര്യം ചെയ്യണമെന്ന്.**_ (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും , [2][*** *** *** ***] ഭൂമി കൈമാറ്റം ചെയ്തു കൊണ്ടുള്ളതും, ഡ്യൂട്ടി ചുമത്തേണ്ടതുമായ രേഖ രജിസ്റ്റർ ചെയ്യുമ്പോൾ രേഖയിൽ കാണിച്ചിട്ടുള്ള ഭൂമിയുടെ വില അല്ലെങ്കിൽ പ്രതിഫലം, ആ ഭൂമിയുടെ ന്യായവിലയാണോ എന്ന് രജിസ്റ്റർ ചെയ്യുന്ന ആഫീസർ പരിശോധിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യുന്ന ആഫീസർക്ക്, രേഖയിൽ കാണിച്ചിട്ടുള്ള ഭൂമിയുടെ വില അഥവ പ്രതിഫലം ആ ഭൂമിയുടെ ന്യായവിലയിൽ കുറയാത്തതാണെന്ന്, പരിശോധനയിൽ ബോദ്ധ്യമായാൽ അദ്ദേഹം ആ രേഖ രജിസ്റ്റർ ചെയ്യേണ്ടതാണ്.

---

1. *1994 ലെ 19-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1994 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.*

2. *2010 ലെ 10-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ* ***"കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, അല്ലെങ്കിൽ ഇഷ്ടദാനം എന്നിവയല്ലാതെയുള്ള"*** *എന്നത് വിട്ടുകളഞ്ഞു.*

(3) ഭൂമിയുടെ വില അല്ലെങ്കിൽ രേഖയിൽ കാണിച്ചിട്ടുള്ള പ്രതിഫലം, ആ ഭൂമിയുടെ ന്യായവിലയിൽ താഴെയാണെന്ന് രജിസ്റ്റർ ചെയ്യുന്ന ആഫീസർ പരിശോധനയിൽ കാണുന്ന പക്ഷം, അദ്ദേഹം ഉത്തരവ് മൂലം, 28എ വകുപ്പിൻ കീഴിൽ നിശ്ചയിച്ചിട്ടുള്ള ന്യായവിലയുടെ അടിസ്ഥാനത്തിൽ ന്യായവില അനുസരിച്ചുള്ള ശരിയായ സ്റ്റാമ്പ് ഡ്യൂട്ടി, ആ ഉത്തരവിന്റെ തീയതി മുതൽ 7 ദിവസത്തിനകം അടയ്ക്കാൻ നിർദ്ദേശിക്കേണ്ടതും, ആ കുറവ് വന്ന സ്റ്റാമ്പ് ഡ്യൂട്ടി അടച്ചു കഴിയുമ്പോൾ [1][അദ്ദേഹം അങ്ങനെയുള്ള കരണം യഥാവിധി രജിസ്റ്റർ ചെയ്യേണ്ടതും ശരിയായ മുദ്രവില ചുമത്തുകയും അടയ്ക്കുകയും ചെയ്തതായി ആ കരണത്തിനു പുറത്ത് അദ്ദേഹത്തിന്റെ മുദ്രയും ഒപ്പും വച്ച് മേലെഴുത്ത് മുഖേന സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ]

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ആ ഭൂമി സ്ഥിതി ചെയ്യുന്നത് ഏത് കളക്ടറുടെ അധികാരപരിധിക്കുള്ളിലാണോ അയാൾക്ക് ആ ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

(5) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കുന്ന രീതിയിൽ കളക്ടർ അപ്പീൽ കേൾക്കേണ്ടതും അതിന്മേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.]

[2][**45ബി. വിലകുറച്ച് കാണിക്കുന്ന കരണങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്.**_ (1) രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനുള്ള ഏതെങ്കിലും കരണം രജിസ്റ്റർ ചെയ്യുമ്പോൾ അതതു സംഗതിപോലെ വസ്തുവിന്റെ വിലയോ പ്രതിഫലമോ കരണത്തിൽ സത്യമായിട്ടല്ല പറഞ്ഞിട്ടുള്ളതെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് അങ്ങനെയുള്ള കരണം രജിസ്റ്റർ ചെയ്ത ശേഷം അക്കാര്യം അതതു സംഗതിപോലെ വിലയോ, പ്രതിഫലമോ അതും അതിന്മേൽ അടയ്ക്കേണ്ട ശരിയായ മുദ്രവിലയും നിർണ്ണയിക്കുന്നതിന് കളക്ടർക്ക് റഫർ ചെയ്യാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റഫറൻസ് ലഭിച്ചാൽ കളക്ടർ കക്ഷികൾക്ക് തങ്ങളുടെ കാര്യം പറയാൻ ന്യായമായ അവസരം നൽകുകയും ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കാവുന്ന വിധത്തിൽ അന്വേഷണ വിചാരണ നടത്തുകയും ചെയ്ത ശേഷം മുകളിൽ പറഞ്ഞ വസ്തുവിന്റെ വിലയോ പ്രതിഫലമോ അതും മുദ്രവിലയും ഉത്തരവുമൂലം നിർണ്ണയിക്കേണ്ടതും മുദ്രവില കുറവാണെങ്കിൽ അത് അങ്ങനെയുള്ള മുദ്ര വില അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ആൾ അടയ്ക്കേണ്ടതും, അങ്ങനെയുള്ള മുദ്രവില അടച്ചാൽ കളക്ടർ അങ്ങനെ അടച്ച വിവരം കരണത്തിന്മേൽ തന്റെ മുദ്രയും ഒപ്പും വച്ച് ഒരു സർട്ടിഫിക്കറ്റ് ഇണ്ടാസ് ചെയ്യേണ്ടതുമാണ്.

---

1. *2010 ലെ 10-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ* ***"കരണം യഥാവിധി രജിസ്റ്റർ ചെയ്യേണ്ടതാണ്"*** *എന്ന വാക്കുകൾക്ക് പകരം ചേർത്തത്.*

2. *1967 ലെ 17-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 15.09.1967 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

(3) കളക്ടർക്ക് (1)-ാം ഉപവകുപ്പ് പ്രകാരം തനിക്ക മുമ്പ് തന്നെ റഫർ ചെയ്യിട്ടില്ലാത്ത ഏതെങ്കിലും കരണത്തിന്റെ രജിസ്ട്രേഷൻ തീയതി മുതൽ [1] [(അഞ്ചു വർഷത്തിനകം)] അതതു സംഗതിപോലെ അതിന്റെ വിലയോ പ്രതഫലമോ അതും അതിന്മേൽ അടയ്ക്കേണ്ട മുദ്രവിലയും ശരിയാണോ എന്ന് സ്വയം ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി, സ്വമേധയാ ആ കരണം ആവശ്യപ്പെടുകയും പരിശോധിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള പരിശോധനയ്ക്ക് ശേഷം വിലയോ പ്രതിഫലമോ കരണത്തിൽ സത്യമായി പറഞ്ഞിട്ടില്ലെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയതിട്ടുള്ള നടപടിക്രമമനുസരിച്ച് മേൽപ്പറഞ്ഞ വിലയോ പ്രതിഫലമോ അതും മുദ്രവിലയും നിർണ്ണയിക്കാവുന്നതും മുദ്രവില കുറവാണെങ്കിൽ അത്, മുദ്രവില അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ആൾ അടയ്ക്കേണ്ടതും, അങ്ങനെയുള്ള മുദ്രവില അടച്ചാൽ കളക്ടർ അങ്ങനെ അടച്ച വിവരം കരണത്തിന്മേൽ തന്റെ മുദ്രയും ഒപ്പും വച്ച് ഒരു സർട്ടിഫിക്കറ്റ് ഇണ്ടാസ് ചെയ്യേണ്ടതുമാണ്.

[2][(3എ). **** ***** ****** *****]

(4) (2)-ാം ഉപവകുപ്പോ, 3-ാം ഉപവകുപ്പോ പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും കൈമാറ്റം ചെയ്ത വസ്തു സ്ഥിതിചെയ്യുന്നത് ഏത് ജില്ലാക്കോടതിയുടെ അധികാരാതിർത്തിയിലാണോ ആ ജില്ലാക്കോടതിതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ, എത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കാനുദ്ദേശിക്കുന്നത് ആ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്:

[3][എന്നാൽ, അതതുസംഗതിപോലെ, (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരം നിർണ്ണയിച്ചിട്ടുള്ളതോ നൽകേണ്ടതോ ആയ കുറവുള്ള മുദ്രവിലയുടെ ഇരുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ ഒരു തുക, സങ്കടമനുഭവിക്കുന്ന കക്ഷി, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ നിക്ഷേപിക്കാത്തപക്ഷം യാതൊരു അപ്പീലും പരിഗണനയ്ക്കെടുക്കുവാൻ പാടുള്ളതല്ല.]

(6) ജില്ലാക്കോടതിയിൽ, ഈ ആക്റ്റ് പ്രകാരമുണ്ടായിട്ടുള്ള ചട്ടങ്ങൾ മൂലം നിർണ്ണയിക്കാവുന്ന വിധത്തിൽ അപ്പീൽ വിചാരണ ചെയ്യുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാണ്]

[4][**45സി. സർക്കാർ ഭൂമി വിലക്കുവാങ്ങുന്നത്._** (1) 45(എ), 45(ബി) എന്നീ വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയാധാരം, ഇഷ്ടദാനം

---

*1. 2015 ലെ 1-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.01.2015 മുതൽ പ്രാബല്യത്തോടെ **"രണ്ടു വർഷത്തിനകം"** എന്ന വാക്കുകൾക്കു പകരം കൂട്ടിച്ചേർത്തു.*

*2. 1991 ലെ 16-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 11.01.1991 മുതൽ പ്രാബല്യത്തോടെ ഒഴിവാക്കി.*

*3. 2018 ലെ 5-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

*4. 1994 ലെ 19-മത് നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 01.04.1994 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

എന്നിവ അല്ലാതെയുള്ള ഏതൊരു ഭൂമി ഇടപാടിലും രജിസ്റ്റർ ചെയ്യുന്ന അധികാരിക്ക് രേഖകളിൽ കാണിച്ചിട്ടുള്ള ഭൂമിയുടെ വില അല്ലെങ്കിൽ പ്രതിഫലം 28 എ വകുപ്പിൻ കീഴിൽ നിജപ്പെടുത്തിയിട്ടുള്ള ന്യായവിലയിൽ നിന്ന് 15 ശതമാനമോ അതിൽ കൂടുതലോ കുറവാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ വിലയ്ക്ക് വാങ്ങുന്നതിനുള്ള ഉത്തരവിനായി കളക്ടർക്ക് റഫർ ചെയ്യാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റഫറൻസ് ലഭിച്ചാലുടൻ കളക്ടർ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേൾക്കുകയും ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കുന്ന രീതിയിൽ ഒരു അന്വേഷണം നടത്തുകയും ചെയ്തതിനു ശേഷം, പ്രസ്തുത ഭൂമിയുടെ ന്യായവിലയ്ക്ക് അനുസൃതമായ ഡ്യൂട്ടി എത്രയാണെന്ന് നിശ്ചയിച്ചശേഷം ഡ്യൂട്ടി നൽകേണ്ട ആളോട് ഡ്യൂട്ടിയിൽ കുറവുവന്ന തുക ന്യായവിലയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത പിഴയോടൊപ്പം, ഇരുപത്തിയൊന്നു ദിവസത്തിൽ കുറയാത്ത ഒരു സമയപരിധിക്കുള്ളിൽ അടയ്ക്കാൻ ഉത്തരവിടുകയും, പ്രസ്തുത തുക അടച്ചു കഴിഞ്ഞാൽ കളക്ടർ തന്റെ മുദ്രയും ഒപ്പും അടങ്ങിയ ഒരു സർട്ടിഫിക്കറ്റ് ആധാരത്തിന്മേൽ രേഖപ്പെടുത്തേണ്ടതും അതിനെതുടർന്ന് ബന്ധപ്പെട്ട അധികാരി അത് മുറപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(3) ബന്ധപ്പെട്ട കക്ഷികൾ 2-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശം അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കളക്ടർക്ക് രേഖകളിൽ കാണിച്ച തുകയും, അതിന്റെ ഇരുപത്തിയഞ്ചു ശതമാനം വരുന്ന തുകയും, നൽകി ഭൂമി ഏറ്റെടുക്കാൻ ഉത്തരവിടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാർ ഭൂമി വിലയ്ക്ക് ഏറ്റെടുക്കാൻ ഉത്തരവ് ഇറക്കിയിട്ടുള്ള സംഗതിയിൽ സർക്കാർ ആ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന തുകയ്ക്കു തുല്യമായ ഒരു തുക പ്രതിഫലമായി വാങ്ങലിനു പ്രതിഫലമായി നൽകേണ്ടതും അപ്രകാരം തുക നൽകിക്കഴിഞ്ഞാൽ യാതൊരു ബാദ്ധ്യതകളുമില്ലാതെ പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നതുമാണ്.

(5) (4)-ാം ഉപവകുപ്പ് അനുസരിച്ചുള്ള നടപടിയിൽ സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ആ ഭൂമി സ്ഥിതിചെയ്യുന്നത് ഏത് ജില്ലാക്കോടതിയുടെ അധികാര പരിധിക്കുള്ളിലാണോ, അവിടെ സർക്കാർ ഭൂമി ഏറ്റെടുത്ത തീയതി മുതൽ മുപ്പതുദിവസത്തിനുള്ളിൽ അപ്പീൽ കൊടുക്കാവുന്നതാണ്.]

[1][**45.ഡി. തിരുത്തൽ ആധാരത്തിന് ചുമത്താവുന്ന മുദ്രവില.**_ 45 എ വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നതും, മുൻപുള്ള ഏതെങ്കിലും ആധാരത്തിൽ വിവരിച്ചിട്ടുള്ളതുമായ വസ്തുവിന്റെ വിവരണത്തിൽ, ഏതെങ്കിലും അവകാശമോ ബാദ്ധ്യതയോ സൃഷ്ടിക്കുകയോ കൈമാറ്റം ചെയ്യുകയോ പരിമിതപ്പെടുത്തുകയോ വിപുലീകരിക്കുകയോ ചെയ്യാതെ, ഏതെങ്കിലും തെറ്റ് തിരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു ആധാരത്തിൽ, അപ്രകാരമുള്ള തെറ്റു തിരുത്തൽ കൈമാറ്റം ചെയ്യപ്പെട്ട വസ്തുവിന്റെ ന്യായവിലയിൽ വർദ്ധനവ് വരുത്തുന്നതിന് ഇടയാക്കുകയാണെങ്കിൽ, അപ്രകാരമുള്ള തെറ്റു തിരുത്തൽ ആധാരത്തിന്മേൽ ചുമത്തേണ്ട മുദ്രവില അതിന്റെ യഥാർത്ഥ സ്വഭാവത്തിലുള്ള കൈമാറ്റത്തിന് പട്ടിക പ്രകാരം ചുമത്തേണ്ട മുദ്രവിലയിൽ നിന്നും അപ്രകാരമുള്ള മുന്നാധാരത്തെ സംബന്ധിച്ച് ഏതെങ്കിലും മുദ്രവില മുൻപ് അടച്ചിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്തു കൊണ്ടുള്ള മുദ്ര വില ആയിരിക്കുന്നതാണ്.]

---

1. *2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1994 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തു.*

**46. മുദ്രവിലകളും പിഴകളും വസൂലാക്കൽ._** ഈ അദ്ധ്യായപ്രകാരം അടയ്ക്കേണ്ടുന്ന എല്ലാ മുദ്രവിലകളും പിഴകളും മറ്റു സംഖ്യകളും അടയ്ക്കേണ്ടുന്ന ആളുടെ ജംഗമ വസ്തു ജപ്തിചെയ്തു വിറ്റോ അല്ലെങ്കിൽ ഭൂനികുതി കുടിശ്ശിക വസൂലാക്കാൻ തൽക്കാലം നടപ്പുള്ള മറ്റു വല്ല വിധത്തിലോ കളക്ടർക്ക് വസൂലാക്കാവുന്നതാണ്.

## അദ്ധ്യായം 5

### ചില സംഗതികളിൽ മുദ്രസാധനങ്ങൾക്ക് വകവച്ചു കൊടുക്കൽ

**47. കേടുവന്ന മുദ്ര സാധനങ്ങൾക്ക് വകവച്ചു കൊടുക്കൽ._** ആവശ്യപ്പെടേണ്ടുന്ന തെളിവിന്റെയോ നടത്തേണ്ടുന്ന അന്വേഷണത്തിന്റെയോ കാര്യത്തിന് ഗവൺമെന്റുണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി 48-ാം വകുപ്പിൽ നിർണ്ണയിച്ച സമയത്തിനുള്ളിൽ അപേക്ഷിക്കുകയും ആ സംഗതികൾ തനിക്ക് ബോദ്ധ്യമാവുകയും ചെയ്താൽ, താഴെ പറയുന്ന കാര്യങ്ങളിൽ കേടു വന്നു പോയ, [1][അച്ചടിമുദ്രകൾക്ക് അല്ലെങ്കിൽ ഇ-മുദ്രകൾക്ക്] കളക്ടർ വക വച്ചുകൊടുക്കാവുന്നതാണ്. അതായത് -----

(എ) ഏതെങ്കിലും കടലാസ്സിലെഴുതിയ ഏതെങ്കിലും കരണം ഏതെങ്കിലും ആൾ ഒപ്പിട്ടു കൊടുക്കും മുമ്പേ സൂക്ഷ്മക്കേടിനാലും മനപ്പൂർവ്വം അല്ലാതെയും കേടുവരികയോ, മാഞ്ഞുപോവുകയോ അല്ലെങ്കിൽ എഴുതിയതിലെ തെറ്റുകൊണ്ടോ മറ്റുവല്ല വിധത്തിലോ ഉദ്ദിഷ്ട കാര്യത്തിന് കൊള്ളരുതാതെ വരികയോ ചെയ്ത മുദ്രസാധനം;

(ബി) പൂർണ്ണമായോ, ഭാഗികമായോ എഴുതിയിരിക്കുന്നതും, എന്നാൽ ആധാരത്തിലെ ഒരു കക്ഷിയും ഒപ്പിടുകയോ, എഴുതികൊടുക്കുകയോ ചെയ്തിട്ടില്ലാത്തതും ആയ ഏതെങ്കിലും ആധാരത്തിലെ മുദ്രസാധനം;

(സി) ഒരു കരണത്തിലെ ഏതെങ്കിലും കക്ഷി എഴുതികൊടുത്ത കരണത്തിനുവേണ്ടി ----

(1) ആദ്യം മുതൽക്കേ പൂർണ്ണമായും നിയമപ്രാകരം അസാധുവാണെന്ന് പിന്നീട് കാണപ്പെടുമ്പോൾ, അതിൻമേലും;
(2) അതിലെ വല്ല തെറ്റിനാലോ അബദ്ധത്താലോ ആദ്യം നിശ്ചയിച്ച ആവശ്യത്തിലേക്ക് കൊള്ളരുതാത്തതായി പിന്നീട് കാണപ്പെട്ടിരിക്കുമ്പോൾ, അതിന്മേലും;
(3) അത് ഒപ്പിട്ട് കൊടുക്കാൻ ആവശ്യമായ വല്ല ആളും ഒപ്പിട്ട് കൊടുക്കാതെമരിച്ച് പോകയോ, ആ വക വല്ല ആളും ആയത് ഒപ്പിട്ടുകൊടുക്കാൻ വിസമ്മതിക്കുകയോ ചെയ്കതു നിമിത്തം വിചാരിച്ച ഇടപാട് ഉദ്ദേശിച്ച വിധം പൂർത്തിയാക്കുവാൻ സാധാക്കാത്തപ്പോൾ അതിന്മേലും;
(4) പ്രധാനപ്പെട്ട ഏതെങ്കിലും കക്ഷി ഒപ്പിട്ടു കൊടുക്കാത്ത ഹേതുവാലും, അതിൽ ഒപ്പിട്ടു കൊടുക്കാൻ അയാൾക്ക് കഴിയാതിരിക്കുകയോ അയാൾ അതിനു വിസ്സമതിക്കുകയോ ചെയ്കതിനാലും അതുകൊണ്ടുദ്ദേശിച്ച കാര്യത്തിന് യഥാർത്ഥത്തിൽ പൂർത്തിയാകാതെയും പോരാതെയും ഇരിക്കുമ്പോൾ, അതിന്മേലും;
(5) ഏതെങ്കിലും ആൾ അതുപ്രകാരം പ്രവർത്തിക്കാനോ, അതിനാൽ ഉറപ്പിക്കാൻ നിശ്ചയിച്ച വല്ല പണവും കൊടുക്കാനോ വിസമ്മതിച്ചതിനാലോ അതിനാൽ നൽകിയ വല്ല ജോലിയും

---

*1. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ "അടിച്ച മുദ്രകൾക്ക്" എന്ന വാക്കുകൾക്കു പകരം കൂട്ടിച്ചേർത്തു.*

നിരാകരിക്കുകയോ, കൈക്കോള്ളാതിരിക്കുകയോ ചെയ്യതിനാലോ ഉദ്ദേശിച്ച കാര്യം തീരെ നിഷ്ഫലമാകുമ്പോൾ, അതിന്മേലും;

(6) അതിനാൽ സാധിപ്പിക്കാൻ വിചാരിച്ച ഇടപാട് അതേ കക്ഷികൾ തമ്മിൽ അതിനേക്കൾ കുറഞ്ഞ വിലയുള്ളതല്ലാത്ത മുദ്രയുള്ള മറ്റുവല്ല കരണത്താലും സാധിപ്പിച്ചതു നിമിത്തം പ്രയോജനമില്ലാതെ വരുമ്പോൾ, അതിന്മേലും;

(7) വിലപോരാതെ വരികയും അതിനാൽ സാധിപ്പാൻ വിചാരിച്ച ഇടപാട് അതേ കക്ഷികൾ തമ്മിൽ അതിനേക്കാൾ കുറഞ്ഞ വിലയുള്ളതല്ലാത്ത മുദ്രയുള്ള മറ്റുവല്ല കരണത്താലും സാധിപ്പിച്ചിരിക്കുകയും ചെയ്യുമ്പോൾ, അതിന്മേലും;

(8) സൂഷ്മക്കേടിനാലും മനപ്പൂർവ്വവല്ലാതെയും കേടുവരികയും അതിനു പകരം അതേ കക്ഷികൾ തമ്മിൽ അതേ ആവശ്യത്തിലേക്ക് ഉണ്ടാക്കിയ മറ്റൊരു കരണം ഒപ്പിട്ടു കൊടുത്ത് ക്രമപ്രകാരം മുദ്ര പതിക്കയും ചെയ്തിരിക്കുമ്പോൾ, അതിന്മേലും; ഉപയോഗപ്പെടുത്തിയ മുദ്ര:

എന്നാൽ എഴുതി ഒപ്പിട്ടു കൊടുത്ത ഒരു കരണത്തിന്റെ സംഗതിയിൽ ആ കരണം തെളിവിൽ കൊടുക്കുകയോ, സമർപ്പിക്കുകയോ ചെയ്യാൻ കഴിയുമാരുന്നതോ ചെയ്യേണ്ടിയിരുന്നതോ ആയ യാതൊരു നിയമ നടപടിയും തുടങ്ങിയിട്ടില്ലാതിരിക്കുകയും, റദ്ദാക്കുവാനായി ആ കരണം മടക്കി കൊടുക്കാതിരിക്കുകയും വേണം.

*വിവരണം. ------ ഒരു കരണത്തിന്മേൽ ചുമത്തത്തക്ക പൂർണ്ണമായ മുദ്രവില അടച്ചിരിക്കുന്നുവെന്നു 32-ാം വകുപ്പ് പ്രകാരമുള്ള കളക്ടറുടെ സർട്ടിഫിക്കറ്റ് ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു അടിച്ച മുദ്രയായിരിക്കും.*

48. 47-ാം **വകുപ്പ് പ്രകാരം നിവൃത്തിക്ക് അപേക്ഷിക്കേണ്ടതെപ്പോഴെന്ന്.**_ 47-ാം വകുപ്പ് നിവൃത്തിക്കുള്ള അപേക്ഷ താഴെ പറയുന്ന കാലയളവിനുള്ളിൽ, അതായത്;

(1) (സി) (5)-ാം ഖണ്ഡത്തിൽ പറഞ്ഞ സംഗതികളിൽ കരണത്തിലെ തീയതി മുതൽക്കു രണ്ട് മാസത്തിനുള്ളിലും;

(2) കരണത്തിലെ കക്ഷികളിൽ ആരും തന്നെ കരണം എഴുതി ഒപ്പിട്ടു കൊടുത്തിട്ടില്ലാത്ത ഒരു മുദ്രക്കടലാസിന്റെ സംഗതിയിൽ മുദ്ര കേടുവന്നു പോയതിൽ പിന്നെ ആറു മാസത്തിനുള്ളിലും;

(3) കരണത്തിലെ കക്ഷികളിൽ ആരെങ്കിലും കരണം എഴുതി ഒപ്പിട്ടു കൊടുത്തിരിക്കുന്ന ഒരു മുദ്രക്കടലാസിന്റെ സംഗതിയിൽ കരണത്തിന്റെ തീയതിക്കു ശേഷം ആറുമാസത്തിനുള്ളിലും അഥവാ കരണത്തിൽ തീയതി വച്ചിട്ടില്ലെങ്കിൽ ആയത് ആദ്യമായോ തനിയെയോ ഒപ്പിട്ടു കൊടുത്ത ആൾ അത് ഒപ്പിട്ടു കൊടുത്തതിൽ പിന്നെ ആറുമാസത്തിനുള്ളിലും, ബോധിപ്പിക്കേണ്ടതാകുന്നു:

എന്നാൽ -----

(എ) കേടുവന്ന കരണം മതിയായ കാരണങ്ങളാൽ സംസ്ഥാനത്തിന് പുറത്ത് അയച്ചിരിക്കുമ്പോൾ അതു സംസ്ഥാനത്തിൽ തിരിയെ കിട്ടിയതിനു ശേഷം ആറു മാസത്തിനുള്ളിൽ അപേക്ഷ ബോധിപ്പിക്കാവുന്നതാകുന്നു.

(ബി) ഏതു കരണത്തിനു പകരം മറ്റൊരു കരണം എഴുതിയിരിക്കുന്നുവോ ആ കരണം, അനിവാര്യമായ പരിതസ്ഥിതികളാൽ മേൽപ്പറഞ്ഞ അവധിക്കുള്ളിൽ റദ്ദാക്കുവാനായി മടക്കി

എൽപ്പിക്കാൻ കഴിയാതിരിക്കുമ്പോൾ പകരം എഴുതിയ കരണം എഴുതി കൊടുത്ത തീയതിക്ക് ശേഷം ആറു മാസത്തിനുള്ളിൽ അപേക്ഷ ബോധിപ്പിക്കാവുന്നതാകുന്നു.

**49. ഏകാംഗയോഗങ്ങൾക്ക് മേലിൽ ആവശ്യമില്ലാത്ത അച്ചടി ഫാറങ്ങളുടെ കാര്യത്തിൽ വകവച്ചു കൊടുക്കൽ._** ഏതെങ്കിലും ബാങ്കറോ, ഏകാംഗയോഗമാക്കപ്പെട്ട ഏതെങ്കിലും കമ്പനിയോ, മറ്റു ഏകീകൃതയോഗമോ കരണങ്ങളുടെ അച്ചടി ഫാറങ്ങൾക്കായി ഉപയോഗപ്പെടുത്തിയ മുദ്രക്കടലാസുകളുടെ കാര്യത്തിൽ ആ വക ഫാറങ്ങൾ, ഏതെങ്കിലും മതിയായ കാരണത്താൽ ആ ബാങ്കർക്കോ, കമ്പനിക്കോ, ഏകീകൃതയോഗത്തിനോ ആവശ്യമില്ലാതായിത്തീർന്നിരുന്നാൽ, ഗവൺമെന്റോ, ഇതിലേക്ക് വേണ്ടി ഗവൺമെന്റ് നിർണ്ണയിക്കുന്ന അധികാരസ്ഥാനമോ, കാലാവധി ഇല്ലാതെ വകവച്ചു കൊടുക്കാം.

എന്നാൽ ആ മുദ്രക്കടലാസുകളുടെ കാര്യത്തിൽ മുദ്രവില ക്രമപ്രകാരം അടച്ചിരിക്കുന്നുവെന്ന് ഗവൺമെന്റിനോ ആ അധികാരസ്ഥാനത്തിനോ ബോദ്ധ്യപ്പെട്ടിരിക്കണം.

**50. തെറ്റായി ഉപയോഗിച്ച മുദ്ര സാധനങ്ങൾ വകവച്ചു കൊടുക്കൽ._** (എ) മുദ്രവില ചുമത്തത്തക്ക ഒരു കരണത്തിന്, വല്ല ആളും ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ ആ കരണത്തിനു നിർണ്ണയിച്ചിട്ടുള്ളതല്ലാതെ വേറൊരു വിധമായ ഒരു മുദ്രയോ, ആവശ്യമുള്ളതിൽ അധികം വിലയുള്ള ഒരു മുദ്രയോ, സൂക്ഷമക്കുറവിനാൽ ഉപയോഗിച്ചിരിക്കുകയോ, യാതൊരു മുദ്രവിലയും ചുമത്തത്തക്കതല്ലാത്ത ഒരു കരണത്തിനു സൂക്ഷമകുറവിനാൽ ഏതെങ്കിലും മുദ്ര ഉപയോഗിച്ചിരിക്കുകയോ ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(ബി) ഒരു കരണത്തിന് ഉപയോഗിച്ച ഏതെങ്കിലും മുദ്ര, ആ കരണം 13-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിപരീതമായി എഴുതിപ്പോയതിനാൽ 15-ാം വകുപ്പ് പ്രകാരം, സൂക്ഷമക്കുറവിനാൽ ഉപയോഗമില്ലാതെ വന്നിരിക്കുമ്പോഴോ,

കരണത്തിലെ തീയതിക്കുശേഷം ആറുമാസത്തിനുള്ളിലോ, അതിനു തീയതി വച്ചിട്ടില്ലെങ്കിൽ, അതു ആദ്യമായോ തനിയെയോ ഒപ്പിട്ടു കൊടുത്ത ആൾ ഒപ്പിട്ടു കൊടുത്തതിനു ശേഷം ആറുമാസത്തിനുള്ളിലോ, അപേക്ഷിക്കുകയും, മുദ്രവില ചുമത്തത്തക്കതാണെങ്കിൽ കരണത്തിൽ വീണ്ടും ശരിയായ വിലയുള്ള മുദ്ര പതിക്കുകയും ചെയ്താൽ അങ്ങനെ തെറ്റായി ഉപയോഗിച്ചതോ ഉപയോഗമില്ലാതായതോ ആയ മുദ്ര കളക്ടർക്ക് റദ്ദാക്കുകയും കേടുവന്നതായി വകവച്ചു കൊടുക്കുകയും ചെയ്യാം.

**51. കേടുവന്നതോ തെറ്റായി ഉപയോഗിച്ചതോ ആയ മുദ്രകൾക്ക് വകവച്ചുകൊടുക്കുന്നത് എങ്ങനെയെന്ന്._** കേടുവന്നതോ തെറ്റായി ഉപയോഗിച്ചതോ ആയ മുദ്രകൾക്ക് വകവച്ചു കൊടുക്കുന്ന ഏതെങ്കിലും കാര്യത്തിൽ കളക്ടർക്ക് ആ മുദ്രകൾക്ക് പകരം ----

(എ) അതേതരത്തിലും വിലയുമുള്ള മറ്റു മുദ്രകളോ,

(ബി) ആവശ്യപ്പെടുകയും ശരിയെന്ന് തനിക്ക് തോന്നുകയും ചെയ്താൽ വിലയിൽ അതേ സംഖ്യയുള്ള മറ്റുവല്ല തരം മുദ്രകളോ,

(സി) തന്റെ യുക്തപ്രകാരം ഓരോ രൂപയ്ക്കോ, ഒരു രൂപയുടെ വല്ല ഭാഗത്തിനോ ആറു പൈസ കിഴിച്ച് ആ വിലയുള്ള പണമോ കൊടുക്കാവുന്നതാകുന്നു.

**52. ഉപയോഗിപ്പാൻ ആവശ്യമില്ലാത്ത മുദ്രകൾക്ക് വകവച്ച് കൊടുക്കൽ._** കേടുവരികയോ, ഉദ്ദേശിച്ച കാര്യത്തിന് കൊള്ളരുതാത്തതാക്കുകയോ ഉപയോഗമില്ലാതാക്കുകയോ ചെയ്തിട്ടില്ലാത്തതും എന്നാൽ തനിക്ക് ഉടനെ ഉപയോഗമില്ലാത്തതും ആയ മുദ്രയോ, മുദ്രകളോ വല്ല ആളുടെയും കൈവശം ഉള്ളപ്പോൾ, അയാൾ ആ മുദ്ര സാധനങ്ങൾ ദുർബ്ബലമാക്കാനായി കളക്ടർക്ക് ഏൽപ്പിച്ച് കൊടുക്കുകയും -----

(എ) ആ മുദ്രയോ, മുദ്രകളോ ഉപയോഗിക്കുവാനായി ഉത്തമവിശ്വാസമായുള്ള വിചാരത്തോടുകൂടി അയാൾ വിലയ്ക്ക് വാങ്ങിയതാണെന്നും;

(ബി) താൻ അവയ്ക്ക് മുഴുവൻ വിലയും അടച്ചിരിക്കുന്നുവെന്നും;

(സി) അവ അങ്ങനെ ഏൽപ്പിച്ച് കൊടുക്കുന്ന തീയതിക്ക് അടുത്ത മുമ്പിലത്തെ ആറുമാസക്കാലത്തിനുള്ളിൽ അങ്ങനെ വാങ്ങിയതാണെന്നും, കളക്ടർക്ക് ബോദ്ധ്യമാകും വണ്ണം തെളിയിക്കുകയും ചെയ്താൽ കളക്ടർ ഓരോ രൂപയ്ക്കോ ഒരു രൂപയുടെ ഭാഗത്തിനോ ആറ് പൈസ കിഴിച്ച് അയാൾക്ക് ആ മുദ്രയുടെയോ മുദ്രകളുടെയോ വില പണമായി മടക്കി കൊടുക്കേണ്ടതാകുന്നു:

എന്നാൽ അയാൾ മുദ്രസാധനം വിൽക്കാൻ ലൈസൻസുള്ള ഒരു വിക്രയി ആണെങ്കിൽ കളക്ടർക്ക് തനിക്ക് യുക്തമെന്ന് തോന്നുന്നപക്ഷം വിക്രയി യഥാർത്ഥമായി അടച്ച പണം മേൽ പറഞ്ഞ കിഴിവൊന്നും കൂടാതെ മടക്കി കൊടുക്കാവുന്നതാണ്.

**53. അണകളുടെ തരങ്ങളിലുള്ള മുദ്രകൾക്ക് വകവെച്ച് കൊടുക്കൽ._** 52-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വല്ല ആളുടെയും കൈവശം നാലണയുടെയോ അതിന്റെ ഗുണിതങ്ങളുടെയോ തരങ്ങളിൽപ്പെടാത്ത ഏതെങ്കിലും തരങ്ങളിലുള്ള വല്ല മുദ്രയോ മുദ്രകളോ ഉണ്ടായിരിക്കുകയും അങ്ങനെയുള്ള മുദ്രക്കോ മുദ്രകൾക്കോ കേടുപറ്റിയിട്ടില്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം, ആ ആൾ, അങ്ങനെയുള്ള മുദ്രയോ മുദ്രകളോ ഈ ആക്ട് നടപ്പിൽ വരുന്നതു മുതൽ ആറുമാസത്തിനകം കളക്ടർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതായാൽ 1906 ലെ ഇൻഡ്യൻ നാണയ ആക്ട് (1906 ലെ 3) 14-ാം വകുപ്പ് (2-ാം) ഉപ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കണക്കാക്കിയ പ്രകാരം, അങ്ങനെയുള്ള മുദ്രയുടെയോ മുദ്രകളുടെയോ വില പണമായി, കളക്ടർ, ആ ആൾക്ക് മടക്കി കൊടുക്കേണ്ടതാണ്.

## അദ്ധ്യായം 6

### അഭിപ്രായം ചോദിക്കലും പുന:പരിശോധനയും

**54. ഗവൺമെന്റിന്റേയോ അല്ലെങ്കിൽ ഗവൺമെന്റ് നിർണ്ണയിച്ച മറ്റ അധികൃത സ്ഥാനത്തിന്റെയോ നിയന്ത്രണവും കാര്യത്തിന്റെ വിവരം അതിന് അയയ്ക്കലും.-** (1) 4-ാംആദ്ധ്യായവും 5-ാം അദ്ധ്യായവും 27-ാം വകുപ്പിലെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിലെ (എ) എന്ന ഖണ്ഡപ്രകാരവും കളക്ടർ വിനിയോഗിക്കാവുന്ന അധികാരങ്ങൾ എല്ലാ സംഗതികളിലും ഗവൺമെന്റിന്റേയോ ഇതിനുവേണ്ടി ഗവൺമെന്റ് നിർണ്ണയിക്കാവുന്ന മറ്റേതെങ്കിലും അധികൃതസ്ഥാനത്തിന്റെയോ നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

(2) 31-ാം വകുപ്പോ, 39-ാം വകുപ്പോ, 40-ാം വകുപ്പോ പ്രകാരം പ്രവർത്തിക്കുന്ന ഏതെങ്കിലും കളക്ടർക്ക് ഏതെങ്കിലും കരണത്തിനു ചുമത്തേണ്ട മുദ്രവിലയെപ്പറ്റി സംശയം തോന്നിയാൽ അദ്ദേഹം ആ കാര്യത്തിന്റെ ഒരു വിവരം എഴുതി അതിൻമേൽ തന്റെ സ്വന്തം അഭിപ്രായത്തോടു കൂടി ഗവൺമെന്റിന്റെയോ അല്ലെങ്കിൽ ഇതിലേക്കായി ഗവൺമെന്റ് നിർണ്ണയിക്കാവുന്ന മറ്റേതെങ്കിലും അധികൃത സ്ഥാനത്തിന്റെയോ തീർപ്പിന് അയയ്ക്കേണ്ടതാകുന്നു.

(3) ഗവൺമെന്റോ അങ്ങനെയുള്ള അധികൃതസ്ഥാനമോ ആ കാര്യം പര്യാലോചിച്ച് തങ്ങളുടെ തീരുമാനത്തിന്റെ ഒരു പകർപ്പ് കളക്ടർക്ക് അയക്കേണ്ടതും അദ്ദേഹം ആ തീരുമാനത്തിനനുസരണമായി മുദ്രവില വല്ലതുമുണ്ടെങ്കിൽ അതു ചുമത്തി ഈടാക്കാൻ നടപടി എടുക്കേണ്ടതുമാകുന്നു.

**55. ഗവൺമെന്റോ ഗവൺമെന്റ് നിർണ്ണയിച്ച മറ്റ് അധികൃത സ്ഥാനമോ കാര്യത്തിന്റെ വിവരം ഹൈക്കോർട്ടിലേക്കയക്കൽ.-** (1) ഗവൺമെന്റോ, ഗവൺമെന്റ് ഇതിലേക്കായി നിർണ്ണയിക്കാവുന്ന മറ്റു അധികൃതസ്ഥാനമോ 54-ാം വകുപ്പ് (2)-ാം ഉപ വകുപ്പ് പ്രകാരം തങ്ങളുടെ അഭിപ്രായത്തിനയച്ചിരിക്കുന്നതോ മറ്റു വിധത്തിൽ തങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതോ ആയ വല്ല കാര്യത്തേയും പറ്റി വിവരിച്ച് ആ കാര്യം, തങ്ങളുടെ അഭിപ്രായത്തോടുകൂടി ഹൈക്കോടതിയുടെ അഭിപ്രായത്തിനയക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ കാര്യവും ഹൈക്കോടതിയിലെ മൂന്നിൽ കുറയാതെയുള്ള ജഡ്ജിമാരാൽ തീരുമാനപ്പെടേണ്ടതും അഭിപ്രായവ്യത്യാസമുണ്ടാകുന്നതായാൽ ഭൂരിപക്ഷാഭിപ്രായം സാധുവായിരിക്കുന്നതും ആകുന്നു.

**56. വിവരിക്കപ്പെട്ട കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാൻ ഹൈക്കോടതിക്കുള്ള അധികാരം.-** പ്രസ്തുത കാര്യത്തിൽ പുറപ്പെടുവിച്ചിരിക്കുന്ന വാദങ്ങളെപ്പറ്റി തീരുമാനിക്കാൻ കോടതിക്ക് സാധിക്കുന്നതിന് അതിൽ അടങ്ങിയിട്ടുള്ള വിവരങ്ങൾ മതിയാകുന്നതല്ലെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യമായാൽ, കോടതിക്ക്, അത് ഈ ആവശ്യത്തിനായി നിർദ്ദേശിക്കാവുന്ന വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനോ ഭേദഗതിൽ വരുത്തുന്നതിനോ ആയി, ആ കാര്യം എഴുതി അയച്ച അധികൃതസ്ഥാനത്തിന് മടക്കി അയക്കാവുന്നതാകുന്നു.

**57. വിവരിക്കപ്പെട്ട കാര്യം തീർപ്പാക്കുന്നതിനുള്ള നടപടി.-** (1) ഹൈക്കോടതി അങ്ങനെയുള്ള ഏതെങ്കിലും കാര്യത്തിന്മേലുള്ള വാദം കേട്ടതിനുശേഷം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളെപ്പറ്റി തീരുമാനമെടുക്കേണ്ടതും, അങ്ങനെയുള്ള ഒരു തീരുമാനത്തിനാസ്പദമായ കാരണങ്ങൾ അടങ്ങിയ വിധി പ്രസ്താവിക്കേണ്ടതുമാകുന്നു.

(2) കോടതി, ആ കാര്യം എഴുതി അയച്ച അധികൃതസ്ഥാനത്തിന് ആ വിധി ന്യായത്തിന്റെ ഒരു പകർപ്പ് കോർട്ട് മുദ്രയും, രജിസ്ട്രാറുടെ കൈയ്യൊപ്പും വെച്ച് അയയ്ക്കേണ്ടതും, അങ്ങനെയുള്ള പകർപ്പ് കിട്ടിയാൽ ആ അധികൃതസ്ഥാനം ആ വിധിന്യായത്തിനനുയോജ്യമായ വിധത്തിൽ ആ കാര്യം തീരുമാനിക്കേണ്ടതുമാകുന്നു.

**58. മറ്റുകോടതികൾ കാര്യത്തിന്റെ വിവരം ഹൈക്കോടതിക്ക് അയയ്ക്കൽ-**

(1) ഹൈക്കോടതിയല്ലാത്ത മറ്റുവല്ല കോടതിക്കും 34-ാം വകുപ്പിലെ (എ) എന്ന ക്ലിപ്ത നിബന്ധന പ്രകാരം ഏതെങ്കിലും കരണം സംബന്ധിച്ച് കൊടുക്കേണ്ട മുദ്രവിലയുടെ തുകയെപ്പറ്റി സംശയം ഉണ്ടാകുന്നതായാൽ ജഡ്ജി ആ കാര്യത്തിലെ വിവരങ്ങൾ എഴുതി അതിന്മേൽ തന്റെ സ്വന്തം അഭിപ്രായത്തോടുകൂടി ആ കാര്യം തീരുമാനിക്കുന്നതിനായി ഹൈക്കോടതിയിലേക്ക് അയക്കാവുന്നതാണ്.

(2) ഹൈക്കോടതി ഈ സംഗതി 55-ാം വകുപ്പ് പ്രകാരം അഭിപ്രായത്തിനയച്ചിരുന്നാലെന്നപോലെ കൈകാര്യം ചെയ്യേണ്ടതും അതിന്റെ വിധിന്യായത്തിന്റെ ഒരു പകർപ്പ് കോർട്ടു മുദ്രയോടും രജിസ്ട്രാറുടെ കൈയ്യോപ്പോടും കൂടി ഗവൺമെന്റിനോ അല്ലെങ്കിൽ ഈ ആവശ്യാർത്ഥം നിർണ്ണയിച്ചിട്ടുള്ള മറ്റേതെങ്കിലും അധികൃതസ്ഥാനത്തിനോ അയക്കേണ്ടതും, അതു പോലുള്ള വേറൊരു പകർപ്പ് അഭിപ്രായത്തിനയച്ച ജഡ്ജിക്കും അയക്കേണ്ടതും, അദ്ദേഹം അങ്ങനെയുള്ള പകർപ്പ് കിട്ടിയാൽ ആ വിധിന്യായത്തിനനുസരണമായി ആ കാര്യം തീരുമാനിക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അയയ്ക്കുന്ന അഭിപ്രായാന്വേഷണങ്ങൾ ഒരു ജില്ലാക്കോടതിക്കു കീഴിലുള്ള ഒരു കോടതിയിൽ നിന്ന് അയയ്ക്കുമ്പോൾ ജില്ലാക്കോടതി മുഖേനയും കീഴിലുള്ള ഏതെങ്കിലും റവന്യൂ കോടതിയിൽ നിന്ന് അയക്കുമ്പോൾ അടുത്ത മേലധികാരം ഉള്ളകോടതി മുഖേനയും വേണ്ടതാണ്.

**59. മുദ്രകളുടെ പര്യാപ്തതയെക്കുറിച്ച് കോടതികളുടെ ചില തീർപ്പുകളുടെ പുനപ്പരിശോധന.-**
(1) സിവിൽ വകയോ റവന്യൂ വകയോ ആയ അധികാരം നടത്തുന്ന ഏതെങ്കിലും കോടതിയോ, 1898 - ലെ ക്രിമിനൽ നടപടി നിയമം, 12-ാം അദ്ധ്യായമോ 36-ാം അദ്ധ്യായമോ പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ ഏതെങ്കിലും ക്രിമിനൽ കോടതിയോ, ശരിയായി മുദ്രപതിച്ചതായിട്ടോ മുദ്ര ആവശ്യമില്ലാത്തതായിട്ടോ 34-ാം വകുപ്പ് പ്രകാരം മുദ്രവിലയും പിഴയും അടച്ചതിന്മേലോ, വല്ല കരണവും തെളിവായി സ്വീകരിപ്പാൻ വല്ല കൽപ്പനയും പുറപ്പെടുവിക്കുമ്പോൾ, അങ്ങനെ ആദ്യം പറഞ്ഞ കോടതിയിൽ നിന്നു ഏതു കോടതിയിൽ അപ്പീൽ ബോധിപ്പിക്കുകയോ അഭിപ്രായം ചോദിക്കുകയോ ചെയ്യുന്നുവോ ആ കോടതിക്ക് സ്വമേധയായോ അല്ലെങ്കിൽ കളക്ടറുടെ അപേക്ഷയിന്മേലോ ആ കൽപ്പനയെപ്പറ്റി ആലോചിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കരണം 34-ാം വകുപ്പുപ്രകാരമുള്ള മുദ്രവിലയും പിഴയും കൊടുക്കാതെയോ അല്ലെങ്കിൽ കൊടുത്തിട്ടുള്ളതിനേക്കാൾ കൂടുതലായ വിലയും പിഴയും കൊടുക്കാതെയോ തെളിവിൽ സ്വീകരിക്കേണ്ടതില്ലായിരുന്നു എന്ന് അങ്ങനെയുള്ള ആലോചനയ്ക്കു ശേഷം ആ കോടതിക്ക് തോന്നുന്നതായാൽ കോടതിക്ക് അതിനായി ഒരു യാദാസ്റ്റ് എഴുതുകയും അങ്ങനെയുള്ള കരണത്തിന് ചുമത്തേണ്ട മുദ്രവില സംഖ്യ നിശ്ചയിക്കുകയും, ആ കരണം ഏതൊരാളുടെ കൈവശത്തിലോ അധീനതയിലോ ഇരിക്കുന്നുവോ, ആ ആളോട് അതു ഹാജരാക്കാൻ ആവശ്യപ്പെടുകയും ഹാജരാക്കുമ്പോൾ അത് ബന്തവസ്സിൽ വയ്ക്കുകയും ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം വല്ല യാദാസ്തും എഴുതിയിരിക്കുമ്പോൾ അത് എഴുതിയ കോടതി, അതിന്റെ ഒരു പകർപ്പ് കളക്ടർക്കയക്കേണ്ടതും, അതു സംബന്ധിക്കുന്ന കരണം ബന്തവസ്സിൽ വച്ചിരിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ആ കോടതിയുടെ കൈവശത്തിൽ ഇരിക്കുകയോ ചെയ്യുമ്പോൾ ആ കരണവും കൂടി അയാൾക്കയക്കേണ്ടതുമാണ്.

(4) അങ്ങനെ ചെയ്യുന്ന പക്ഷം, കളക്ടർക്ക് ആ കരണം തെളിവിനായി സ്വീകരിച്ച ഉത്തരവിലോ 41-ാം വകുപ്പ് പ്രകാരം നൽകിയ ഏതെങ്കിലും സർട്ടിഫിക്കറ്റിലോ 42-ാം വകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും കൂടി അങ്ങനെയുള്ള കരണത്തെ സംബന്ധിച്ച് മുദ്രവില നിയമത്തിനു വിരോധമായി ഏതെങ്കിലും ഒരാൾ കുറ്റം ചെയ്തിരിക്കുന്നതായി കളക്ടർക്ക് തോന്നിയാൽ, അയാളുടെ മേൽ ശിക്ഷാനടപടി എടുക്കാവുന്നതാണ്:

എന്നാൽ -----

(എ) അങ്ങനെയുള്ള കോടതിയുടെ തീർപ്പുപ്രകാരം ആ കരണത്തിന് 34-ാം വകുപ്പ് പ്രകാരം അടയ്ക്കേണ്ട (മുദ്രവിലയും പിഴയും കൂടിയുള്ള) തുക കളക്ടർക്ക് അടച്ചാൽ, ആ കുറ്റം ശരിയായ മുദ്രവില അടയ്ക്കാതെ കഴിക്കാനുള്ള വിചാരത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്ന് കളക്ടർക്ക് തോന്നിയാലല്ലാതെ അങ്ങനെയുള്ള യാതൊരു ശിക്ഷാനടപടിയും എടുക്കാൻ പാടുള്ളതല്ല.

(ബി) ഈ വകുപ്പ് പ്രകാരം കൊടുക്കുന്ന യാതൊരു യാദാസ്തും മേൽ പറഞ്ഞതുപോലെയുള്ള ശിക്ഷാനടപടിയുടെ ആവശ്യത്തിനായല്ലാതെ വല്ല കരണവും തെളിവായി സ്വീകരിച്ച യാതൊരു ഉത്തരവിന്റെയോ 41-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട യാതൊരു സർട്ടിഫിക്കറ്റിന്റെയോ സാധുതയെ ബാധിക്കുന്നതല്ല.

## അദ്ധ്യായം 7

## ക്രിമിനൽ കുറ്റങ്ങളും നടപടിക്രമവും

**60. ശരിയായി മുദ്ര പതിക്കാതെ കരണം എഴുതിക്കൊടുക്കുന്നതിനും മറ്റുമുള്ള ശിക്ഷ.-** (1) മുദ്രവില ചുമത്തത്തക്ക വല്ല കരണവും ശരിയായി മുദ്ര പതിക്കാതെ എഴുതികൊടുക്കുകയോ ഒരു സാക്ഷിയായിട്ടല്ലാതെ മറ്റുവിധത്തിൽ കൈയ്യൊപ്പ് ഇട്ടുകൊടുക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഓരോ കുറ്റത്തിനും അഞ്ഞൂറ് രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്:

എന്നാൽ 34-ാമത്തെയോ, 39-ാമത്തെയോ, 59-ാമത്തെയോ വകുപ്പ് പ്രകാരം വല്ല കരണത്തിന്റെയും കാര്യത്തിൽ വല്ല പിഴയും അടച്ചിട്ടുണ്ടെങ്കിൽ, ആ പിഴ അടച്ച ആൾക്ക് അതേ കരണത്തെപ്പറ്റി ഈ വകുപ്പ് പ്രകാരം പിന്നീട് വല്ല പിഴയും ചുമത്തുന്നതായാൽ ആ പിഴ സംഖ്യ ഈ പിഴയിൽ നിന്നു കുറയ്ക്കേണ്ടതാണ്.

(2) ശരിയായി മുദ്ര പതിക്കാതെ ഒരു ഓഹരി അവകാശപത്രം കൊടുത്താൽ ആയതു കൊടുത്ത കമ്പനിക്കും അതു കൊടുത്ത സമയത്ത് കമ്പനിയിലെ കാര്യനിർവ്വഹണം നടത്തുന്ന ഡയറക്ടറോ, സെക്രട്ടറിയോ, മറ്റു വല്ല പ്രധാന ഉദ്യോഗസ്ഥനോ ആയിരുന്ന ഏതൊരാൾക്കും അഞ്ഞൂറ് രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

**61. ഒട്ടിച്ചിട്ടുള്ള മുദ്ര റദ്ദാക്കാതിരുന്നാലുള്ള ശിക്ഷ.-** ഒട്ടിച്ചിട്ടുള്ള ഒരു മുദ്ര റദ്ദാക്കാൻ 12-ാം വകുപ്പിനാൽ ആവശ്യപ്പെട്ടിരിക്കുകയും, അങ്ങനെയുള്ള മുദ്ര ആ വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള വിധത്തിൽ റദ്ദാക്കാൻ വീഴ്ച വരുത്തുകയും ചെയ്യുന്ന ഏതൊരാൾക്കും നൂറ് രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

**62. 28-ാം വകുപ്പിലെ വ്യവസ്ഥകളനുസരിക്കാതിരുന്നാലുള്ള ശിക്ഷ.-** ഗവൺമെന്റിനെ വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ------

(എ) 28-ാം വകുപ്പിനാൽ, ഏതെങ്കിലും കരണത്തിൽ കാണിക്കാൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ സംഗതികളും അവസ്ഥകളും പൂർണ്ണമായും നേരായും കാണിക്കാതെ വല്ല കരണവും എഴുതി ഒപ്പിട്ടു കൊടുക്കുന്ന ഏതൊരാൾക്കും, അല്ലെങ്കിൽ

(ബി) വല്ല കരണവും തയ്യാറാക്കുന്നതിലോ തയ്യാറാക്കുന്നതിനെപ്പറ്റിയോ നിശ്ചയിക്കപ്പെട്ടിട്ടോ സംബന്ധിച്ചിട്ടോ ആ വക സകല സംഗതികളും അവസ്ഥകളും പൂർണ്ണമായും നേരായും കാണിക്കാൻ ഉപേക്ഷയാക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും, അല്ലെങ്കിൽ

(സി) ഈ ആക്ട് പ്രകാരം വല്ല മുദ്രവിലയോ പിഴയോ ഗവൺമെന്റിനു ലഭിക്കാതിരിക്കാൻ പോരുന്ന മറ്റു വല്ല പ്രവർത്തിയും ചെയ്യുന്ന ഏതൊരാൾക്കും അയ്യായിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

**63. സർക്കാരാദായം വഞ്ചിച്ചെടുക്കുന്നതിനുള്ള ഉപായങ്ങൾക്കായുള്ള ശിക്ഷ.-** ഈ ആക്ട് പ്രകാരമോ അതതു സമയം നടപ്പിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ പ്രത്യേകമായി ശിക്ഷിക്കാവുന്നതല്ലാത്ത ഏതെങ്കിലും പ്രവർത്തിയോ ഉപായമോ കൗശലമോ, മുദ്രവില വഞ്ചിച്ചെടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്യുകയോ ചെയ്യുന്നതിൽ സംബന്ധിച്ചിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും ആയിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

**64. മുദ്ര സാധനങ്ങളുടെ വിൽപ്പനയെ സംബന്ധിച്ച ചട്ടം ലംഘിക്കുന്നതിനും അനധികൃതമായ വിൽപ്പനയ്ക്കും ഉള്ള ശിക്ഷ.-** (എ) മുദ്ര സാധനങ്ങൾ വിൽക്കാൻ നിയമിക്കപ്പെട്ടിരിക്കുന്ന വല്ല ആളും 69-ാം വകുപ്പ് പ്രാകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടം അനുസരിക്കാതിരിക്കുകയോ,

(ബി) അങ്ങിനെ നിയമിക്കപ്പെടാത്ത വല്ല ആളും, [1][ഇരുപതു പൈസയോ] അതിൽ കുറവോ വിലയുള്ളതല്ലാതെയുള്ള വല്ല മുദ്രയും വിൽക്കുകയോ വിൽപ്പനയ്ക്കു വയ്ക്കുകയോ ചെയ്താൽ

---

1. *1969 ലെ 29 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ **"12 പൈസ്"** എന്നത് **"20പൈസ്"** എന്ന് ഭേദഗതി ചെയ്തു.*

അയാൾക്ക് ആറു മാസത്തോളം വരാവുന്ന ഒരു കാലത്തേയ്ക്കുള്ള തടവോ, അഞ്ഞൂറ് രൂപയോളം വരാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ പിഴ ശിക്ഷ നൽകേണ്ടതാണ്.

**65. ശിക്ഷാ നടപടികൾ ബോധിപ്പിക്കലും നടത്തലും.-** (1) ഈ ആക്ട് പ്രകാരമോ ഇതിനാൽ ദുർബ്ബലമാക്കിയ വല്ല നിയമപ്രകാരമോ ശിക്ഷിക്കാവുന്ന ഏതെങ്കിലും കുറ്റത്തിന്റെ കാര്യത്തിൽ, കളക്ടറുടെയോ, ഗവൺമെന്റ് പൊതുവായോ കളക്ടർ പ്രത്യേകമായോ അതിലേക്ക് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ അനുവാദം കൂടാതെ യാതൊരു ശിക്ഷാനടപടിയും ബോധിപ്പിക്കാൻ പാടുള്ളതല്ല.

(2) ഗവൺമെന്റിനോ, ഗവൺമെന്റ് ഇതിലേക്കായി പൊതുവായോ പ്രത്യേകമായോ അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥനോ, ആ വക ശിക്ഷാനടപടി ബോധിപ്പിക്കുന്നത് നിർത്തി വയ്ക്കുകയോ, ആ വക കുറ്റം രാജിയാക്കുകയോ ചെയ്യാവുന്നതാണ്.

(3) അങ്ങനെ രാജിയാക്കിയ ഏതെങ്കിലും തുക 46-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ വസൂലാക്കേണ്ടതാണ്.

**66. മജിസ്ട്രേട്ടുമാരുടെ അധികാരപരിധി.-** ഈ ആക്ട് പ്രകാരമുള്ള യാതൊരു കുറ്റവും ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരങ്ങളിൽ കുറവായ അധികാരമുള്ള യാതൊരു മജിസ്ട്രേറ്റും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

**67. വിചാരണസ്ഥലം.-** ഏതെങ്കിലും കരണത്തെ സംബന്ധിച്ച് ചെയ്ത ഏതൊരു കുറ്റവും അങ്ങിനെയുള്ള കരണം കണ്ടുകിട്ടുന്ന ഏതെങ്കിലും ജില്ലയിൽ വച്ചും 1898 ലെ ക്രിമിനൽ നടപടി നിയമപ്രകാരം അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യാവുന്ന മറ്റേതെങ്കിലും ജില്ലയിൽ വച്ചും വിചാരണ ചെയ്യാവുന്നതാണ്.

# അദ്ധ്യായം 8

## പൂർത്തീകരണ വ്യവസ്ഥകൾ

**68. പുസ്തകങ്ങളും മറ്റും പരിശോധനയ്ക്ക് വയ്ക്കേണ്ടതാണെന്ന്.-** പരിശോധനയിൽ വല്ല മുദ്രവിലയും ലഭിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും മുദ്രവിലയുടെ സംഗതിയിൽ ചെയ്ത വല്ല ചതിയോ വീഴ്ചയോ തെളിയിക്കുന്നതിനോ കണ്ടുപിടിക്കുന്നതിനോ ഇടയാക്കുന്ന ഏതെങ്കിലും രജിസ്റ്ററുകളോ, പുസ്തകങ്ങളോ, റിക്കാർഡുകളോ കടലാസുകളോ, ആധാരങ്ങളോ, നടപടിക്കുറിപ്പുകളോ തന്റെ അധീനത്തിലുള്ള ഏതൊരു സർക്കാരുദ്യോഗസ്ഥനും കളക്ടർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏതൊരാളെയും ന്യായമായ എല്ലാ സമയങ്ങളിലും ഫീസോ, ചെലവോ കൂടാതെ ആ രജിസ്റ്ററുകളും പുസ്തകങ്ങളും കടലാസുകളും ആധാരങ്ങളും നടപടിക്കുറിപ്പുകളും അങ്ങനെയുള്ള ആവശ്യത്തിനായി പരിശോധിക്കുവാനും അയാൾ ആവശ്യമാണെന്നു കരുതുന്ന കുറിപ്പുകളും സംക്ഷേപങ്ങളും എഴുതി എടുക്കാനും അനുവദിക്കേണ്ടതാകുന്നു.

**69. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.**- (1) ഗവൺമെന്റ് ഗസറ്റിൽ പരസ്യം മൂലം, ഈ ആക്ടിന്റെ ആവശ്യങ്ങൾ പൊതുവായി നിർവ്വഹിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകമായും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദൂഷ്യം കൂടാതെയും,

(എ) മുദ്രകളും മുദ്രപത്രങ്ങളും കൊടുക്കുന്നതിനേയും വിൽക്കുന്നതിനേയും,

[1] [(എഎ) ഇ-പേയ്മെന്റ് മുഖേന മുദ്രവില നൽകുന്നതിന്റെയും തിരികെ നൽകുന്നതിന്റെയും രീതി]

(ബി) അങ്ങനെ വിൽപ്പന നടത്തേണ്ടത് എങ്ങനെയുള്ള ആളുകൾ മാത്രമാണോ അങ്ങനെയുള്ള ആളുകളെയും,

(സി) അങ്ങനെയുള്ള ആളുകളുടെ ചുമതലകളെയും പ്രതിഫലത്തേയും,

(ഡി) വല്ല ചട്ടവും ലംഘിച്ചാൽ യാതൊരു സംഗതിയിലും അഞ്ഞൂറ് രൂപയിൽ കവിയാൻ പാടില്ലാത്ത പിഴ നൽകുന്നതിനേയും ക്രമീകരിക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള ചട്ടങ്ങൾ മൂലം [2][ഇരുപതു പൈസയോ] അതിൽ കുറവോ വിലയുള്ള ഒട്ടു മുദ്രകൾ വിൽക്കുന്നതിനെ നിയന്ത്രിക്കാൻ പാടുള്ളതല്ല

(3) ഈ ആക്ട് പ്രകാരമുണ്ടാക്കിയിട്ടുള്ള എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗത്തിൽ നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ, ആ ഒരു യോഗത്തിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ യോഗങ്ങളിലോ ആയി പതിന്നാലു ദിവസത്തിൽ കുറയാത്ത ഒരു കാലത്തേക്ക്, അതിന്റെ മുമ്പാകെ വയ്ക്കേണ്ടതും, മേൽപ്പറഞ്ഞ കാലം അവസാനിക്കുന്നതിനു മുമ്പായി നിയമസഭ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും ചട്ടത്തിന് പ്രാബല്യമുണ്ടായിരിക്കുവാൻ പാടില്ലെന്ന് നിർദ്ദേശിക്കുകയോ ചെയ്താൽ, അതിനുശേഷം ആ ചട്ടങ്ങൾക്ക് അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്.

**70. കോർട്ട്ഫീസിനെ സംബന്ധിച്ചിടത്തോളമുള്ള ഒഴിവ്.**- ഈ ആക്ടിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, കോർട്ട് ഫീസിനെ സംബന്ധിച്ച് അതതു സമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം ചുമത്താവുന്ന മുദ്രവിലകളെ ബാധിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

**71. ചില മുദ്രകളെ സംബന്ധിച്ചിടത്തോളമുള്ള ഒഴിവ്.**- നാലണയുടെയോ അതിന്റെ ഗുണിതങ്ങളുടെയോ തരങ്ങളിലുള്ള എല്ലാ മുദ്രകളും, ഇരുപത്തിയഞ്ച് പൈസയുടെയോ അല്ലെങ്കിൽ അതതു സംഗതിപോലെ അതിന്റെ ഗുണിതങ്ങളുടെയോ വിലയുള്ള മുദ്രകളായി കരുതേണ്ടതും അപ്രകാരം ഈ ആക്ടിന്റെ എല്ലാ ആവശ്യങ്ങളെ സംബന്ധിച്ചും സാധുവായിരിക്കുന്നതുമാകുന്നു.

---

*1. 2017 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2017 മുതൽ പ്രാബല്യത്തോടെ ചേർക്കപ്പെട്ടത്.*

*2. 1969 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 20.04.1969 മുതൽ പ്രാബല്യത്തോടെ **"12 പൈസ്"** എന്നത് **"20പൈസ്"** എന്ന് ഭേദഗതി ചെയ്തു.*

**72. 1899 - ലെ ഇൻഡ്യൻ മുദ്രപ്പത്ര ആക്ട് സംബന്ധിപ്പിക്കൽ.**- ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1956 -ലെ സംസ്ഥാന പുനസംഘടനാ ആക്ട് (1956 ലെ 37-ാം സെൻട്രൽ ആക്ട് ) 5(2) എന്ന വകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ നടപ്പിലുള്ള 1899 -ലെ ഇൻഡ്യൻ മുദ്രപ്പത്ര ആക്ട് (1899 -ലെ 2-ാം സെൻട്രൽ ആക്ട്) ഭരണഘടനയിലെ ഏഴാം പട്ടികയോടു ചേർത്ത 1-ാം ലിസ്റ്റിലെ 91-ാം കുറിപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രമാണങ്ങളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ പട്ടിക 3-ാം ലിസ്റ്റിലെ 44-ാം കുറിപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാര്യത്തിന് സംബന്ധിക്കുന്നിടത്തോളം കേരള സംസ്ഥാനത്തിന് മുഴുവൻ സംബന്ധിക്കുന്നതാണ്.

**73. റദ്ദാക്കലും, ഒഴിവും.**- 1956-ലെ സംസ്ഥാന പുനസംഘടനാ ആക്ട് (1956 ലെ 37-ാം സെൻട്രൽ ആക്ട്) 5(2)-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയ്ക്കു സംബന്ധിക്കുന്നിടത്തോളമുള്ള 1899 -ലെ ഇൻഡ്യൻ മുദ്രപത്ര ആക്ട് (1899 - ലെ 2-ാം സെൻട്രൽ ആക്ട്) ഭരണഘടന ഏഴാം പട്ടിക 2-ാം ലിസ്റ്റിലെ 63-ാം കുറിപ്പിൽപ്പെടുന്ന പ്രമാണങ്ങളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ പട്ടിക 3-ാം ലിസ്റ്റിലെ 44-ാം കുറിപ്പിൽ പറഞ്ഞ കാര്യത്തിന് സംബന്ധിക്കുന്നിടത്തോളവും, 1125 - ലെ തിരുവിതാംകൂർ - കൊച്ചി മുദ്രപ്പത്ര ആക്ടും (1125 -ലെ 1-ാം ആക്ട്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അങ്ങിനെയുള്ള റദ്ദാക്കൽ -----

(എ) മേൽപ്പറഞ്ഞ നിയമങ്ങളുടെ മുൻപ്രവത്തനങ്ങളെയോ, അവ പ്രകാരം ന്യായമായി ചെയ്തതോ അനുവദിച്ചതോ ആയ വല്ലതിനെയുമോ;

(ബി) മേൽപ്പറഞ്ഞ നിയമങ്ങൾ പ്രകാരം സിദ്ധിച്ചതോ, ഉണ്ടായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാദ്ധ്യതയെയോ, ഉത്തരവാദിത്വത്തെയോ;

(സി) മേൽപ്പറഞ്ഞ നിയമങ്ങൾക്കെതിരായി ചെയ്ത ഏതെങ്കിലും കുറ്റത്തെ സംബന്ധിച്ച് നേരിട്ട ഏതെങ്കിലും പിഴയെയോ ശിക്ഷാ നഷ്ടത്തെയോ ശിക്ഷയെയോ, അല്ലെങ്കിൽ ----

(ഡി) മേൽപ്പറഞ്ഞതുപോലുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാദ്ധ്യതയെയോ ഉത്തരവാദിത്വത്തെയോ ശിക്ഷാ നഷ്ടത്തെയോ, ശിക്ഷയെയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തെയോ നിയമാനുസൃത നടപടിയെയോ പ്രതിവിധിയെയോ ബാധിക്കുന്നതല്ലാത്തതും, ഈ ആക്ട് പാസ്സാക്കിയിട്ടില്ലാതിരുന്നാലെന്ന പോലെ അങ്ങിനെയുള്ള ഏതൊരു അന്വേഷണമോ നിയമാനുസൃത നടപടിയോ പ്രതിവിധിയോ ആരംഭിക്കുകയോ തുടർന്നു കൊണ്ടുപോവുകയോ നടപ്പാക്കുകയോ ചെയ്യാവുന്നതും അങ്ങിനെയുള്ള ഏതൊരു ശിക്ഷയോ ശിക്ഷാനഷ്ടമോ ശിക്ഷയോ ചുമത്താവുന്നതുമാകുന്നു.

# 1859 ലെ കേരള മുദ്രപ്പത്ര പട്ടിക

(1959 – ലെ 17-ാം ആക്ട്)

| ക്ര. ന | കരണത്തിന്റെ വിവരണം | ശരിയായ മുദ്രവില |
|---|---|---|
| 1 | തുകയിലോ, വിലയിലോ ഇരുപതു രൂപയിൽ കവിയുന്നതും (ഒരു ബാങ്കറുടെ പാസ്സ്ബുക്കല്ലാത്ത വല്ല പുസ്തകത്തിലോ ഒരു പ്രത്യേക കടലാസു തുണ്ടിലോ, കടത്തിന്റെ ലക്ഷ്യത്തിനായി അധമർണ്ണനോ അഥവ അധമർണ്ണനുവേണ്ടിയോ എഴുതുകയോ ഒപ്പിട്ടു കൊടുക്കുകയോ ചെയ്യുന്നതും ആയ കടത്തെ സംബന്ധിച്ചുള്ള സമ്മതശീട്ട്, ആ പുസ്തകമോ, കടലാസ്സോ ഉത്തമർണ്ണന്റെ കൈവശം വെച്ചിരിക്കുമ്പോൾ: എന്നാൽ അങ്ങിനെയുള്ള സമ്മതശ്ശീട്ടിൽ കടം വീട്ടാമെന്ന് ഏതെങ്കിലും വാഗ്ദാനമോ, അല്ലെങ്കിൽ പലിശ കൊടുക്കാമെന്നോ വല്ല സാധനങ്ങളോ മറ്റ് വസ്തുവോ നൽകാമെന്നോ ഉള്ള ഏതെങ്കിലും വ്യവസ്ഥയോ താഴെ പറയുന്ന സംഗതികളിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു.<br>[ തുകയോ, വിലയോ 1000 രൂപയിൽ കവിയാത്തിടത്ത്<br><br>1000 രൂപയിൽ കവിയുന്നിടത്ത് | <br><br><br><br><br><br><br><br><br><br>അഞ്ച് രൂപ[1]<br><br>പത്ത് രൂപ][1] |
| 2 | 1925 - ലെ ഇൻഡ്യൻ പിന്തുടർച്ചാവകാശ ആക്ട് (1925 -ലെ 39-ാം കേന്ദ്ര ആക്ട് ) 291-ാം വകുപ്പോ അഥവാ 375-ാം വകുപ്പോ, അല്ലെങ്കിൽ 1873-ലെ ഗവൺമെന്റ് സേവിംഗ്സ് ബാങ്ക് ആക്ട് (1873 ലെ 5-ാം കേന്ദ്ര ആക്ട്) 6-ാം വകുപ്പോ പ്രകാരം നൽകിയ ഒരു ബോണ്ട് ഉൾപ്പെടെ **വസ്തുവിന്റെ ഭരണം നടത്തുവാനുള്ള ബോണ്ട്** (Administration Bond) | ഉറപ്പ് നൽകിയിട്ടുള്ള തുകയുടെയോ അഥവാ മൂല്യത്തിന്റെയോ ഓരോ നൂറ് രൂപയ്ക്കോ അഥവാ അതിന്റെ ഭാഗത്തിനോ, രണ്ടു രൂപ അമ്പതു പൈസ |

*1. 1996 ലെ 23 -ാംമത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്കു മുൻപ് ചുവടെ ചേർക്കും പ്രകാരമായിരുന്നു.*

| | |
|---|---|
| *തുക/വില 20 രൂപയിൽ കവിയുകയും 100 രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ* | *20 പൈസ.* |
| *തുക/വില 100 രൂപയിൽ കവിയുകയും 500 രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ* | *40 പൈസ.* |
| *തുക/വില 500 രൂപയിൽ കവിയുകയും 1000 രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ* | *60 പൈസ.* |
| *തുക/വില 1000 രൂപയിൽ കവിയുകയാണെങ്കിൽ* | *ഒരു രൂപ.* |

| | | |
|---|---|---|
| 3 | **ദത്തെടുപ്പ് ആധാരം(Adoption Deed),** അതായത് ദത്തെടുപ്പ് രേഖപ്പെടുത്തുന്നതോ ദത്തെടുക്കാനുള്ള അധികാരം നൽകുന്നതോ നൽകുന്നതിനുദ്ദേശിക്കുന്നതോ ആയ (വിൽപത്രമല്ലാതെയുള്ള) ഏതെങ്കിലും കരണം. | [ഇരുന്നൂറ്റി അൻപത് രൂപ][1] |
| 4 | സത്യം ചെയ്യുന്നതിനു പകരം സത്യവാചകം പറയുന്നതിനോ സത്യമായ് മൊഴി നൽകുന്നതിനോ നിയമം അനുവദിക്കുന്ന ആളുകളുടെ സംഗതിയിൽ ഒരു സത്യ വാചകമോ അല്ലെങ്കിൽ ഒരു സത്യവായ്മൊഴിയോ ഉൾപ്പെടുന്ന **സത്യവാങ്മൂലം** (Affidavit).<br>**ഒഴിവുകൾ**<br>സത്യവാങ്മൂലമോ രേഖാമൂലമുള്ള സത്യമൊഴിയോ,<br><br>(എ) 1950 ലെ വ്യോമസേനാ ആക്ടോ (1950 ലെ 45-മത് കേന്ദ്ര ആക്ട്) അഥവാ 1950 ലെ പട്ടാള ആക്ടോ (1950 ലെ 45-ാംകേന്ദ്ര ആക്ട്) അഥവാ 1950 ലെ നാവിക അക്ടോ (1950 ലെ 45 മത് ആക്ട്) പ്രകാരം സൈന്യത്തിൽ ചേരുന്നതിലേക്കുള്ള ഒരു വ്യവസ്ഥയോ അഥവാ<br>(ബി) വല്ല കോടതിയിലോ, വല്ല കോടതിയിലേയും വല്ല ഉദ്യോഗസ്ഥന്റെയും മുമ്പാകയോ ഉടനെ ഫയൽ ചെയ്യാനോ ഉപയോഗിക്കാനോ ഉള്ള ആവശ്യത്തിനായോ അഥവാ,<br>(സി) വല്ല ആൾക്കും ഏതെങ്കിലും അടുത്തൂണോ ധർമ്മ അലവൻസോ വാങ്ങാൻ കഴിവുണ്ടാക്കണമെന്നു മാത്രമുള്ള ഉദ്ദേശത്തോടുകൂടിയോ നൽകുമ്പോൾ | [അമ്പത് രൂപ][2] |
| 5 | **ഉടമ്പടിയോ, ഉടമ്പടി മെമ്മോറാണ്ടമോ** (Agreement or memorandum of an agreement)<br>(എ) മാറ്റു പത്രത്തിന്റെ വിൽപ്പനയെ സംബന്ധിച്ചാണെങ്കിൽ | ഒരു രൂപ |
| | (ബി) സർക്കാർ ഉറപ്പു പത്രമോ ഒരു ഏകീകൃത കമ്പനിയുടെയോ മറ്റു വല്ല ഏകാംഗ യോഗത്തിന്റെയോ ഓഹരിയോ വിൽക്കുന്നതു സംബന്ധിച്ചാണെങ്കിൽ | ഉറപ്പു പത്രത്തിന്റെയോ അഥവാ ഓഹരിയുടെയോ വിലയുടെ ഓരോ [1000 രൂപയ്ക്കോ][3] അഥവാ അതിന്റെ ഭാഗത്തിനോ ഒരു രൂപ വീതം. |

1.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"50 രൂപ"** എന്നത് **"250 രൂപ"** എന്ന് ഭേദഗതി വരുത്തി.

2.2016 ലെ 18-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ **"25 രൂപ"** എന്നത് **"50 രൂപ"** എന്ന് ഭേദഗതി വരുത്തി.

3.1985 ലെ 14 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.1985 മുതൽ പ്രാബല്യത്തോടെ **"10000 രൂപ"** എന്നത് **"1000 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 5 | [1][(സി) ഏതെങ്കിലും സ്ഥാവര വസ്തുവിൽ നിർമ്മാണമോ വികസനമോ നടത്തുന്നതിനോ അല്ലെങ്കിൽ വിൽപ്പനയ്ക്കോ കൈമാറ്റം ചെയ്യുന്നതിനോ (ഏതു രീതിയിൽ എന്തു തന്നെയായിരുന്നാലും) ഒരു പ്രൊമോട്ടർക്കോ ഡെവലപ്പർക്കോ, എന്തു പേരിലറിയപ്പെട്ടിരുന്നാലും, അധികാരസ്ഥാനമോ അധികാരമോ നൽകുന്നതുമായി ബന്ധപ്പെട്ടാണെങ്കിൽ] | [പരമാവധി 1000 രൂപയ്ക്ക്[2] വിധേയമായി, നിർദ്ദിഷ്ട നിർമ്മാണത്തിനോ വികസനത്തിനോ കണക്കാക്കിയിട്ടുള്ള ചെലവിന്റെ മൂല്യം അല്ലെങ്കിൽ അപ്രകാരമുള്ള ഉടമ്പടിയിലെ പ്രതിഫലം അല്ലെങ്കിൽ ഭൂമിയുടെ ന്യായവില ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഒരു ശതമാനം.] |
| | [3][(ഡി) ഒരു സഹകരണ ബാങ്കും/ സൊസൈറ്റിയും ഒരു നിക്ഷേപകനും തമ്മിലുള്ള, ചിട്ടികൾക്ക് സമാനമായ, ഏത് പേരിനാൽ വിളിക്കപ്പെട്ടാലും, പ്രതിമാസ നിക്ഷേപ പദ്ധതി (എം.ഡി.എസ്) യുമായി ബന്ധപ്പെട്ടതാണെങ്കിൽ, | ഓരോ നിക്ഷേപകനെ സംബന്ധിച്ചും നൂറ് രൂപ.] |
| | [4](ഇ) ഏതെങ്കിലും ഉൽപ്പന്നത്തിന്റെയോ പരിപാടിയുടെയോ പ്രോത്സാഹനത്തിനായി പൊതു മാധ്യമങ്ങളിൽ നടത്തുന്ന പരസ്യവുമായി ബന്ധപ്പെട്ടതോ ലാഭമോ കച്ചവടമോ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ഒരു പരിപാടിയുമായോ, ഒരു പരിപാടിയോ ചലച്ചിത്രമോ സംപ്രേക്ഷണം ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടുള്ളതോ ആണെങ്കിൽ, | ഓരോ കരാറിനും 500 രൂപ. |
| | (എഫ്) പൊതു പ്രവർത്തികളോ സർവ്വീസ് ലെവൽ കരാറുകളോ സംബന്ധിച്ചുള്ളതാണെങ്കിൽ<br>[5]വിശദീകരണം *അനുബന്ധ ഉടമ്പടികൾക്കുള്ള മുദ്രവില, പൂർത്തീകരിക്കേണ്ട ജോലിക്കോ നൽകേണ്ട സേവനങ്ങൾക്കോ അപ്രകാരമുള്ള ഉടമ്പടികളിൽ സമ്മതിച്ചിട്ടുള്ള തുകയിന്മേൽ മാത്രം ആയിരിക്കുന്നതാണ്.* | ഏറ്റവും കുറഞ്ഞത് 200 രൂപയ്ക്കും പരമാവധി ഒരു ലക്ഷം രൂപയ്ക്കും വിധേയമായി, കരാറിൽ സമ്മതിച്ച തുകയുടെ ഓരോ 1000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ഒരു രൂപ |

1.2007 ലെ 15-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.

2.2019 ലെ 5-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്കുമുൻമ്പ് ചുവടെ ചേർക്കും പ്രകാരമായിരുന്നു.*"അത്തരം വസ്തുവിലുള്ള നിർദ്ദിഷ്ട നിർമ്മാണത്തിന്റെയോ വികസനത്തിന്റെയോ (അതതു സംഗതിപോലെ, മൂല്യത്തിന്മേലോ മതിപ്പ് വിലയിന്മേലോ (അതതു സംഗതിപോലെ 21-ാംനമ്പർ അഥവാ 22-ാം നമ്പർ) തീറാധാരത്തിനു വേണ്ട മുദ്രവില തന്നെ "*

3.2014 ലെ 29-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.

4.2018 ലെ 5-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ (ഇ) ഖണ്ഡത്തിന് (ജി) എന്ന് അക്ഷരമിടുകയും ഇതിന് മുൻമ്പ് (ഇ),(എഫ്) ഖണ്ഡങ്ങൾ ചേർക്കുകയും ചെയ്യു.

5.2019 ലെ 5-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്

| | | |
|---|---|---|
| 5 | [1](ജി) മറ്റു പ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ | ഇരുന്നൂറ് രൂപ[2] |
| 6 | [3]**അവകാശാധാരങ്ങൾ, ഡെപ്പോസിറ്റ് ചെയ്യുന്നതുമായോ ഈടുവെയ്ക്കുന്നതിനെയോ(Deposit of title Deeds)** ബന്ധപ്പെട്ടുള്ള ഉടമ്പടി അതായത്, താഴെപ്പറയുന്ന ഏതെങ്കിലും ഉടമ്പടികൾക്ക് തെളിവായുള്ള ഏതെങ്കിലും കരണം ---<br>(1) ഏതെങ്കിലും വസ്തുവിന്, അവകാശം ഉണ്ടാക്കുന്നതോ അവകാശം തെളിയിക്കുന്നതോ ആയ അവകാശാധാരങ്ങളോ കരണങ്ങളോ (വിക്രയം ചെയ്യുന്ന ഒരു ഉറപ്പു പത്രമല്ലാത്ത) ഡെപ്പോസിറ്റ് ചെയ്യുന്നതിന്, അപ്രകാരമുള്ള ഡെപ്പോസിറ്റ്, വായ്പയായി കൊടുത്തതോ കൊടുക്കാൻ പോകുന്നതോ ആയ പണം അല്ലെങ്കിൽ ഇപ്പോഴുള്ളതോ ഇനിമേലുണ്ടാകാവുന്നതോ ആയ പണം അല്ലെങ്കിൽ ഇപ്പോഴുള്ളതോ ഇനിമേലുണ്ടാകാവുന്നതോ ആയ പണം അല്ലെങ്കിൽ ഇപ്പോഴുള്ളതോ ഇനിമേലുണ്ടാകാവുന്നതോ ആയ ഒരു കടം തിരിച്ചടക്കുന്നതിന് ഉറപ്പായി വച്ചിരിക്കുന്നിടത്ത് ---<br>(2) ജംഗമവസ്തു ഈടുവയ്ക്കുന്നതിനോ പണയം വയ്ക്കുന്നതിനോ, പണയം വയ്ക്കുന്നതിനോ, അങ്ങനെയുള്ള ഈടോ, പണയമോ, വായ്പ്പയായി കൊടുത്തതോ കൊടുക്കാൻ പോകുന്നതോ ആയ പണം അല്ലെങ്കിൽ ഇപ്പോഴുള്ളതോ ഇനിമേലുണ്ടാകാവുന്നതോ ആയ ഒരു കടം തിരികെക്കൊടുക്കുന്നതിനുറപ്പായി വച്ചിരിക്കുന്ന സംഗതിയിൽ. | ഏറ്റവും കുറഞ്ഞത് ഇരുന്നൂറ് രൂപയ്ക്കും പരമാവധി പതിനായിരം രൂപയ്ക്കും വിധേയമായി, അങ്ങനെയുള്ള ആധാരം മുഖേന ലഭിച്ച തുകയുടെ 0.1 ശതമാനം.<br><br>ഏറ്റവും കുറഞ്ഞത് ഇരുന്നൂറ് രൂപയ്ക്കും പരമാവധി പതിനായിരം രൂപയ്ക്കും വിധേയമായി, അങ്ങനെയുള്ള ആധാരം മുഖേന ലഭിച്ച തുക യുടെ 0.1 ശതമാനം. |

1. 2018 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ (ഇ) ഖണ്ഡത്തിന് (ജി) എന്ന് അക്ഷരമിടുകയും ഇതിന് മുൻമ്പ് (ഇ),(എഫ്) ഖണ്ഡങ്ങൾ ചേർക്കുകയും ചെയ്തു.

2.2015 ലെ 18-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **"100 രൂപ"** എന്നത് **"200 രൂപ"** എന്ന് ഭേദഗതി വരുത്തി.

3.2019 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്കുമുൻമ്പ് ഇപ്രകാരമായിരുന്നു.

*(i) ജാമ്യത്തുക 50 ലക്ഷം രൂപ വരെയാണെങ്കിൽ  തുകയുടെ 0.5 ശതമാനം.*

*(ii) ജാമ്യത്തുക 5 ലക്ഷം കവിയുകയും 20 ലക്ഷം കവിയാതിരിക്കുകയും ചെയ്താൽ  5000 രൂപയെന്ന പരമാവധിക്കു വിധേയമായി തുകയുടെ 0.5 ശതമാനം*

*(iii) ജാമ്യത്തുക 20 ലക്ഷം കവിയുകയും 50 ലക്ഷം കവിയാതിരിക്കുകയും ചെയ്താൽ  10000 രൂപയെന്ന പരമാവധിക്കു വിധേയമായി തുകയുടെ 0.5 ശതമാനം*

*(iv) ജാമ്യത്തുക 50 ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ ഏറ്റവും കുറഞ്ഞത് 20000 രൂപയെന്നതിനും പരമാവധി 25000 രൂപയെന്നതിനും വിധേയമായി തുകയുടെ 0.25 ശതമാനം*

| | | |
|---|---|---|
| 6 | (3). (1)-ാം ഖണ്ഡപ്രകാരമോ (2)-ാം ഖണ്ഡപ്രകാരമോ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും കരണത്തിന്റെ ഒഴിമുറിയോ ഡിസ് ചാർജ്ജോ റദ്ദാക്കലോ. | പരമാവധി ആയിരം രൂപയ്ക്ക് വിധേയമായി, കരണത്തിൽ പറഞ്ഞിരിക്കുന്ന തുകയുടെ 0.1 ശതമാനം[1] |
| 6 | [2]വിശദീകരണം: *ഈ ക്രമ നമ്പറിലെ (1) -ാം ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും അധികാരസ്ഥാപനത്തിന്റെ ഉത്തരവിലോ, എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും അവകാശ ആധാരങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും കത്തിലോ കുറിപ്പിലോ മെമ്മോറാണ്ടത്തിലോ രേഖയിലോ, അപ്രകാരമുള്ള അവകാശ ആധാരങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപോ, ഡെപ്പോസിറ്റ് ചെയ്യുന്ന സമയത്തോ അതിനു ശേഷമോ എഴുതിയതോ പുറപ്പെടുവിച്ചതോ ആയാലും, അത് ആദ്യ വായ്പക്കോ ഏതെങ്കിലും അധിക വായ്പയ്ക്കോ പിന്നീട് എടുത്തിട്ടുള്ള വായ്പകൾക്കോ ഉറപ്പായി നൽകിയതായിരുന്നാലും, അപ്രകാരമുള്ള കത്ത്, കുറിപ്പ്, മെമ്മോറാണ്ടം അല്ലെങ്കിൽ എഴുത്ത്, അപ്രകാരമുള്ള അവകാശാധാരങ്ങൾ, ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേകമായ ഉടമ്പടിയോ ഉടമ്പടി സംബന്ധിച്ച മെമ്മോറാണ്ടത്തിന്റെയോ അഭാവത്തിൽ, അവകാശാധാരങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി എന്ന് തെളിയിക്കുന്ന ഒരു കരണമായി കരുതപ്പെടുന്നതാണ്.* | |
| 7 | ഭാരമേൽപ്പുകാരുടെ ജംഗമമോ സ്ഥാവരമോ ആയ മുതലിന്റെയോ ഒരു അധികാരം നടത്തുന്നതിനുള്ള നിശ്ചയം മരണശാസനമല്ലാത്ത വല്ല രേഖയാലും ചെയ്യുതായിരിക്കുമ്പോൾ (Appointment in execution of power) | നൂറ്റിയമ്പത് രൂപ[3] |
| 8 | വിലവിശ്ചയിപ്പപത്രം, ഒരു വ്യവഹാരം നടക്കുമ്പോൾ കോടതിയുടെ ഉത്തരവു പ്രകാരം ചെയ്യുന്നതല്ലാത്തത് ---<br><br>(എ) സംഖ്യ 1000 രൂപയിൽ കവിയാത്തപ്പോൾ<br><br>(ബി) മറ്റു വല്ല സംഗതിയിലും | <br><br>ആ സംഖ്യയുടെ (14-ാം നമ്പർ) കപ്പൽ പണയാധാരത്തിന്റെ വില തന്നെ.<br><br>എഴുപത്തിയഞ്ച് രൂപ[4] |

1.2019 ലെ 5 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്കുമുൻമ്പ് ചുവടെ ചേർക്കും പ്രകാരമായിരുന്നു. ***" അങ്ങനെയുള്ള കരാറിന്, [അതതു സംഗതിപോലെ (1) -ാം ഖണ്ഡം അല്ലെങ്കിൽ (2) -ാം ഖണ്ഡം ചുമത്താവുന്ന അതേ മുദ്രവില"***

2.2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.

3.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"75 രൂപ"** എന്നത് **"150 രൂപ"** എന്ന് ഭേദഗതി വരുത്തി.

4.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"30 രൂപ"** എന്നത് **"75 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 9 | **തൊഴിലഭ്യാസ പ്രമാണം** (Appreticeship Deed) ഗുമസ്തപണിയെ സംബന്ധിച്ച് (11-ാം നമ്പർ) ചട്ടങ്ങളല്ലാതുള്ള, വല്ല തൊഴിലോ വ്യാപാരമോ, പണിയോ ശീലിപ്പാൻ വേണ്ടി വല്ല മൂപ്പന്റെയും കീഴിൽ ആക്കുന്ന വല്ല തൊഴിലഭ്യാസിയുടെയോ, ഗുമസ്തന്റെയോ, പണിക്കാരന്റെയോ സേവനത്തെയാകട്ടെ അഭ്യാസത്തെയാകട്ടെ കുറിച്ചുള്ള എല്ലാ രേഖയും ഉൾപ്പെടെ | പത്ത് രൂപ |
| 10 | [1]ഒരു കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, -- | |
| | (എ) 10 ലക്ഷം രൂപ വരെ അംഗീകൃത മൂലധനം ഉള്ള കമ്പനികളെ സംബന്ധിച്ചാണെങ്കിൽ | രണ്ടായിരം രൂപ |
| | (ബി) 10 ലക്ഷം രൂപയ്ക്ക് മുകളിലും 25 ലക്ഷം രൂപ വരെയും അംഗീകൃത മൂലധനം ഉള്ള കമ്പനികളെ സംബന്ധിച്ചതാണെങ്കിൽ. | അയ്യായിരം രൂപ |
| | (സി) 25 ലക്ഷം രൂപയ്ക്ക് മുകളിൽ അംഗീകൃത മൂലധനം ഉള്ള കമ്പനികളെ സംബന്ധിച്ചതാണെങ്കിൽ. | ഏറ്റവും കുറഞ്ഞത് 5000രൂ. പരമാവധി 25 ലക്ഷം രൂ. വിധേയമായി അംഗീകൃത മൂലധനത്തിന്റെ 0.15 ശതമാനം [2] |
| 11 | ഗുമസ്തപണിയുടെയോ, അല്ലെങ്കിൽ കരാറിന്റെയോ ചട്ടങ്ങൾ, ഹൈക്കോടതിയിൽ ഒരു അറ്റോർണിയായി ചേരുന്നതിന് ആദ്യമേ ഏതെങ്കിലും ഗുമസ്തനായി സേവനം അനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥനായിത്തീരുന്ന ഏതെങ്കിലും ആളുകളുടെ കാര്യത്തിൽ | അഞ്ഞൂറ് രൂപ[3] |
| 12 | **തീർപ്പ്(Award)**, അതായത് ഒരു വ്യവഹാരം നടക്കുമ്പോൾ കോടതിയിലെ ഉത്തരവിനാലല്ലാതെ വേറെ പ്രകാരം ഏൽപ്പിച്ച കാര്യത്തിൽ മദ്ധ്യസ്ഥനോ, മേൽ മദ്ധ്യസ്ഥനോ എഴുത്തുമൂലം ചെയ്യുന്ന ഒരു ഭാഗം ചെയ്യുവാൻ ആജ്ഞാപിക്കുന്ന ഒരു തീർപ്പല്ലാത്ത വല്ല തീർപ്പും | |
| | (എ) തീർപ്പ് സംബന്ധിക്കുന്ന മുതലിന്റെ സലയോ, വിലയോ തീർപ്പിൽ കാണിച്ചിട്ടുള്ള പ്രകാരം 1000 രൂപയിൽ കവിയാത്തപ്പോൾ | ആ സംഖ്യയ്ക്ക് (14-ാം നമ്പർ) കപ്പൽപണയാധാരത്തിനുള്ള മുദ്രവില |
| | (ബി) അത് 1000 രൂപയിൽ കവിയുകയും എന്നാൽ 5000 രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ | നൂറ് രൂപ[4] |
| | 5000 രൂപയ്ക്ക് മേലുള്ള ഓരോ1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ | മൂന്ന് രൂപ[5] |

1.2014 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്കു മുൻമ്പ് ഇപ്രകാരമായിരുന്നു. ***"ഒരു കമ്പനിയായി കൂടുന്നതിലേക്കുള്ള ചട്ടങ്ങൾ പതിനായിരം രൂപ"***

2.2019 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

3.1988 ലെ 14-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ "375 രൂപ" എന്നത് "500 രൂപ" എന്ന് ഭേദഗതി വരുത്തി.

4.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ "30 രൂപ" എന്നത് "100 രൂപ" എന്ന് ഭേദഗതി വരുത്തി.

5.1996 ലെ 23-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ "1.50 രൂപ" എന്നത് "3 രൂപ" എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 13 | **കടപ്പത്രം**(Bond): 2(എ) എന്ന വകുപ്പ് പ്രകാരം നിർവ്വചിച്ച പ്രകാരമുള്ളതും, ഒരു ഡിബഞ്ചറല്ലാത്തതും, ഈ ആക്ടിനാലോ, അഥവാ 1959 ലെ കേരള കോർട്ട് ഫീസ് -വ്യവഹാരസല ആക്ടിനാലോ (1960 ലെ 10) അല്ലെങ്കിൽ തൽക്കാലം നിലവിലുള്ള മറ്റു നിയമത്താലോ മറ്റു പ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും ആയത് --- | ഉറപ്പിക്കപ്പെട്ട വിലയുടെ അല്ലെങ്കിൽ തുകയുടെ ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച് രൂപ[1] |
| | ഒഴിവുകൾ<br>*(എ) ക്രിമിനൽ കേസുകളിൽ എഴുതിവെയ്ക്കുന്ന ജാമ്യക്കച്ചീട്ടുകളും റിക്കഗനയിസൻസുകളും.*<br>*(ബി) ധർമ്മാർത്ഥമുള്ള ഒരു ഔഷധശാലയ്ക്കോ, ആശുപത്രിക്കോ, പൊതുജനോപയോഗപ്രദമായ മറ്റേതെങ്കിലും ഉദ്ദേശ്യത്തിലേക്കോ ഉള്ള സ്വകാര്യ പണപ്പിരിവിൽ നിന്നും ലഭിക്കുന്ന പ്രാദേശിക വരുമാനം പ്രതിമാസം ഒരു നിർദ്ദിഷ്ട തുകയിൽ കുറയുകയില്ലെന്ന് ഉറപ്പ് നൽകുന്നതിനായി ഏതെങ്കിലും വ്യക്തി എഴുതികൊടുക്കുന്ന ബോണ്ട്.* | |
| 14 | **കപ്പൽ പണയാധാരം**(Bottomry Bond), അതായത് കടലിൽ പോകുന്ന ഒരു കപ്പലിന്റെ മേധാവി ആ കപ്പൽ രക്ഷിക്കാനോ, അതിന്റെ യാത്ര നടത്തുവാനോ തനിക്ക് കഴിവുണ്ടാക്കാൻ വേണ്ടി കപ്പലിന്റെ പണയത്തിന്മേൽ പണം കടം വാങ്ങുന്നതിലേക്ക് എഴുതികൊടുക്കുന്ന വല്ല കരണവും | ഉറപ്പിക്കപ്പപെട്ട വിലയുടെ അല്ലെങ്കിൽ തുകയുടെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അഞ്ച് രൂപ വീതം[1] |
| 15 | **ദുർബലപ്പെടുത്തുന്ന കരണം** (Cancellation) (മുമ്പ് എഴുതികൊടുത്ത വല്ല കരണവും ദുർബലപ്പെടുത്തുന്ന വല്ല കരണവും ഉൾപ്പെടെ) സാക്ഷ്യപ്പെടുത്തിയിരിക്കുകയും മറ്റു പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ | അഞ്ഞൂറ് രൂപ[2] |
| 16 | **വിക്രയസർട്ടിഫിക്കറ്റ്** (Sale Certificate) - (വെവ്വേറെ പങ്കുകളായി വെച്ച ലേലത്തിൽ വിറ്റ ഓരോ മുതലിന്റെയും കാര്യത്തിൽ) ഒരു സിവിൽ കോടതിയോ, റവന്യൂ കോടതിയോ, ഗവൺമെന്റോ, കളക്ടറോ അല്ലെങ്കിൽ മറ്റു റവന്യൂ ഉദ്യോഗസ്ഥനോ ലേലത്തിൽ വിറ്റ വല്ല മുതലും വാങ്ങിയ ആൾക്ക് നൽകുന്നത് | ക്രയദ്രവ്യ സംഖ്യയ്ക്ക് മാത്രം തുല്യമായ ഒരു പ്രതിഫലത്തിനുള്ള (അതതു സഗതി പോലെ 21 അഥവാ 22 ഇനം) തീറാധാരത്തിനു വേണ്ടുന്ന മുദ്രവില തന്നെ. |
| 17 | സർട്ടിഫിക്കറ്റോ, മറ്റു കരണമോ ഏകീകൃതസ്വരൂപമായ വല്ല കമ്പനിയിലെയോ മറ്റു ഏകാംഗ യോഗത്തിലേയോ വല്ല ഓഹരിക്കോ സ്ക്രിപ്റ്റ് എന്ന കുറിപ്പിനോ സ്റ്റോക്ക് എന്ന ദ്രവ്യത്തിനോ കരണം കൈവശമുള്ള ആളുകളുടെയോ മറ്റോ അവകാശമോ ഉടമസ്ഥാവകാശമോ കാണിക്കുന്നതാകട്ടെ ആ വക വല്ല കമ്പനിയിലെയെങ്കിലും യോഗത്തിലെയെങ്കിലും ഓഹരിക്കോ കുറിപ്പിനോ, ദ്രവ്യത്തിനോ ഉടമസ്ഥനായി വരുവാനുള്ള അവകാശം കാണിക്കുന്നതാകട്ടെ ആയാൽ | ഷെയർ, സ്ക്രിപ്റ്റ് അഥവാ സ്റ്റോക്കിന്റെ വിലയുടെ ഓരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ, അതതു സംഗതി പോലെ, ഒരു രൂപ[3] |

1.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **“ഉറപ്പികകപ്പെട്ട വിലയുടെ അല്ലെങ്കിൽ തുകയുടെ ഓരോ നൂറു രൂപയ്ക്കും *അതിന്റെ* ഭാഗത്തിനും 2.50 രൂപ്”** എന്നിതിന് പകരം ചേർത്തു.

2.2013 ലെ 29-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ **“250 രൂപ്”** എന്നത് **“500 രൂപ്”** എന്ന് ഭേദഗതി വരുത്തി.

3.2013 ലെ 29-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 27.07.2013 മുതൽ പ്രാബല്യത്തോടെ **“50 പൈസ”** എന്നത് **“ഒരു രൂപ്”** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 18 | **കപ്പൽ വാടക ഉടമ്പടി** (Charter Party), അതായത്, (വലിച്ചുകൊണ്ട് വരുവാനുള്ള ഒരു ആവിക്കപ്പലിന്റെ വാടകയുള്ള ഒരു ഉടമ്പടിയല്ലാതെ) വാടകയ്ക്ക് വാങ്ങുന്ന ആളുടെ പ്രത്യേകം പറഞ്ഞ ആവശ്യങ്ങൾക്കായി ഒരു ജലവാഹനമോ അതിന്റെ മുഖ്യമായ വല്ല പ്രത്യേക ഭാഗമോ വാടകയ്ക്ക് വിടുന്ന വല്ല കരണവും, (അതിൽ ശിക്ഷ സംബന്ധമായ ഒരു വ്യവസ്ഥ അടങ്ങിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും) | അഞ്ച് രൂപ |
| 19 | **ചിട്ടി വരിയോല അല്ലെങ്കിൽ കുറിവരിയോല** (Chitty or Kuri Variola), ആകെ വരി സംഖ്യ 100 രൂപയിൽ കവിയുമ്പോൾ | മൊത്തം വരിയടച്ചിട്ടുള്ള ഓരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അമ്പത് രൂപ വീതം[1] |
| 20 | **ഋണമോചനപത്രം** (Composition Deed) (അതായത് ഒരു അധമർണ്ണൻ ആയാളുടെ ഉത്തമർണ്ണറുടെ പ്രയോജനത്തിനായി തന്റെ മുതൽ തീറുകൊടുക്കുന്നതിനോ, അല്ലെങ്കിൽ അവർക്ക് ചെയ്യാനുള്ള കടങ്ങളിൽ വീതപ്രകാരം കുറച്ച് വല്ല സംഖ്യയും അടയ്ക്കാമെന്നുള്ള ഉറപ്പിലേക്ക് ആ ഉത്തമർണ്ണർക്ക് എഴുതി കൊടുക്കുന്നതോ, അല്ലെങ്കിൽ മേലന്വേഷണക്കാരുടെ നോട്ടത്തിൻ കീഴിലോ സമ്മത പത്രങ്ങൾ പ്രകാരമോ ഉത്തമർണ്ണർമാരുടെ പ്രയോജനത്തിനായി ആയാളുടെ വ്യാപാരം നടത്തിവരുവാൻ നിശ്ചയം ചെയ്തിരിക്കുന്നതോ ആയ വല്ല കരണവും. | നൂറ് രൂപ[2] |
| 21 | [3]**തീറാധാരം** (Conveyance) –<br>(i) (22-ാം നമ്പരിൽ പറഞ്ഞിട്ടുള്ള തീറാധാരമല്ലാത്തതും 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ ആയ ഒരു കൈമാറ്റം അല്ലാത്തതുമായ 2 (ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തീറാധാരം. | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച് ഭൂമിയുടെ ന്യായ വില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ എട്ട് രൂപ[4] |

1.1996 ലെ 23-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"മൊത്തം വരിയടച്ചിട്ടുള്ള ഓരോ ആയിരം രൂപയ്ക്കോ അതിൻറെ ഭാഗത്തിനോ 15 രൂപ്"** എന്നതിന് പകരം ചേർത്തത്.

2.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"35 രൂപ്"** എന്നത് **"100 രൂപ്"** എന്ന് ഭേദഗതി വരുത്തി.

3.2013 ലെ 29 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെപകരം ചേർത്തത്.

4.2016 ലെ 18-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ **"6 രൂപ്"** എന്നത് **"8 രൂപ്"** എന്ന് ഭേദഗതി വരുത്തി.

| | | | |
|---|---|---|---|
| 21 | (ii) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസക്കാലയളവിൽനുള്ളിൽ ഒപ്പിട്ട പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവിലയുടെ രണ്ടിരട്ടി അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |
| | (iii) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിന് മുമ്പും ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവിലയുടെ ഒന്നര ഇരട്ടി അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |
| | *എന്നാൽ, തീറാധാരം ഏതെങ്കിലും ഭൂമിയിലെ അവിഭക്ത ഓഹരിയുടെ ഏതെങ്കിലും കൈമാറ്റവുമായി ബന്ധപ്പെട്ടിട്ടുള്ളതോ ഏതെങ്കിലും കൈമാറ്റവുമായി കെട്ടിടത്തിൻറെയോ ഫ്ലാറ്റ് അല്ലെങ്കിൽ അപ്പാർട്ട്മെന്റ് അല്ലെങ്കിൽ മുറി മുതലായവ ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ ഭാഗത്തിന്റേയോ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ളതോ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള കെട്ടിടത്തിന്റെയോ കെട്ടിടത്തിന്റെ അങ്ങനെയുള്ള ഭാഗത്തിന്റെയോ മൂല്യം കൂടി അങ്ങനെയുള്ള പ്രതിഫലത്തിൽ ഉൾപ്പെടുത്തേണ്ടതും, അങ്ങനെയുള്ള കരാറിനെ സംബന്ധിച്ച് മുദ്രവില ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് അങ്ങനെയുള്ള തീറാധാരത്തിന് നൽകേണ്ടതായ മുദ്രവിലയിൽ നിന്നും കുറവ് വരുത്തേണ്ടതുമാണ്.*<br>***വിശദീകരണം***<br>**മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിന്റെയും ഒരു ഭാഗത്തേയോ ഭാഗങ്ങളെയോ സംബന്ധിച്ച് നൽകേണ്ടതായ മുദ്രവിലയുടെ, അതതു സംഗതി പോലെ, രണ്ടിരട്ടിയോ ഒന്നര ഇരട്ടിയോ വരുന്ന തുക, മുൻ തീറാധാരത്തിൽ നൽകിയിട്ടുള്ള മുദ്ര വിലയ്ക്ക് ആനുപാതികമായി കണക്കാക്കേണ്ടതാണ്.** | | |
| 22 | [1]തീറാധാരം (Conveyance) –<br>(55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ ആയ ഒരു കൈമാറ്റം അല്ലാത്ത 2 (ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തീറാധാരത്തിലെ സ്ഥാവര വസ്തു സ്ഥിതി ചെയ്യുന്നത്. | | |
| | (i) | മുനിസിപ്പാലിറ്റികൾ/ ടൗൺഷിപ്പുകൽ/, കോർപ്പറേഷനുകൾ അല്ലാത്ത കൻറോൺമെന്റുകൾ എന്നിവയ്ക്കുള്ളിൽ ആണെങ്കിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച് ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ എട്ട് രൂപ[2] |

1.2013 ലെ 29-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെപകരം ചേർത്തത്.

2.2016 ലെ 18-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ "6 രൂപ" എന്നത് "8 രൂപ" എന്ന് ഭേദഗതി വരുത്തി.

| | | | |
|---|---|---|---|
| 22 | (ii) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസക്കാലയളവിൽനുള്ളിൽ ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവിലയുടെ രണ്ടിരട്ടി അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |
| | (iii) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് മുകളിൽ (i) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിന് മുമ്പായും ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില യുടെ ഒന്നര ഇരട്ടി അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ട തായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |
| | (iv) | മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ളിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച് ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ എട്ട് രൂപ |
| | (v) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസക്കാലയളവിൽനുള്ളിൽ ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവിലയുടെ രണ്ടിരട്ടി അല്ലെങ്കിൽ മുകളിൽ (iv) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |
| | (vi) | മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (iv) ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിന് മുമ്പായും ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ. | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവിലയുടെ ഒന്നര ഇരട്ടി അല്ലെങ്കിൽ മുകളിൽ (iv) പ്രകാരം നൽകേണ്ട തായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അത്. |

| | | |
|---|---|---|
| 22 | *എന്നാൽ, തീറാധാരം ഏതെങ്കിലും ഭൂമിയിലെ അവിഭക്ത ഓഹരിയുടെ ഏതെങ്കിലും കൈമാറ്റവുമായി ബന്ധപ്പെട്ടിട്ടുള്ളതോ ഏതെങ്കിലും കൈമാറ്റവുമായി കെട്ടിടത്തിന്റെയോ ഫ്ലാറ്റ് അല്ലെങ്കിൽ അപ്പാർട്ട്മെന്റ് അല്ലെങ്കിൽ മുറി മുതലായവ ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ ഭാഗത്തിന്റെയോ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ളതോ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള കെട്ടിടത്തിന്റെയോ കെട്ടിടത്തിന്റെ അങ്ങനെയുള്ള ഭാഗത്തിന്റെയോ മൂല്യം കൂടി അങ്ങനെയുള്ള പ്രതിഫലത്തിൽ ഉൾപ്പെടുത്തേണ്ടതും, അങ്ങനെയുള്ള കരാറിനെ സംബന്ധിച്ച് മുദ്രവില ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് അങ്ങനെയുള്ള തീറാധാരത്തിന് നൽകേണ്ടതായ മുദ്രവിലയിൽ നിന്നും കുറവ് വരുത്തേണ്ടതുമാണ്.*<br>*വിശദീകരണം*<br>*മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിന്റെയും ഒരു ഭാഗത്തേയോ ഭാഗങ്ങളെയോ സംബന്ധിച്ച് നൽകേണ്ടതായ മുദ്രവിലയുടെ, അതതു സംഗതി പോലെ, രണ്ടിരട്ടിയോ ഒന്നര ഇരട്ടിയോ വരുന്ന തുക, മുൻ തീറാധാരത്തിൽ നൽകിയിട്ടുള്ള മുദ്ര വിലയ്ക്ക് ആനുപാതികമായി കണക്കാക്കേണ്ടതാണ്.* | |
| 22 എ | [1]**വസ്തു കൈമാറ്റം** (Conveyance) **–** 2(ഡി) വകുപ്പിന്റെ (ii) ഉം (iii)ഉം ഇനങ്ങളിൽ നിർവ്വചിച്ച പ്രകാരമുള്ളതും 55-ാം നമ്പർ പ്രകാരമുള്ള മുദ്രവില ചുമത്തിയതോ അഥവാ ഒഴിവാക്കിയതോ ആയ കൈമാറ്റം ഒഴികെയുള്ളതുമായ കൈമാറ്റ ആധാരം | ഭൂമിയുടെ വിലയുടെയും കൈമാറ്റത്തിന്റെ വിഷയവസ്തുവായ കൈമാറ്റം നടത്തുന്ന കമ്പനിയുടെ മറ്റു ജംഗമ വസ്തുക്കളുടെയും വിലയോ അഥവാ കൈമാറ്റത്തിന്റെ വിഷയവസ്തു ആയതും പരസ്പര കൈമാറ്റമായോ മറ്റു വിധത്തിലോ നൽകിയതോ അലോട്ട് ചെയ്തതോ ആയ വിപണനം ചെയ്യാവുന്ന സെക്യൂരിറ്റികളുടെ വിപണി വിലയുടെ ആകെത്തുകയോ അഥവാ അങ്ങനെയുള്ള ഏകീകരണത്തിനു നൽകുന്ന പ്രതിഫലത്തുകയുടെയോ, ഇവ യിൽ ഏതാണോ കൂടിയത് അതിന്റെയും ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച് രൂപ |
| 23 | [2]**പകർപ്പ് / സംക്ഷേപം** (Copy or extract) **–** ഏതെങ്കിലും പബ്ലിക് ഓഫീസറോ പബ്ലിക് ഓഫീസറുടെ ഉത്തരവ് പ്രകാരമോ ശരിപ്പകർപ്പാണെന്നോ അല്ലെങ്കിൽ സംക്ഷേപമാണെന്നോ സാക്ഷ്യപ്പെടുത്തേണ്ടതും, കോടതി ഫീസ് സംബന്ധിച്ച് തത്സമയം നിലവിലുള്ള നിയമങ്ങൾ പ്രകാരം മുദ്രചുമത്തത്തക്കതല്ലാത്തതുമായ പകർപ്പോ സംക്ഷേപമോ | അമ്പത് രൂപ |
| | ഒഴിവാക്കലുകൾ<br>*ഏതെങ്കിലും പബ്ലിക് ഓഫീസിലെ രേഖയായി സൂക്ഷിക്കുന്നതിനോ അല്ലെങ്കിങ്കിൽ ഏതെങ്കിലും പൊതു ആവശ്യത്തിനായോ ഒരു പബ്ലിക് ഓഫീസർ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്ത പ്രകാരം ഉണ്ടാക്കേണ്ടതോ നൽകേണ്ടതോ ആയ ഏതെങ്കിലും രേഖയുടെ പകർപ്പ്.* | |

1. 2016 ലെ 18-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.

2. 2016 ലെ 18-മത് നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

| | | |
|---|---|---|
| 24 | **ഡ്യൂപ്ലിക്കേറ്റ്/എതിർ കരണം** (Counterpart or duplicate)<br>മുദ്രവില ചുമത്തത്തക്കതും, ശരിയായി മുദ്രവില അടച്ചിരിക്കുന്നതുമായ വല്ല കരണത്തിന്റെയും ഏതിർ കരണം അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ്—<br>(i) അസ്സൽ കരണത്തിന് ചുമത്തേണ്ടുന്ന മുദ്രവില 500 രൂപയിൽ കവിയാതിരുന്നാൽ.<br>(ii) മറ്റുവല്ല സംഗതിയിലും. | അസ്സലിന് കൊടുക്കേണ്ടുന്ന മുദ്ര വില തന്നെ<br><br>അഞ്ഞൂറ് രൂപ[1] |
| 25 | **ചുങ്കച്ചീട്ട് / കേന്ദ്ര എക്സൈസ് ബോണ്ട്** (Customs Bond or Central Excise Bond)<br>(എ) തുക 1000 രൂപയിൽ കവിയാതിരിക്കുമ്പോൾ<br><br>(ബി) മറ്റുവല്ല സംഗതിയിലും. | തുകയുടെ ഓരോ നൂറ് രൂപായ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച് രൂപ[2]<br><br>അഞ്ഞൂറ് രൂപ[3] |
| 26 | **ചരക്കുകൾ ഏൽപ്പിക്കുന്നതിനുള്ള ശാസനം** (Delivery Order) അതായത്, അതിൽ പേര് പറയുന്ന ആൾക്കോ, അയാളുടെ തീരുകാർക്കോ, അത് കൈവശമുള്ള ആൾക്കോ, വല്ല കപ്പൽ തുറയിലോ ബന്തറിലോ വാടകയ്ക്കോ കൂലിക്കോ ചരക്കുകൾ വയ്ക്കുന്ന പണ്ടകശാലയിലോ വല്ല ഏറ്റിറക്ക സ്ഥലത്തോ കിടക്കുന്ന ചരക്കുകൾ ഏറ്റുവാങ്ങുവാൻ അവകാശം നൽകുന്നതായ വല്ല കരണവും ആ കരണത്തിൽ പറയുന്ന ചരക്ക് വിൽക്കുകയോ, കൈമാറ്റുകയോ ചെയ്യുമ്പോൾ ഉടമസ്ഥനോ, ഉടമസ്ഥന്റെ പേർക്കോ അതിൽ കയ്യൊപ്പ് ഇടണം - ആ ചരക്കുകളുടെ വില ഇരുപത് രൂപയിൽ കവിയുമ്പോൾ.<br>. | മുപ്പത് പൈസ |
| 27 | **വിവാഹമോചനാധാരം** (Divorce) - അതായത് വല്ല ആളും തന്റെ വിവാഹ വേർപാട് സാധിപ്പിക്കുന്നതായ വല്ല കരണവും | അഞ്ഞൂറ് രൂപ[4] |

1.2015 ലെ 11-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **"100 രൂപ"** എന്നത് **"500 രൂപ"** എന്ന് ഭേദഗതി വരുത്തി.

2. 1988 ലെ 14-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"ആ തുകയ്ക്ക് (14-ാംനമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ"** എന്നത് **"ഓരോ100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 5 രൂപ"** എന്ന് ഭേദഗതി വരുത്തി.

3.1996 ലെ 23-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"10 രൂപ"** എന്നത് **"500 രൂപ"** എന്ന് ഭേദഗതി വരുത്തി.

4.1988 ലെ 14-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"10 രൂപ"** എന്നത് **"100 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 28 | **1961 ലെ അഡ്വക്കേറ്റ് ആക്ട്** -1961 (1961 ലെ 25-ാം കേന്ദ്ര ആക്ട്) പ്രകാരം സംസ്ഥാന ബാർകൗൺസിസിൽ തയ്യാറാക്കി വച്ചു പോരുന്ന അഭിഭാഷകരുടെ പട്ടികയിൽ അംഗത്വം നൽകികൊണ്ടുള്ള സർട്ടിഫിക്കറ്റിന് | ആയിരം രൂപ[1] |
| 29 | [2]**പരസ്പരമാറ്റം** (Exchange of property), വസ്തു പരസ്പരം കൈമാറ്റം ചെയ്യുന്ന കരണം-- | അങ്ങനെയുള്ള കരണത്തിൽ വിവരിച്ചിട്ടുള്ളതിൽ കൂടുതൽ വിലയുള്ള വസ്തുവിന്റെ തീറാധാരത്തിന് ഭൂമിയുടെ ന്യായവില അഥവാ പ്രതിഫലത്തുക ഇവയിൽ ഏതാണോ കൂടുതൽ, അതിന്മേലുള്ള അതേ മുദ്രവില (അതതു സംഗതിപോലെ, നമ്പർ 21 അഥവാ 22)[3] |
| 30 | **വീണ്ടും കടം ചുമത്തുന്ന കരണം** (Further charge) അതായത്, പണയം വച്ച മുതലിന്മേൽ വീണ്ടും കടം ചുമത്തുന്ന വല്ല കരണവും -<br><br>(എ) മുൻ പണയം 37-ാം വകുപ്പ് (എ) എന്ന ഖണ്ഡത്തിൽ പറഞ്ഞ തരത്തിലുള്ള (അതായത് കൈവശത്തോടുകൂടിയ) ഒന്നാണെങ്കിൽ | ആ കരണത്താൽ ഉറപ്പിക്കപ്പെടുന്ന വീണ്ടുമുള്ള കട സംഖ്യയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിനുള്ള (അതതു സംഗതി പോലെ 21 ഓ അഥവാ 22 ഓ ഇനം തീറാധാരത്തിന്റെ മുദ്രവില തന്നെ |
| | (ബി) ആ വക പണയം 37-ാം വകുപ്പ് (ബി) എന്ന ഖണ്ഡത്തിൽ പറഞ്ഞ തരത്തിലുള്ള (അതായത് കൈവശത്തോടു കൂടാതെ) ഒന്നാണെങ്കിൽ<br>(i) വീണ്ടും കടം ചുമത്തുന്ന കരണം എഴുതി കൊടുക്കുന്ന സമയത്ത് ആ കരണപ്രകാരം വസ്തു കൊടുക്കുകയോ, കൊടുക്കാൻ ഏൽപ്പിക്കുകയോ ചെയ്യുമ്പോൾ. | ആദ്യത്തെ പണയവും മുമ്പുണ്ടാക്കിയ വീണ്ടുമുള്ള വല്ല കടവും ഉൾപ്പെടെ ആകെയുള്ള കട സംഖ്യയ്ക്ക് തുല്യമായ പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ 21ഓ അഥവ 22ഓ ഇനം) തീറാധാരത്തിനുള്ള അതേ മുദ്രവിലയിൽ നിന്ന് ആ വക മുൻപണയത്തിനും പിന്നെയുള്ള കടത്തിനും വേണ്ടി മുമ്പേ അടച്ച മുദ്രവില കിഴിച്ച് ശിഷ്ടമുള്ളത്. |

1.2015 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **"250 രൂപ"** എന്നത് **"1000 രൂപ"** എന്ന് ഭേദഗതി വരുത്തി.

2.1991 ലെ 16-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 11.01.1991 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

3.2010 ലെ 10-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ദേദഗതിക്ക് മുമ്പ് ചുവടെ ചേർക്കും പ്രകാരമായിരുന്നു. **"കൂടുതൽ വിലയുള്ള വസ്തുവിന്റെ മൂല്യത്തിന് തുല്യമായതും കരണത്തിൽ കാണിച്ചിട്ടുള്ള പ്രകാരമുള്ളതുമായ പ്രതിഫലത്തിന് ഒരു വസ്തു കൈമാറ്റം ചെയ്യുമ്പോഴുള്ള അതേ മുദ്രവില (അതതു സംഗതിപോലെ, നമ്പർ 21 അഥവാ 22) "**

| | | |
|---|---|---|
| 30 | (ii) കൈവശം അപ്രകാരം കൊടുക്കാത്തപ്പോൾ. | ആ കരണത്താൽ ഉറപ്പിക്കപ്പെട്ട വീണ്ടുമുള്ള കട സംഖ്യയ്ക്കായുള്ള (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ |
| 31 | [1]ഇഷ്ടദാനം (Gift), ഒരു ധനനിശ്ചയാധാരമോ വിൽപ്പത്രമോ അല്ലെങ്കിൽ കൈമാറ്റാധാരമോ അല്ലാത്തത്,<br><br>(എ) ഇഷ്ടദാനം കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയും അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയോ പേർക്കാവുമ്പോൾ.<br><br>(ബി) മറ്റെതെങ്കിലും സംഗതിയിൽ | ഏറ്റവും കുറഞ്ഞത് 1000 രൂപയ്ക്ക് വിധേയമായി ഭൂമിയുടെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ വസ്തുക്കളുടെ വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ.<br><br>തീറാധാരത്തിനുള്ള ആതേ മുദ്രവില (അതതു സംഗതിപോലെ നമ്പർ 21 അഥവാ നമ്പർ 22) |
| 32 | **നഷ്ടം തീർപ്പാനുള്ള കച്ചീട്ട്** (Indemnity Bond) | അതേ സംഖ്യയ്ക്ക് (50-ാം നമ്പർ) ജാമ്യക്കച്ചീട്ടിനുള്ള മുദ്രവില തന്നെ. |
| 33 | **പാട്ടച്ചാർത്ത്** (Lease) ഇതിൽ ഒരു കീഴ്ച്ചാർത്തും അല്ലെങ്കിൽ അടിച്ചാർത്തും പാട്ടത്തിനോ കീഴ്പാട്ടത്തിനോ കൊടുപ്പാനുള്ള വല്ല കരാറും ഉൾപ്പെടാം.<br><br>(എ) ആ ചാർത്തിനാൽ പാട്ടം നിശ്ചയിച്ചിരിക്കുകയും പ്രീമിയം ഒന്നും അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ --<br><br>(i) ചാർത്ത് ഒരു കൊല്ലത്തിൽ കുറഞ്ഞ ഒരു കാലത്തേക്കായാൽ | ആ പാട്ടച്ചാർത്ത് പ്രകാരം അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യേണ്ടുന്ന ഒട്ടാകെ സംഖ്യയ്ക്ക് (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ |

1.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ പകരംചേർത്തത്.

| | | |
|---|---|---|
| 33 | (ii) ചാർത്ത് ഒരു കൊല്ലത്തിൽ കുറയാതെയും അഞ്ചുകൊല്ലത്തിൽ കവിയാതെയും ഉള്ള കാലത്തേക്കായാൽ | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ ഉള്ള(14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ |
| | (iii) ചാർത്ത് അഞ്ച് കൊല്ലത്തിൽ കവിഞ്ഞും എന്നാൽ പത്ത് കൊല്ലത്തിൽ കവിയാതെയും ഉള്ള കാലത്തേക്കായാൽ. | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ |
| | (iv) ചാർത്ത് പത്ത് കൊല്ലത്തിൽ കവിഞ്ഞും എന്നാൽ ഇരുപത് കൊല്ലത്തിൽ കവിയാതെയും ഉള്ള കാലത്തേക്കായാൽ. | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയുടെയോ, വിലയുടെയോ രണ്ട് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (v) ചാർത്ത് ഇരുപത് കൊല്ലത്തിൽ കവിഞ്ഞും എന്നാൽ മുപ്പത് കൊല്ലത്തിൽ കവിയാതെയും ഉള്ള കാലത്തേക്കായാൽ. | നിശ്ചയിച്ച ശരാശരി പാട്ട സംഖ്യയുടെയോ, വിലയുടെയോ മൂന്ന് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (vi) ചാർത്ത് മുപ്പത് കൊല്ലത്തിൽ കവിഞ്ഞും എന്നാൽ നൂറ് കൊല്ലത്തിൽ കവിയാതെയും ഉള്ള കാലത്തേക്കായാൽ. | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ട സംഖ്യയുടെയോ, വിലയുടെയോ നാല് ഇരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (vii) ചാർത്ത് നൂറ് കൊല്ലത്തിൽ കവിയുന്ന ഒരു കാലത്തേക്കോ അല്ലെങ്കിൽ ശാശ്വതമായിട്ടോ ആയാൽ. | ചാർത്തിന്റെ ആദ്യത്തെ അമ്പതു കൊല്ലം അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ഒട്ടാകെ പാട്ടത്തിന്റെ ആറിൽ ഒന്നിനു തുല്യമായ ഒരു പ്രതിഫലത്തിനായുള്ള അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (viii) ചാർത്ത് ഇത്രകാലത്തേക്ക് എന്ന് പറയാതിരുന്നാൽ | പാട്ടച്ചാർത്ത് വളരെക്കാലം നിലനിന്നതാണെങ്കിൽ ആദ്യത്തെ പത്തുകൊല്ലത്തേക്ക് അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യുന്ന ശരാശരി ഒരു കൊല്ലത്തെ പാട്ട സംഖ്യയുടെയോ വിലയുടെയോ മൂന്നിരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |

| | | |
|---|---|---|
| 33 | (ബി) ചാർത്ത് മാനുഷത്തിനോ, പ്രീമിയത്തിനോ പണം മുൻകൂറായി കൊടുത്തിട്ടോ ആയിരിക്കുകയും, ചാർത്തിൽ പാട്ടം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, | ചാർത്തിൽ പറയുന്ന പ്രകാരമുള്ള മാനുഷത്തിന്റെയോ, പ്രീമിയത്തിന്റെയോ മുൻകൂറിന്റെയോ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ പ്രതിഫലത്തിനായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ |
| | (iii) ചാർത്ത് നിശ്ചയിച്ച പാട്ടത്തിനു പുറമേ ഒരു മാനുഷമോ, പ്രീമിയമോ വാങ്ങിയിട്ടോ പണം മുൻകൂട്ടി കൊടുത്തിട്ടോ ആയിരിക്കുമ്പോൾ. | മാനുഷമോ, പ്രീമിയമോ, മുൻകൂറോ അടയ്ക്കുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ചാർത്തിന്മേൽ അടയ്ക്കേണ്ടി വരുന്ന മുദ്രവിലയ്ക്ക് പുറമേ ചാർത്തിൽ പറയുന്ന മാനുഷത്തിന്റെയോ, പ്രീമിയത്തിന്റെയോ, മുൻകൂറിന്റെയോ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിന്നായുള്ള (അതതു സംഗതി പോലെ നമ്പർ 21 അഥവാ 22) തീറാധാരത്തിനുള്ള മുദ്രവില തന്നെ.<br><br>എന്നാൽ പാട്ടത്തിന് വിട്ടുവാനുള്ള ഒരു ഉടമ്പടിയിൽ ഒരു പാട്ടച്ചാർത്തിന് വേണ്ടുന്ന വില പ്രകാരമുള്ള മുദ്ര പതിച്ചിരിക്കുകയും ആ ഉടമ്പടി പ്രകാരം ഒരു പാട്ടച്ചാർത്ത് പിന്നെ എഴുതികൊടുക്കുകയും ചെയ്യുന്ന വല്ല സംഗതിയിലും ആ പാട്ടച്ചാർത്തിന് വേണ്ടുന്ന മുദ്രവില ഒരു രൂപ തൊണ്ണൂറ്റഞ്ച് പൈസയിൽ കവിയുമ്പോൾ പാടില്ല. |
| | [1]വിശദീകരണം - I<br>*പാട്ടത്തിന് കൊടുത്ത ആളിൽ നിന്നും നിയമാനുസരണം വസൂലാക്കേണ്ട സർക്കാർ നികുതിയോ, ജന്മി കൊടുക്കേണ്ട വരിയുടെ ഓഹരിയോ അല്ലെങ്കിൽ ഉടമസ്ഥൻ കൊടുക്കേണ്ട മുനിസിപ്പൽ കരത്തിന്റെയോ, നികുതിയുടെയോ, ഓഹരിയുടെയോ പോലുള്ള ഏന്തെങ്കിലും ആവർത്തന ചിലവ് ഒരു പാട്ടക്കാരൻ കൊടുക്കാമെന്ന് ഏൽക്കുമ്പോൾ പാട്ടക്കാരൻ അപ്രകാരം കൊടുക്കാൻ സമ്മതിച്ച സംഖ്യ പാട്ടത്തിന്റെ ഭാഗമായി കണക്കാക്കണം.*<br>[2]വിശദീകരണം - II<br>*പാട്ടച്ചാർത്തിൽ, പാട്ടത്തിന്റെ അവസാന ഗഡുവിലേക്കോ ഗഡുക്കളിലേക്കോ മുൻകൂർ ആയി നൽകിയ പാട്ടം തട്ടിക്കിഴിക്കുന്നതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യാത്ത പക്ഷം, മുൻകൂർ ആയി നൽകിയിട്ടുള്ള പാട്ടം, ഈ ക്രമനമ്പറിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന പ്രീമിയമായോ മുൻകൂറായി നൽകിയ പണമായോ കരുതപ്പെടുന്നതാണ്.* | |

1.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ നിലവിലുള്ള വിശദീകരണത്തിന് **"വിശദീകരണം 1"** എന്ന് അക്കമിട്ടു.

2.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്.

| | | |
|---|---|---|
| 34 | **ഓഹരികളുടെ വിഭാഗപത്രം** (Letter of allotment of shares) വല്ല കമ്പനിയിലോ, കൂടുവാൻ ആലോചിക്കുന്ന കമ്പനിയിലോ ആകട്ടെ അല്ലെങ്കിൽ വല്ല കമ്പനിയോ കൂടുവാൻ ആലോചിക്കുന്ന വല്ല കമ്പനിയോ, വാങ്ങാൻ പോകുന്ന വല്ല വായ്പയുടെയും കാര്യത്തിലാകട്ടെ ഉള്ള ഓഹരികളുടെ വിഭാഗപത്രം. | ഒരു രൂപ[1] |
| 35 | **ലൈസൻസ് പത്രം** (Letter of license) അതായത് അധമർണ്ണന്റെ മേൽ അയാളുടെ ഉത്തമർണ്ണൻമാർക്കുള്ള തേർച്ചകൾ ഇത്രകാലത്തേയ്ക്കു നിറുത്തി വയ്ക്കുകയും അധമർണ്ണന്റെ യുക്തം പോലെ അയാളുടെ വ്യാപാരം നടത്തി വരുവാൻ അയാളെ അനുവദിക്കുകയും ചെയ്യണമെന്ന് അയാളും ഉത്തമർണ്ണൻമാരും തമ്മിൽ ചെയ്യുന്ന വല്ല ഉടമ്പടിയും | അറുപത് രൂപ[2] |
| 35 എ | [3]**വാടക നൽകുന്നതിനുള്ള ലൈസൻസ്** (Licence to let) വാടകയ്ക്കോ ഫീസിനോ വേണ്ടി വാടകയ്ക്ക് കൊടുക്കുന്നതിനോ കീഴ് വാടകയ്ക്ക് കൊടുക്കുന്നതിനോ ഉള്ള ഏതെങ്കിലും ഉടമ്പടി ഉൾപ്പെടെ. | പാട്ടത്തിനുള്ള അതേ മുദ്ര വില (നമ്പർ 33) |
| 35 ബി | [4]**ലിമിറ്റഡ് ലയബിലിറ്റി പാർണർഷിപ്പ്** -<br>(എ) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് രൂപീകരിക്കുന്നതുമായോ അല്ലെങ്കിൽ ഒരു ഫേമോ പ്രൈവറ്റ് കമ്പനിയോ ലിസ്റ്റിൽപ്പെടാത്ത പബ്ലിക് ലിമിറ്റഡ് കമ്പനിയോ ലിമിറ്റഡ് ലയബിലിറ്റി പാർണർഷിപ്പ് ആയി രൂപാന്തരപ്പെടുത്തുന്നതുമായോ ബന്ധപ്പെട്ടുള്ള ഉടമ്പടി –<br>(i) മൂലധനം 10 ലക്ഷം രൂപയിൽ കവിയാത്തിടത്ത്<br>(ii) മൂലധനം 10 ലക്ഷം രൂപയിൽ കവിയുന്നിടത്ത് | ആയിരം രൂപ<br>പരമാവധി പത്ത് ലക്ഷം രൂപയ്ക്ക് വിധേയമായി, ആയിരം രൂപയും മൂലധന ത്തുക പത്ത് ലക്ഷം രൂപയിൽ അധികരിക്കുന്ന ഓരോ അഞ്ച് ലക്ഷം രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗ ത്തിനും അഞ്ഞൂറ് രൂപ. |

1.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"40 പൈസ"** എന്നത് **"1 രൂപ"** എന്ന് ഭേദഗതി വരുത്തി.

2.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"40 രൂപ"** എന്നത് **"60 രൂപ"** എന്ന് ഭേദഗതി വരുത്തി.

3.2015 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ ചേർത്തത്.

4.2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ ചേർത്തത്.

| | | |
|---|---|---|
| 35 ബി | (ബി) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പിന്റെ പുന:സംഘടനയുമായോ സംയോജനവുമായോ ബന്ധപ്പെട്ടുള്ള ഉടമ്പടി.<br><br>(സി) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പിന്റെ വൈൻഡിംഗപ്പുമായോ അത് പിരിച്ചുവിടുന്നതുമായോ ബന്ധപ്പെട്ടുള്ള ഉടമ്പടി—<br>(i) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പിൽ ഓഹരിയായി വസ്തു നൽകിയിട്ടുള്ള ഒരു പങ്കാളിയല്ലാത്ത, ഒരു പാർട്ണർഷിപ്പ് പിരിച്ചുവിടുമ്പോൾ അയാളുടെ ഓഹരിയായി എടുക്കുന്ന ഏതെങ്കിലും സ്ഥാവര വസ്തു.<br>(ii) മറ്റേതെങ്കിലും സംഗതിയിൽ | പ്രതിഫലത്തിന്റെ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനകത്ത്, സ്ഥിതി ചെയ്യുന്ന കൈമാറ്റം നടത്തുന്ന ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പിന്റെ സ്ഥാവര വസ്തുവിന്റെ ന്യായവിലയുടെ, ഏതാണോ കൂടുതൽ, അതിന്റെ 4 ശതമാനം.<br><br>കുറഞ്ഞത് 200 രൂപയ്ക്ക് വിധേയമായി വസ്തുവിന്റെ ന്യായവിലയുടെ 5 ശതമാനം.<br><br>അഞ്ഞൂറ് രൂപ |
| 36 | **ഒരു കമ്പനിയായി കൂടുന്നതിനെപ്പറ്റിയുള്ള മെമ്മോറാണ്ടം**<br>(എ) 1956 ലെ കമ്പനി ആക്ട് (1956 ലെ 1-ാം കേന്ദ്ര ആക്ട്) പ്രകാരം സംഘം കൂടുന്നതിനുള്ള ചട്ടങ്ങളോടു കൂടിയാണെങ്കിൽ<br><br>(ബി) അങ്ങനെ ചട്ടങ്ങളോടുകൂടിയല്ലെങ്കിൽ | ആയിരം രൂപ[1]<br><br>കമ്പനിയുടെ അംഗീകൃത മൂലധനത്തിനനുസൃതമായി ആർട്ടിക്കിൾസ് ഓഫ് അസോസ്സിയേഷനുള്ള(നമ്പർ 10) അതേ മുദ്രവില[2] |
| 36 എ | [3]1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൽ (1955 ലെ XII-ാം ആക്റ്റ്) കീഴിലോ 1860 ലെ സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൻ (1860 ലെ 21-ാം കേന്ദ്ര ആക്ട് ) കീഴിലോ ഉള്ള ധാർമ്മിക സംഘങ്ങളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ചട്ടങ്ങളും റെഗുലേഷനുകളും. | അഞ്ഞൂറ് രൂപ |

1.2015 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **“500 രൂപ”** എന്നത് **“1000 രൂപ”** എന്ന് ഭേദഗതി വരുത്തി.

2.2015 ലെ 11-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **“1000 രൂപ”** എന്നതിന് പകരം ചേർത്തത്.

3.2014 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ കൂട്ടിച്ചേർത്തത്.

| | | |
|---|---|---|
| 37 | **പണയാധാരം (Mortgage deed)**<br>ആധാരങ്ങൾ ഡെപ്പോസിറ്റ ചെയ്യുക, ഈട്ടുവയ്ക്കുക പണയം വയ്ക്കുക ഇവയെ സംബന്ധിച്ച കരാറോ (6-ാം നമ്പർ) കപ്പൽപണയാധാരമോ (14-ാം നമ്പർ) വിളവിന്റെ പണയാധാരമോ (38-ാം നമ്പർ) റെസ്പോണ്ടെൻഷ്യാബോണ്ട് എന്ന കപ്പൽചരക്ക് പണയാധാരമോ (49-ാം നമ്പർ) ജാമ്യക്കച്ചീട്ടോ (50-ാം നമ്പർ ) അല്ലാത്തത്<br>[1][(എ) ഡി ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഭൂപണയാധാരം അല്ലാതെ] പണയദായകൻ അത്തരം ആധാരത്തിൽ അടങ്ങിയ മുതലോ, മുതലിന്റെ ഭാഗമോ കൈവശം കൊടുക്കുകയാകട്ടെ, കൊടുക്കാമെന്ന് സമ്മതിക്കുകയാകട്ടെ ചെയ്യുമ്പോൾ, | അങ്ങനെയുള്ള ആധാരത്താൽ ഉറപ്പിക്കപ്പെട്ട സംഖ്യയ്ക്ക് തുല്യ മായ ഒരു പ്രതിഫലത്തി നായു ള്ള (അതു സംഗതി പോലെ 21 ഓ അഥവാ 22 ഓ നമ്പർ) തീറാധാരത്തിനുള്ള മുദ്രവില തന്നെ. |
| | (ബി) മേൽപറഞ്ഞ പ്രകാരം [1][ഡി ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഭൂപണയാധാരം അല്ലാതെ] കൈവശം കൊടുക്കുകയാകട്ടെ, കൊടുക്കാൻ സമ്മതിക്കുകയാകട്ടെ ചെയ്യാത്തപ്പോൾ<br>**വിശദീകരണം - I**<br>***പണയക്കരന് പാട്ടം പിരിക്കാൻ ഒരു മുക്ത്യാർ നാമം കൊടുക്കുകയോ, കൊടുത്തിരിക്കുകയോ ആകട്ടെ, പണയം വെച്ച മുതലോ, അതിന്റെ വല്ലഭാഗമോ പണയക്കാരനു പാട്ടത്തിനു ചാർത്തിക്കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ആകട്ടെ ചെയ്യുന്ന ഒരു പണയദായകൻ ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ അതു കൈവശം കൊടുക്കുന്നതായി വിചാരിക്കപ്പെടും.***<br>(സി) ചാരു ജാമ്യമോ, സഹായജാമ്യമോ, കൂടുതൽ ജാമ്യമോ, പകര ജാമ്യമോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ആവശ്യത്തിലേക്ക് കൂടുതൽ ഉറപ്പോ ആയിരിക്കേ പ്രധാന ജാമ്യത്തിനോ, ആദ്യ ജാമ്യത്തിനോ ശരിയായി മുദ്ര പതിച്ചിരിക്കുമ്പോൾ--- | അങ്ങനെയുള്ള ആധാരത്താൽ ഉറപ്പിക്കപ്പെട്ട സംഖ്യയ്ക്കായുള്ള (14-ാം നമ്പർ) കപ്പൽ പണ യാധാരത്തിനുള്ള മുദ്ര വില തന്നെ |
| | 1000 രൂപയിൽ കവിയാതെ ഉറപ്പിയ്ക്കപ്പെട്ട ഏതൊരു സംഖ്യയ്ക്കും | അഞ്ച് രൂപ |
| | 1000 രൂപയിൽ കവിഞ്ഞു ഉറപ്പിയ്ക്കപ്പെട്ട ഏതൊരു 1000 രൂപയ്ക്കോ അതിൻറെ ഭാഗത്തിനോ | അഞ്ച് രൂപ |
| | (ഡി) വായ്പ്പകൾ ലഭിക്കുന്നതിനുവേണ്ടി വാണിജ്യ ബാങ്കുകളുടെ പേർക്ക് ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ | 20000 രൂപ എന്ന പരമാവധിക്ക് വിധേയമായി ലഭിച്ച തുകയുടെ 0.5 ശതമാനം. |
| | 1.2019 ലെ 5 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ കൂട്ടി ചേർത്തത്. | |

| | | |
|---|---|---|
| 37 | **ഒഴിവാക്കൽ - 1**<br>*കാർഷികാവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മുൻകൂർ പണം വാങ്ങുന്ന ആളുകളാകട്ടെ, അവരുടെ ജാമ്യക്കാരാകട്ടെ, ആ പണം മടക്കിക്കൊടുക്കേണ്ടുന്നതിന് ഉറപ്പിലേക്കായി എഴുതി കൊടുക്കുന്ന കരണങ്ങൾ*<br>**ഒഴിവാക്കൽ - 2**<br>*വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ്പകളും വിദ്യാഭ്യാസ വായ്പ്പകളും ലഭിക്കുന്നതിനുവേണ്ടി ഒപ്പിട്ട് പൂർത്തീകരിച്ച പ്രമാണങ്ങൽ.* | |
| 38 | **ഒരു വിളവിന്റെ പണയാധാരം.** (Mortgage of a crop)<br>പണയാധാരം എഴുതിക്കൊടുക്കുന്ന കാലത്ത് വിളവ് നിൽക്കുന്നതായാലും ഇല്ലെങ്കിലും, വിളവ് പണയം കാട്ടി മേടിക്കുന്ന ഒരു കടം വീട്ടുന്ന ഉറപ്പിലേയ്ക്കുള്ള ഒരു ഉടമ്പടി ലക്ഷ്യപ്പെടുത്തുന്ന വല്ല കരണങ്ങളും ഉൾപ്പെടെ – | |
| | (എ) കടം കരണത്തിന്റെ തീയതി മുതൽ മൂന്നുമാസത്തിൽ കവിയാത്ത അവധിയ്ക്കുള്ളിൽ വീട്ടേണ്ടതായി വരുമ്പോൾ -- | |
| | 200 രൂപയിൽ കവിയാതെ ഉറപ്പിക്കപ്പെട്ട ഏതൊരു സംഖ്യയ്ക്കും | അമ്പതു പൈസ |
| | 200 രൂപയ്ക്ക് മീതെ ഉറപ്പിക്കപ്പെട്ട ഏതൊരു 200 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ | അമ്പതു പൈസ |
| | (ബി) കടം കരണത്തിന്റെ തീയതി മുതൽ മൂന്ന് മാസത്തിൽ കവിയുന്നതും എന്നാൽ 18 മാസത്തിൽ കവിയാത്തതുമായ അവധിക്കുള്ളിൽ വീട്ടേണ്ടതായി വരുമ്പോൾ--- | |
| | 100 രൂപയിൽ കവിയാതെ ഉറപ്പിക്കപ്പെട്ട ഏതൊരു സംഖ്യയ്ക്കും | എഴുപത്തിയഞ്ച് പൈസ |
| | 100 രൂപയ്ക്ക് മീതെ ഉറപ്പിക്കപ്പെട്ട ഏതൊരു 100 രൂപയ്ക്കോ അതിൻറെ ഭാഗത്തിനോ | എഴുപത്തിയഞ്ച് പൈസ |
| 39 | **നോട്ടേറിയൽ ആക്റ്റ്.**(Notarial Act)<br>അതായത് നോട്ടറി പബ്ലിക്ക് എന്ന ഉദ്യോഗസ്ഥൻ തന്റെ ഉദ്യോഗം വക പണികൾ നടത്തുന്നതിലാകട്ടെ, ഒരു നോട്ടറി പബ്ലിക്കായി നിയമപ്രകാരം കാര്യം നടത്തുന്ന മറ്റു വല്ല ആളുമാകട്ടെ (45-ാം നമ്പർ) ഒരു നിരോധന ലക്ഷ്യമല്ലാതെ ഏഴുതുകയോ ഒപ്പിടുകയോ ചെയ്യുന്ന വല്ല കരണമോ, പുറത്തെഴുത്തോ, കുറിപ്പോ, സാക്ഷ്യപ്പെടുത്തലോ, സർട്ടിഫിക്കറ്റോ പതിപ്പോ. | നൂറ് രൂപ[1] |

1.2018 ലെ 18-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 13.11.2016 മുതൽ പ്രാബല്യത്തോടെ **"50 രൂപ"** എന്നത് **"100 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 40 | [1]ഒരു മുതലാളിയുടെ ദല്ലാളിനോ അല്ലെങ്കിൽ ഏജന്റോ, അത്തരത്തിലുള്ള മുതലാളിയുടെ പേരിലുള്ള വാങ്ങലോ വിൽപ്പനയോ അറിയിച്ചുകൊണ്ട് ഇലക്ട്രോണിക്കലായോ അല്ലാതെയോ അയയ്ക്കുന്ന കുറിപ്പോ മെമ്മോറാണ്ടമോ— | |
| | (എ) സർക്കാർ സെക്യൂരിറ്റികൾ വിൽക്കുന്നതോ വിലയ്ക്ക് വാങ്ങുന്നതോ സംബന്ധിച്ചാണെങ്കിൽ | അഞ്ഞൂറ് രൂപ എന്ന പരമാവധിക്ക വിധേയമായി സെക്യൂരിറ്റിയുടെ വിലയിൽ ഓരോ കോടി രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും അമ്പതു രൂപ വീതം. |
| | (ബി) മേൽപ്രസ്ഥാവിച്ച (എ) ഇനത്തിൻ കീഴിൽ വരുന്നവ ഒഴികെയുള്ള ചരക്കുകളോ സ്റ്റോക്കോ സെക്യൂരിറ്റികളോ വിലയ്ക്ക് വാങ്ങലോ വിൽക്കലോ സംബന്ധിച്ചാണെങ്കിൽ --- | |
| | (i) കൈമാറ്റം ചെയ്യുന്ന സംഗതിയിൽ | [2]ഓരോ 10000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1 രൂപ വീതം |
| | (ii) കൈമാറ്റം ചെയ്യപ്പെടാത്ത സംഗതിയിൽ . | [2]ഓരോ 50000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1 രൂപ വീതം |
| | (സി) ഫ്യൂച്ചേഴ്സും ഓപ്ഷൻ വ്യാപാരവും സംബന്ധിച്ചാണെങ്കിൽ. | [2]ഓരോ 50000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1 രൂപ വീതം |
| | (ഡി) വ്യാപാരം ചെയ്ത ചരക്കുകളുടെ ഫോർവേഡ് കരാറുകൾ സംബന്ധിച്ചാണെങ്കിൽ | [2]ഓരോ 100000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1 രൂപ വീതം |
| 41 | കപ്പൽ മേധാവിയുടെ പ്രതിഷേധക്കുറിപ്പ് | അഞ്ച് രൂപ |

1.2007 ലെ 15-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

2.2013 ലെ 29-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 23.07.2013 മുതൽ പ്രാബല്യത്തോടെ **"250 രൂപ എന്ന പരമാവധിക്ക് വിധേയമായി "** എന്ന വാക്കുകൾക്ക് പകരം ചെർത്തത്.

| | | |
|---|---|---|
| 42 | [1]ഭാഗപത്രം (Partition) 2(കെ) എന്ന വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള കരണം.<br><br>(എ) ഭാഗം, കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അല്ലെങ്കിൽ അംഗങ്ങളിൽ ചിലർ തമ്മിലോ കുടുംബത്തിലെ മരണമടഞ്ഞ അംഗത്തിന്റെ അനന്തരാവകാശികൾ തമ്മിലോ ആകുന്നിടത്ത്<br><br>(ബി) മറ്റേതെങ്കിലും സംഗതിയിൽ | ഏറ്റവും കുറഞ്ഞത് 1000 രൂപയ്ക്ക് വിധേയമായി ഭൂമിയുടെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായ വിലയും കരണത്തിൽ കാണിച്ചി ട്ടുള്ളഅത്തരം വേർതിരിക്കപ്പെട്ട ഓഹരിയി ലെയോ ഓഹരികളിലെയോ മറ്റു വസ്തുക്ക ളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 10000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ പതിനഞ്ച് രൂപ.<br><br>വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെ യോ ഓഹരികളുടെയോ ന്യായ വിലയോ അല്ലെങ്കിൽ മൂല്യത്തുകയോ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ |
| 42 | [2][വിശദീകരണം **** **** ***** ******]<br>*കുറിപ്പ്:- മുതൽ ഭാഗിച്ചതിനുശേഷമുള്ള ഏറ്റവും വലിയ ഓഹരി (അല്ലെങ്കിൽ തുല്യവിലയുള്ളതും, മറ്റു വല്ല ഓഹരികളെക്കാൾ ചെറിയതല്ലാത്തതുമായ രണ്ടോ, അധികമോ ഓഹരികളുള്ള പക്ഷം ആ വക തുല്യ ഓഹരികളിൽ ഒന്ന്) അതിൽ നിന്ന് മറ്റ ഓഹരികൾ വേർതിരിക്കപ്പെട്ട ഒന്നായി വിചാരിക്കപ്പെടണം, എന്നാൽ എപ്പോഴും :-*<br><br>*(എ) മുതൽ വെവ്വേറെ ഭാഗിക്കാനുള്ള ഒരു ഉടമ്പടി അടങ്ങിയ ഒരു ഭാഗപത്രം എഴുതുകയും, ആ വക ഉടമ്പടിപ്രകാരം ഭാഗം ചെയ്യുകയും, ചെയ്യുമ്പോൾ അങ്ങനെ ഭാഗം ചെയ്യുന്ന പത്രത്തിൻമേൽ ചുമത്തത്തക്കതായ മുദ്രവില ആദ്യത്തെ പത്രത്തിന്റെ കാര്യത്തിൽ അടച്ച മുദ്രവില സംഖ്യകഴിച്ച് ബാക്കിയുള്ളതായിരിക്കണം. എന്നാൽ അത് രണ്ട് രൂപ മുപ്പത് പൈസയിൽ കുറഞ്ഞിരിക്കുകയും അരുത്.* | |

1.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

2. 2018 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ വിശദീകരണം വിട്ടുകളഞ്ഞു. മുൻമ്പ് വിശദീകരണം ചുവടെ പറയും പ്രകാരമായിരുന്നു.

" കുടുംബം " എന്നാൽ, അതതുസംഗതിപോലെ, അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവർ, എന്നർത്ഥമാകുന്നു ".

| | | |
|---|---|---|
| 42 | *(ബി) മുപ്പത് കൊല്ലത്തിൽ കവിയാത്ത ഒരു കാലത്തേയ്ക്കുള്ള റവന്യൂ സെറ്റിൽമെന്റിൽമേലും, പൂർണ്ണമായ കരം കൊടുത്തും ഭൂമി കൈവശം വയ്ക്കുന്ന പക്ഷം, മുദ്രവിലയ്ക്കുള്ള സല കൊല്ലം തോറുമുള്ള കരത്തിന്റെ ഇരുപത്തിയഞ്ച് ഇരട്ടിയായി കണക്കാക്കുകയും വേണം.*<br><br>*(സി) ഭാഗം ചെയ്യാനായി വല്ല റവന്യൂ അധികാരസ്ഥാനോ, അല്ലെങ്കിൽ വല്ല സിവിൽകോടതിയോ പാസ്സാക്കിയ ഒരു അവസാന ഉത്തരവിൽ മേലോ, അല്ലെങ്കിൽ ഒരു മദ്ധ്യസ്ഥൻ ഭാഗം ചെയ്യാൻ നിർദ്ദേശിക്കുന്ന ഒരു തീർപ്പിൻമേലോ ഒരു ഭാഗപത്രത്തിനുവേണ്ട മുദ്രപതിച്ചിരിക്കുകയും, ആ വക ഉത്തരവിനോ തീർപ്പിനോ അനുസരിച്ച് ഒരു ഭാഗപത്രം പിന്നെ എഴുതിക്കൊടുക്കുകയും ചെയ്യുമ്പോൾ ആ പത്രത്തിൻമേലുള്ള മുദ്രവില രണ്ടു രൂപ മുപ്പതു പൈസയിൽ കവിഞ്ഞുപോകുകയും അരുത്.* | |
| 43 | [1] **കൂട്ടുകച്ചവടാധാരം** (Partnership deed)<br>(എ) കൂട്ടുകച്ചവടാധാരം<br><br>(ബി) കൂട്ടുകച്ചവട പിരിവാധാരം | അയ്യായിരം രൂപ[2]<br><br>ആയിരം രൂപ[3] |
| 44 | **മുക്ത്യാർ നാമം** ( Power of Attorney )<br>2(പി) എന്ന വകുപ്പിനാൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള പ്രോക്സി എന്ന മുക്ത്യാർ അല്ലാത്തത്---<br><br>(എ) ഒരു ഒറ്റ ഇടപാടിനെപ്പറ്റി ഒന്നോ, അധികമോ ആധാരങ്ങൾ രജിസ്റ്ററാക്കേണ്ടതിന് മാത്രമോ, ആ വക ഒന്നോ അധികമോ ആധാരങ്ങൾ എഴുതിക്കൊടുത്തത് സമ്മതിക്കാനോ, എഴുതിക്കൊടുക്കുന്നതായാൽ<br><br>(ബി) മുകളിൽ (എ) ഖണ്ഡത്തിൽ പറഞ്ഞ വിഷയമല്ലാത്ത ഒരു ഇടപാടിൽ കാര്യം നടത്തുവാൻ ഒന്നോ അധികമോ ആളുകളെ അധികാരപ്പെടുത്തുമ്പോൾ. | അമ്പത് രൂപ[4]<br><br>നൂറ് രൂപ[5] |

1.1996 ലെ 23-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ പകരം കൂട്ടിച്ചേർത്തത്.

2.2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ **"1000 രൂപ "** എന്നതിന് പകരം ചേർത്തത്.

3.2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ **"250 രൂപ"** എന്നതിന് പകരം ചേർത്തത്.

4.2010 ലെ 10-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ **"25 രൂപ "** എന്നത് **"50 രൂപ "** എന്ന് ഭേദഗതി ചെയ്തു.

5.2010 ലെ 10 -ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ **"50 രൂപ "** എന്നത് **"100 രൂപ "** എന്ന് ഭേദഗതി ചെയ്തു.

| | | |
|---|---|---|
| 44 | (സി) ഒന്നിലധികം ഇടപാടുകളിലോ, സാമാന്യമായോ കൂട്ടായിട്ടും, വെവ്വേറെയായും പ്രവർത്തിപ്പാൻ അഞ്ചിലധികമല്ലാതുള്ള ആളുകളെ അധികാരപ്പെടുത്തുമ്പോൾ | അറുന്നൂറ് രൂപ[1] |
| | (ഡി) അഞ്ചിൽ അധികവും എന്നാൽ പത്തിൽ അധികമല്ലാതെയും ആളുകളെ ഒന്നിലധികം ഇടപാടുകളിലോ, സാമാന്യമായോ കൂട്ടായിട്ടെങ്കിലും, വെവ്വേറെയെങ്കിലും പ്രവർത്തിപ്പാൻ അധികാരപ്പെടുത്തുമ്പോൾ. | ആയിരം രൂപ[2] |
| | (ഇ) പ്രതിഫലത്തിനായും വല്ല സ്ഥാവര വസ്തുവും വിൽക്കാൻ മുക്ത്യാർ നാമക്കാരനെ അധികാരപ്പെടുത്തിയും കൊടുക്കുമ്പോൾ. | തീറാധാരത്തിന് (അതതു സംഗതിപോലെ 21 അഥവാ 22 നമ്പർ) ഭൂമിയുടെ ന്യായവിലയോ പ്രതിഫലത്തുകയോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്മേലുള്ള അതേ മുദ്രവില[3] |
| | (എഫ്) കേരളത്തിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും സ്ഥാവര വസ്തു വിൽക്കുന്നതിനായി ഒരാളുടെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി, അല്ലാതെയുള്ള ഒരാളെ അധികാരപ്പെടുത്തുമ്പോൾ അല്ലെങ്കിൽ അതിൽ നിർമ്മാണങ്ങൾ നടത്തുന്നതിനോ ഏതെങ്കിലും സ്ഥാവര വസ്തു പോഷിപ്പിക്കുന്നതിനോ അല്ലെങ്കിൽ കൈമാറ്റം ചെയ്യുന്നതിനോ വിൽക്കുന്നതിനോ അല്ലെങ്കിൽ കൈമാറ്റം ചെയ്യുന്നതിനോ (ഏതു രീതിയിലായാലും) ഒരു പ്രൊമോട്ടർക്കോ പോഷകനോ, ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും, പ്രാധികാരപ്പെടുത്തലോ അധികാരമോ നൽകുമ്പോൾ. | ഒരു തീറാധാരത്തിന് (അതതു സംഗതിപോലെ 21 അഥവാ 22) ഭൂമിയുടെ ന്യായവിലയോ പ്രതിഫലത്തുകയോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്മേലുള്ളതോ അല്ലെങ്കിൽ നിർദ്ദിഷ്ട നിർമ്മാണത്തിന്റെയോ അങ്ങനെയുള്ള വസ്തുവിന്റെ പോഷിപ്പിക്കലിന്റെയോ ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള മതിപ്പ് ചെലവിന്മേലുള്ളതോ ആയ അതേ മുദ്രവില[4] |
| | [5] (ജി) മറ്റു വല്ല സംഗതിയിലും | അറുന്നൂറ് രൂപ[6] |
| | **വിശദീകരണം** :- *ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ഒരേ കച്ചവടയോഗത്തിലെ ഒന്നിലധികം ആളുകളെ ഒരാളായി കരുതേണ്ടതാകുന്നു.* | |

1.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ "300 രൂപ " എന്നതിന് പകരം ചേർത്തത്.

2.2010 ലെ 10-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ "500 രൂപ " എന്നതിന് പകരം ചേർത്തത്.

3.2010 ലെ 10-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

4.2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 23.07.2013 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

5.2007 ലെ 15-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തോടെ പുനരക്കമിട്ടത്.

6..2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ " അധികാരപ്പെടുത്തപ്പെട്ട ഓരോ ആൾക്കും 300 രൂപ " എന്നതിന് പകരം ചേർത്തത്.

| | | |
|---|---|---|
| 45 | **പ്രതിഷേധ ലക്ഷ്യം/ കുറിപ്പ്** (Protect of bill or note) അതായത് ഒരു നോട്ടറി പബ്ലിക്കോ, ആ സ്ഥാനത്തിൽ നിയമ പ്രകാരം പ്രവർത്തിക്കുന്ന മറ്റാളോ ഒരു മാറ്റപത്രമെങ്കിലും വാഗ്ദത്തപത്രമെങ്കിലും ധിക്കരിച്ച വിവരം സാക്ഷ്യപ്പെടുത്തി എഴുതുന്ന ഏതെങ്കിലും അറിയിപ്പ്— | അഞ്ച് രൂപ |
| 46 | **ഒരു കപ്പൽ മേധാവി ചെയ്യുന്ന പ്രതിഷേധ ലക്ഷ്യം** (Protest by the Master of ship) അതായത്, നഷ്ടങ്ങൽ തീർപ്പാനോ, ചരക്ക് നഷ്ടങ്ങൾ കണക്കാക്കുവാനോ വേണ്ടി കപ്പലിന്റെ യാത്രയിലെ വിവരങ്ങളുടെ വല്ല അറിയിപ്പും, കപ്പൽ വാടകയ്ക്ക് വാങ്ങിയവരോ, ചരക്കു വന്നവരോ, കപ്പലിൽ ചരക്ക് ഏറ്റുകയോ, അതിൽ നിന്ന് ഇറക്കുകയോ, ചെയ്യാത്തതിന് അവർക്കെതിരായി കപ്പൽ മേധാവി എഴുതുന്ന എല്ലാ അറിയിപ്പും ആ അറിയിപ്പു ഒരു നോട്ടറി പബ്ലിക്കോ, ആ സ്ഥാനത്തിൽ നിയമപ്രകാരം പ്രവർത്തിക്കുന്ന മറ്റു ആളോ കയ്യൊപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്യുമ്പോൾ. | അഞ്ച് രൂപ |
| 47 | **പണയം വെച്ച മുതൽ ഒഴിഞ്ഞുകൊടുക്കുന്നതിനുള്ള അർത്ഥപ്പറ്റുചീട്ടിൽ** (RE CONVEYANCE OF MORTGAGED PROPERTY) ----<br>(എ) മുതൽ പണയം വെച്ച പ്രതിഫലം 1000 രൂപയിൽ കവിയാഞ്ഞാൽ<br><br>(ബി) മറ്റ് വല്ല സംഗതിയിലും | അർത്ഥപ്പറ്റു ചീട്ടിൽ കാണിച്ച പ്രതിഫല സംഖ്യയ്ക്കുള്ള (അതതു സംഗതിപോലെ 21ഓ അഥവാ 22 ഓ നമ്പർ) തീറാധാരത്തിനു വേണ്ടുന്ന മുദ്രവില തന്നെ.<br><br>(22-ാം വകുപ്പിൽപ്പറഞ്ഞ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുക്കളുടെ സംഗതി യിൽ ഇരുന്നൂറ് [1 രൂപയും] മറ്റ് പ്രദേശങ്ങളിൽ സ്ഥിതിചെയ്യു ന്ന സ്ഥാവരവസ്തുക്കളുടെ സംഗ തിയിൽ [നൂറ്റിയമ്പത്][2] രൂപയും |

1.1996 ലെ 23-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"150 രൂപ"** എന്നത് **"200 രൂപ"** എന്ന് ഭേദഗതി വരുത്തി.

2.1996 ലെ 23 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 29.07.1996 മുതൽ പ്രാബല്യത്തോടെ **"100 രൂപ"** എന്നത് **"150 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 48 | [1]**ഒഴിമുറി (Release)** അതായത് (24-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ഒരു ഒഴിമുറിയല്ലാത്ത) മറ്റൊരാളിൻമേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വസ്തുവിൻമേൽ ഉള്ള ഒരു അവകാശം ത്യജിച്ചുകൊണ്ടുള്ള ഏതെങ്കിലും കരണം | |
| | (എ) ഒഴിമുറി കുടുംബത്തിലെ ഏതെങ്കിലും ഓരംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയും അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയോ മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയോ പേർക്കാവുമ്പോൾ. | ഏറ്റവും കുറഞ്ഞത് 1000 രൂപയ്ക്ക് വിധേയമായി അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റ് വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച എല്ലാ വസ്തുക്കളുടെയും വിലയോ അവകാശ വാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |
| | [2](ബി) കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, മറ്റ് വായ്പകൾ, എന്നിവയുമായി ബന്ധപ്പെട്ട് വാണിജ്യ ബാങ്കുകൾ ഒപ്പിട്ടു പൂർത്തിയാക്കിയിട്ടുള്ള ഒഴിമുറി ആധാരങ്ങൾ | പരമാവധി 1000 രൂപയ്ക്ക് വിധേയമായി കരണത്തിൽ പ്രതി പാദിക്കുന്ന തുകയുടെ 0.1 ശതമാനം |
| | [3] (സി) മറ്റേതെങ്കിലും സംഗതിയിൽ | അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന് തീറാധാരത്തിനുള്ള അതേ മുദ്രവില (അതതു സംഗതി പോലെ നമ്പർ 21 അഥവാ നമ്പർ 22) |

1.2018 ലെ 5-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

2.2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ നിലവിലുണ്ടായിരുന്ന (ബി) ഖണ്ഡത്തെ (സി) ഖണ്ഡമായി പുനരക്ഷരം നടത്തി കൂട്ടിച്ചേർത്തത്.

3.2019 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തോടെ നിലവിലുണ്ടായിരുന്ന (ബി) ഖണ്ഡത്തെ (സി) ഖണ്ഡമായി പുനരക്ഷരം നടത്തി.

| | | |
|---|---|---|
| 49 | **റസ്പോണ്ടെൻഷ്യാ ബോണ്ട് എന്ന കപ്പൽ ചരക്ക് പണയാധാരം,** അതായത്, കപ്പലിൽ കയറ്റിയതോ, കയറ്റാനുള്ളതോ ആയ ചരക്കിൻ മേൽ കടം ഉറപ്പിക്കുന്നതും, ചരക്ക് എത്തേണ്ട ബന്തരിൽ എത്തുന്നതിന്റെ അവസ്ഥ പോലെ കടം വീട്ടാനുള്ളതും ആയ വല്ല കരണവും. | കട സംഖ്യയ്ക്ക് ഓരോ നൂറ് രൂപായ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച്[1] രൂപ തോതിൽ മുദ്രവില |
| 50 | ജാമ്യക്കച്ചീട്ടോ, പണയാധാരമോ, വല്ല ഉദ്യോഗവും, ശരിയായി നടത്തുന്നതിലേക്കോ, ആ ഉദ്യോഗം മൂലം കൈവശം വരുന്ന പണത്തിനോ മറ്റ മുതലിനോ കണക്ക് പറയുവാനോ, ഉറപ്പിനായി എഴുതിക്കൊടുക്കുന്നതോ അല്ലെങ്കിൽ ഒരു കരാറു പ്രകാരം ക്രമമായി പ്രവർത്തിക്കാൻ ഉറപ്പിനായി ഒരു ജാമ്യക്കാരൻ എഴുതി കൊടുക്കുന്നതോ – | |
| | (എ) ഉറപ്പിക്കപ്പെട്ട സംഖ്യ 1000 രൂപയിൽ കവിഞ്ഞാൽ, | ഉറപ്പിക്കപ്പെട്ട സംഖ്യയ്ക്ക ഓരോ നൂറ് രൂപായ്ക്കും അതിന്റെ ഭാഗത്തിനും അഞ്ചു[2] രൂപ വീതം |
| | (ബി) മറ്റ് വല്ല സംഗതിയിലും. | അഞ്ഞൂറ് രൂപ[3] |
| | **ഒഴിവുകൾ:-**<br>ജാമ്യക്കച്ചീട്ട് (ബോണ്ട്) അല്ലെങ്കിൽ മറ്റ കരണങ്ങൾ ---<br><br>(എ) ധർമ്മാർത്ഥമായുള്ള ഒരു ഔഷധ ശാലയ്ക്കോ, ആശുപത്രിക്കോ, അല്ലെങ്കിൽ പൊതു ഉപയോഗത്തിനുള്ള മറ്റെന്തെങ്കിലും കാര്യത്തിനോ ഉള്ള സ്വകാര്യ സംഭാവനയിൽ നിന്ന് കിട്ടുന്ന പ്രാദേശിക വരുമാനം പ്രതിമാസം ഒരു നിശ്ചിത സംഖ്യയിൽ കുറയാതിരിക്കുന്നതിനു ഉറപ്പ് നൽകേണ്ട ആവശ്യത്തിനായി ഏതെങ്കിലും ആള് എഴുതികൊടുക്കുമ്പോൾ,<br><br>(ബി) കാർഷികാവശ്യങ്ങൾക്ക് ഗവൺമെന്റിൽ നിന്നും മുൻകൂർ വാങ്ങുന്ന ആളുകളാകട്ടെ, അവരുടെ ജാമ്യക്കാരാകട്ടെ ആ മുൻകൂറുകൾ മടക്കി അയ്ക്കേണ്ടുന്ന ഉറപ്പിനായി എഴുതികൊടുക്കുമ്പോൾ,<br><br>(സി) ഒരു ഉദ്യോഗം ശരിയായി നടത്തുവാനോ, ആ ഉദ്യോഗം മൂലം കൈവരുന്ന പണത്തിനെങ്കിലും, മറ്റ മുതലിനെങ്കിലും ശരിയായി കണക്കുപറയുവാനോ ഉറപ്പിനായി ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരോ, അവരുടെ ജാമ്യക്കാരോ എഴുതിക്കൊടുകുമ്പോൾ | |

1.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്ക് മുമ്പ് ഇപ്രകാരമായിരുന്നു, **"ഉറപ്പിക്കപ്പെട്ട കട സംഖ്യയ്ക്കുള്ള (14-*ാം* നമ്പർ) കപ്പൽ പണയാധാരത്തിന് വേണ്ടുന്ന മുദ്രവില തന്നെ".**

2.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തി. ഭേദഗതിക്ക് മുമ്പ് ഇപ്രകാരമായിരുന്നു, **"ഉറപ്പിക്കപ്പെട്ട കട സംഖ്യയ്ക്കുള്ള (14-*ാം* നമ്പർ) കപ്പൽ പണയാധാരത്തിന് വേണ്ടുന്ന മുദ്രവില തന്നെ".**

3.2015 ലെ 11-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2015 മുതൽ പ്രാബല്യത്തോടെ **"നൂറ് രൂപ"**. എന്നതിന് പകരം ചേർത്തത്.

| | | |
|---|---|---|
| 51 | ധനനിശ്ചയാധാരം (Settlement Deed)<br>[[1] (എ. കരണം<br>(സ്ത്രീധനം സംബന്ധിച്ച ആധാരം ഉൾപ്പെടെ)<br>(എ) ധനനിശ്ചയാധാരം കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശി കളുടെയും, ഏതെ ങ്കിലും കുടുംബാംഗത്തിന്റെയോ മരണ മടഞ്ഞ കുടുംബാംഗത്തിന്റെയോ അവ കാശികളുടേയോ പേർക്കാവുമ്പോൾ. | ഏറ്റവും കുറഞ്ഞത് 1000 രൂപയ്ക്ക് വിധേയമായി കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ് വസ്തുക്കളുടെ വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഒരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ |
| | (ബി) മറ്റേതെങ്കിലും സംഗതിയിൽ | കരണത്തിൽ കാണിച്ചിട്ടുള്ള ധനനിശ്ചയം ചെയ്ത വസ്തുക്കളുടെ തുക അല്ലെങ്കിൽ മൂല്യം അല്ലെങ്കിൽ ഭൂമിയുടെ ന്യായവിലയും മറ്റ് വസ്തുക്കളുടെ വിലയും ഇവയിൽ ഏതാണോ കൂടുതൽ അതിന് കപ്പൽ പണയാധാരത്തിനുള്ള അതേ മുദ്രവില (നമ്പർ 14) |
| | **ഒഴിവാക്കൽ**<br>വിവാഹാവസരത്തിൽ മുഹമ്മദീയർ തമ്മിൽ എഴുതിക്കൊടുക്കുന്ന സ്ത്രീധനം സംബന്ധിച്ച ആധാരം.<br>. | ധനനിശ്ചയാധാരത്തിന് ആവശ്യമായ മുദ്രവില ഒരു ധനനിശ്ചയ ഉടമ്പടിയിന്മേൽ പതിച്ചിരിക്കുകയും, ആ ഉടമ്പടി പ്രകാരം അനന്തരം ഒരു ധനനിശ്ചയാധാരം എഴുതികൊടുക്കുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള ആധാരത്തിന്മേലുള്ള മുദ്രവില അഞ്ചു രൂപയിൽ കവിയാൻ പാടുള്ളതല്ല[2] |
| | (ബി) ധനനിശ്ചയാധാരത്തെ റദ്ദാക്കുന്ന ആധാരം. | റദ്ദാക്കുന്ന ആധാരത്തിൽ പറയുമ്പോലെ സംബന്ധപ്പെട്ട മുതലിന്റെ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ സംഖ്യയ്ക്കുള്ള ഒരു (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനു വേണ്ടുന്ന മുദ്രവില തന്നെ എന്നാൽ അത് [അഞ്ഞൂറ് രൂപയിൽ][3] കവിയരുത്. |

1.2018 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

2.2010 ലെ 10 -ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2010 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.

3.2013 ലെ 29-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ പ്രാബല്യത്തോടെ **"നൂറ് രൂപ"**. എന്നതിന് പകരം ചേർത്തത്.

| | | |
|---|---|---|
| 52 | 1956 ലെ കമ്പനി ആക്ട് (1956 ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം കൊടുത്തിട്ടുള്ള ഓഹരി അവകാശപത്രങ്ങൾ കൊണ്ടുവരുന്നവർക്ക് | അവകാശപത്രത്തിൽ പറയുന്ന ഓഹരികളുടെ നാമമാത്ര സംഖ്യയുടെ ഏതൊരു നൂറ് രൂപയ്ക്കോ അഥവാ അതിന്റെ ഭാഗത്തിനോ പത്തു രൂപ വീതം |
| 53 | ഷിപ്പിംഗ് ഓർഡർ (കയറ്റു ശാസനം) ചരക്കുകൾ വല്ല ജലവാഹനത്തിലും കൊണ്ടുപോകുവാനോ കൊണ്ടു പോകുന്നതിനെ സംബന്ധിച്ചോ ഉള്ളത് | ഒരു രൂപ[1] |
| 54 | [2] **പാട്ടം ഒഴിമുറി (Surrender of Lease)**<br>(എ) പാട്ടക്കാലാവധി അവസാനിക്കുന്നതിന് മുമ്പ് പാട്ടം ഒഴിമുറി കൊടുക്കുമ്പോൾ<br><br>(ബി) മറ്റേതെങ്കിലും സംഗതിയിൽ | <br>ആയിരം രൂപ<br><br>അഞ്ഞൂറ് രൂപ |

1.1988 ലെ14-ാംനമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ പ്രാബല്യത്തോടെ **"30 പൈസ"**. എന്നത് **"ഒരു രൂപ "**. എന്ന് ഭേദഗതി വരുത്തി.

3.2018 ലെ 5-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തോടെ പ്രാബല്യത്തോടെ പകരം ചേർത്തത്.

| | | |
|---|---|---|
| 55 | **കൈമാറ്റം(Transfer)** (പ്രതിഫലത്തോടുകൂടിയോ, കൂടാതെയോ ആയാലും വേണ്ടതില്ല) | |
| | (എ) വിൽക്കാത്തക്ക ഉറപ്പുപത്രങ്ങളായ ഡിബഞ്ചർ കടപ്പത്രങ്ങളുടെ— ഡിബഞ്ചർ, മുദ്രപതിക്കപ്പെടേണ്ടതോ അല്ലാത്തതോ ആയാലും വേണ്ടതില്ല – | ഡിബഞ്ചറിന്റെ മുഖവിലയുടെ ഏതൊരു [നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അമ്പത് പൈസ വീതം] [1] |
| | (ബി) ഡിബഞ്ചർ സ്റ്റോക്കുകളുടെ | ഡിബഞ്ചർ സ്റ്റോക്കിന്റെ മുഖവിലയുടെ ഏതൊരു നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ വീതം |
| | (സി) ഒരു കടപ്പത്രത്തിനാലോ, പണയാധാരത്താലോ രക്ഷാഭോഗ ഉടമ്പടിയാലോ ഉറപ്പിക്കപ്പെട്ട വല്ല അവകാശത്തിന്റെയും--- | |
| | (i) ആ കടപ്പത്രത്തിനോ, പണയാധാരത്തിനോ ഉടമ്പടിക്കോ വേണ്ടുന്ന മുദ്രവില [2] [50 രൂപയിൽ] കവിയാത്ത പക്ഷം. | ആ കടപ്പത്രത്തിനോ, പണയാധാരത്തിനോ രക്ഷാഭോഗ ഉടമ്പടിക്കോചുമത്തേണ്ടുന്ന മുദ്രവില |
| | (ii) മറ്റേതൊരു സംഗതിയിലും | [50 രൂപ][2] |
| | (ഡി) 1963 ലെ അഡ്മിനിസ്ട്രേറ്റേഴ്സ് ജനറൽ ആക്ട് (1963 ലെ 45-ാം കേന്ദ്ര ആക്ട്) 22-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും സ്വത്തിന്റെ | നാൽപ്പത് രൂപ |
| | (ഇ) പ്രതിഫലം കൂടാതെ ഒരു ട്രസ്റ്റിൽ നിന്ന് മറ്റൊരു ട്രസ്റ്റിക്കോ, ഒരു ട്രസ്റ്റിയിൽ നിന്ന് ഒരു ഫലാനുഭോക്താവിനോ ട്രസ്റ്റ് വക വല്ല മുതലിന്റെയും | [50 രൂപയോ][3] അഥവ ഈ വകുപ്പിന്റെ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരം ചുമത്താവുന്ന അതിൽ ചെറിയ തുകയോ |
| | *ഒഴിവുകൾ*<br>*(എ) ഒരു മാറ്റപത്രത്തിന്റെയോ, ചെക്കിന്റെയോ, വാഗ്ദാന പത്രത്തിന്റെയോ,,*<br>*(ബി) ഒരു കേവ്വ പത്രത്തിന്റെയോ, ചരക്ക് ഏൽപ്പിക്കാനുള്ള ഉത്തരവിന്റെയോ, ചരക്കവകാശ പത്രത്തിന്റെയോ കച്ചവടം വക മറ്റ ചരക്കവകാശ ലക്ഷ്യത്തിന്റെയോ;*<br>*(സി) ഒരു രക്ഷാഭോഗ ഉടമ്പടിയുടെ,*<br>*(ഡി) കേന്ദ്ര ഗവൺമെന്റിന്റെ ഉറപ്പുപത്രങ്ങളുടെ* | |

1.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"ഡിബഞ്ചറിന്റെ മുഖവിലയുടെ ഏതൊരു നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ വീതം"** എന്നത് **"ഡിബഞ്ചറിന്റെ മുഖവിലയുടെ ഏതൊരു നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അമ്പത് പൈസ വീതം"** എന്ന് ഭേദഗതി വരുത്തി.

2. 1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"25 രൂപ"** എന്നത് **"50 രൂപ"** എന്ന് ഭേദഗതി വരുത്തി.

3.1988 ലെ 14-ാം നമ്പർ ഫിനാൻസ് ആക്ട് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ **"25 രൂപ"** എന്നത് **"50 രൂപ"** എന്ന് ഭേദഗതി വരുത്തി.

| | | |
|---|---|---|
| 56 | **പാട്ടച്ചാർത്തിന്റെ കൈമാറ്റം**(Transfer Lease), തീറായിട്ട്, കീഴ്പാട്ടച്ചാർത്തായിട്ടല്ലാതെ: | ആകെ മാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിനുള്ള (അതത് സംഗതിപോലെ 21-ാം നമ്പർ അഥവാ 22-ാം നമ്പർ) തീറാധാരത്തിനു വേണ്ടുന്ന മുദ്രവില തന്നെ. |
| 57 | ട്രസ്റ്റ് (Trust)<br>(എ) ഒരു മരണശാസനമല്ലാത്ത വല്ല രേഖയാലും വല്ല മുതലിനെയും പറ്റിയോ സംബന്ധിച്ചോ ചെയ്യുന്ന ശാസനം.<br><br>(ബി) ഒരു മരണശാസനമല്ലാത്ത വല്ല കരണത്താലും വല്ല മുതലിനെയും പറ്റിയോ സംബന്ധിച്ചോ ചെയ്യുന്ന റദ്ദാക്കൽ. | അതത് സംഗതിപോലെ 21-ാം നമ്പർ അഥവാ 22-ാം നമ്പർ തീറാധാരത്തിനു വേണ്ടു ന്ന മുദ്രവില തന്നെ.<br><br>അതത് സംഗതിപോലെ 21-ാം നമ്പർ അഥവാ 22-ാം നമ്പർ തീറാധാരത്തിനു വേണ്ടു ന്ന മുദ്രവില തന്നെ. [1] |
| 58 | ചരക്കവകാശ ലക്ഷ്യം അതായത് വല്ല കപ്പൽ തുറയിലോ, ചരക്കുപുരയിലോ, ഏറ്റിറക്ക് സ്ഥലത്തോ കിടക്കുന്ന വല്ല ചരക്കുകളിലേയും മുതലിന് പത്രത്തിൽ പറയുന്ന വല്ല ആളുകളുടെയോ അയാളുടെ തീറുകാരുടെയോ പത്രം കൈവശം വയ്ക്കുന്ന ആളുടെയോ അവകാശം ലക്ഷ്യപ്പെടുത്തുന്ന വല്ല കരണവും, ആ കരണം ആ ചരക്കുകൾ ആരുടെ അധീനതയിലാണോ ആയാളാകട്ടെ അയാളുടെ പേർക്കാകട്ടെ കയ്യൊപ്പിട്ടോ, സാക്ഷയപ്പെടുത്തിയോ ഇരുന്നാൽ: | ഒരു രൂപ അമ്പതു പൈസ |

1.1988 ലെ 14 -ാം നമ്പർ ഫിനാൻസ് ആക്റ്റ് പ്രകാരം 24.02.1988 മുതൽ പ്രാബല്യത്തോടെ പകരം ചേർത്തത്.